VEDAPRACHARA
MADHYASTHAN
വാല്യം 98
ലക്കം 02
2025 ഓഗസ്റ്റ്

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

2025 ഓഗസ്റ്റ്

ഓഗസ്റ്റ് 21നു മെത്രാഭിഷേകത്തിന്റെ
രജത ജൂബിലി പൂർത്തിയാക്കുന്ന
**അഭി. മാർ ജോർജ് കോച്ചേരിപ്പിതാവിന്**
അതിരൂപതാകുടുംബത്തിന്റെ
പ്രാർഥനാശംസകൾ





‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 98 ● ലക്കം 02 ● ഓഗസ്റ്റ് 2025

വേദപ്രചാര
**മദ്ധ്യസ്ഥൻ**
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം

# ഉള്ളടക്കം


സർക്കുലർ (തടവറപ്രേഷിതഞായർ 2025): കെ.സി.ബി.സി.......... 05
സർക്കുലർ (കർഷകദിനം 2025): കെ.സി.ബി.സി...........................10
സർക്കുലർ (ജസ്റ്റിസ് സൺഡേ 2025): കെ.സി.ബി.സി................ 15
കച്ചേരിക്കാര്യം.................................................................... 19
ജൂബിലി വർഷ സമാപനഘട്ടം: കർമപരിപാടികൾ ......................20
റിപ്പോർട്ട്: പാസ്റ്ററൽ കൗൺസിൽ ..............................................22
സന്ദേശനിലയം.......................................................................25
ചെറുപുഷ്പ മിഷൻ ലീഗ് ......................................................30
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ..................... 33
ഫാമിലി അപ്പോസ്തലേറ്റ്.........................................................35
യുവദീപ്തി - എസ്.എം.വൈ.എം. ............................................ 38
സീയോൻ ധ്യാനകേന്ദ്രം ........................................................... 41
ചാസ്സ്.....................................................................................42
ചാസ്സ് - ഖാദി .........................................................................47
ജീവകാരുണ്യനിധി ട്രസ്റ്റ്..........................................................48
ആതുരശുശ്രൂഷാമേഖല...........................................................49
പ്രവാസി അപ്പോസ്തലേറ്റ് .......................................................52
കത്തോലിക്കാ കോൺഗ്രസ്......................................................53
കേരള ലേബർ മൂവുമെന്റ് .......................................................56
ദളിത് കത്തോലിക്കാ മഹാജനസഭ............................................58
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ .......................................59
വിൻസെൻഷ്യൻ വേദി..............................................................60
കരിസ്മാറ്റിക് നവീകരണം........................................................ 62
ആത്മതാകേന്ദ്രം .....................................................................64
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി............................................ 65
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ..........................72



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**

No: 4120/K-5/KCBC/OL/DS 16.07.2025

# തടവറപ്രേഷിതഞായർ 2025 (ഓഗസ്റ്റ് 10)

**കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡിവലപ്പുമെന്റ് കമ്മിഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

# 'വീണുപോയ മനുഷ്യർക്കു പ്രാർഥനയുടെ ചിറകിൽ പറന്നുയരാം'

മ്ശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു രക്ഷിക്കാൻ വന്ന ഈശോയുടെ *(ലൂക്കാ 19:10)* കൃപയും കരുണയും സമാധാനവും നിങ്ങൾക്കുണ്ടാകട്ടെ. കത്തോലിക്കാസഭ തടവറപ്രേഷിതഞായർ ആചരിക്കുന്ന ഈ അവസര ത്തിൽ ഇതിന്റെ ആപ്തവാക്യമായ ''വീണുപോയ മനുഷ്യർക്കു പ്രാർഥന യുടെ ചിറകിൽ പറന്നുയരാം'' എന്നതു ദൈവകൃപയാലും തിരുസഭ യുടെ കരുണാർദ്രമായ പിൻബലത്താലും എപ്പോഴും നവീകരണം സാധ്യ മാണെന്ന കാര്യം നമ്മെ ഓർമിപ്പിക്കുന്നു. മാപ്പേകാൻ വിസമ്മതിക്കു കയും അതേസമയം കുറ്റം വിധിക്കാൻ ധൃതി കൂട്ടുകയും ചെയ്യുന്ന ഇന്നത്തെ ലോകത്തു മറ്റൊരു വലിയസത്യത്തിലേക്കു സുവിശേഷം നമ്മെ ക്ഷണിക്കുന്നു: ഓരോ മനുഷ്യവ്യക്തിയും, എത്രവലിയ താഴ്ചയിലേക്കു വീണാലും ദൈവത്തിന്റെ മുമ്പിൽ വിലമതിക്കപ്പെട്ടവനും നമ്മുടെ പ്രാർഥനവഴി അവിടുത്തെ കരുണ ലഭിച്ചു രൂപാന്തരപ്പെടാൻ സാധ്യത യുള്ളവനുമാണ്. ദൈവത്തിനു വീണ്ടെടുക്കാൻ കഴിയാത്തവരായി ആരുമില്ല.

## വീണ്ടെടുപ്പിനായുള്ള വിളി

വീണുപോയവരോടുള്ള ദൈവത്തിന്റെ അചഞ്ചലമായ സ്നേഹം വിശുദ്ധലിഖിതത്തിന്റെ ആരംഭം മുതൽ നാം കാണുന്നു. ആദവും ഹവ്വയും വീണുപോയെങ്കിൽപ്പോലും ഉപേക്ഷിക്കപ്പെട്ടില്ല. ദാവീദ് രാജാവു വലിയ പാപത്തിൽ വീണുപോയിരുന്നെങ്കിലും അനുതപിക്കുകയും ദൈവത്തിന്റെ ഹൃദയത്തിനുചേർന്ന വ്യക്തിയായി മാറുകയും ചെയ്തു. ഒരിക്കൽ തിരു

സഭയെ പീഡിപ്പിച്ചിരുന്ന പൗലോസ് ജനതകളുടെ ശ്ലീഹായായി മാറി. ധൂർത്തപുത്രനു മാപ്പു ലഭിച്ചെന്നു മാത്രമല്ല, അവന്റെ തിരിച്ചുവരവ് ആഘോഷിക്കപ്പെടുകയും ചെയ്തു. ഇവയെല്ലാം കേവലം ഭൂതകാലകഥകളല്ല. വിശ്വാസവും അനുതാപവുമുള്ളപ്പോൾ ഒരു വീഴ്ചയും അതിൽ തന്നെ അന്ത്യമല്ല; മറിച്ച്, തിരിച്ചുവരവിലേക്കും ഉയിർപ്പിലേക്കുമുള്ള സാധ്യതയാണ്. എസെക്കിയേൽ നിവ്യാവഴി ദൈവം പറയുന്നതുപോലെ: *'ദുഷ്ടൻ മരിക്കുന്നതിലല്ല, അവൻ ദുഷ്ടമാർഗത്തിൽനിന്നു പിന്തിരിഞ്ഞു ജീവിക്കുന്നതിലാണ് എനിക്കു സന്തോഷം' (33:11).*

## മ്ശിഹാ: കരുണാമയനും വീണ്ടെടുക്കുന്നവനും

ഈശോ തന്റെ പരസ്യജീവിതത്തിൽ എല്ലാവരെയും തന്നോടു ചേർത്തുപിടിച്ചു. അനുതപിച്ച കള്ളനു മാപ്പു നൽകികൊണ്ട് അവിടുന്നു പറഞ്ഞു: *നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും (ലൂക്കാ 23:43).* അവിടുന്നു ചുങ്കക്കാരോടൊത്തു വിരുന്നിനിരുന്നു, വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവർക്കു മാപ്പു കൊടുത്തു, നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി. നഷ്ടപ്പെട്ട നാണയത്തിന്റെയും ആടിന്റെയും പുത്രന്റെയും ഉപമകളിലൂടെ അവിടുന്നു പിതാവിന്റെ ഹൃദയം വെളിപ്പെടുത്തി: *മാനസാന്തരം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ച് എന്നതിനെക്കാൾ, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ചു സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും (ലൂക്കാ 15:7)* എന്ന് അവിടുന്നു പ്രസ്താവിച്ചു. മ്ശിഹായുടെ ദൗത്യം, അന്നും ഇന്നും എന്നും നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി രക്ഷപ്പെടുത്തുകയെന്നതാണ് *(ലൂക്കാ 19:10).*

## തിരുസഭ: വീണുപോകുന്നവരുടെ മാതാവ്

മ്ശിഹായുടെ ശരീരമെന്നനിലയ്ക്ക് അവന്റെതന്നെ കരുണയുടെ ദൗത്യമാണു തിരുസഭയെ ഭരമേല്പിച്ചിരിക്കുന്നത്. ആരെയും കുറ്റം വിധിക്കാനല്ല അവൾ നിലകൊള്ളുന്നത്; മറിച്ച്, സ്വാഗതം ചെയ്യാനും സുഖപ്പെടുത്താനും സമൂഹത്തിൽ തിരസ്കൃതരും വീണുപോയവരുമായവരെ പുനരുജ്ജീവിപ്പിക്കാനുമാണ്. അനുരഞ്ജനകൂദാശവഴി ആത്മാക്കൾ നവീകരിക്കപ്പെടുന്നു. പരിശുദ്ധ കുർബാനസ്വീകരണംവഴി മുറിവേല്പിക്കപ്പെട്ട ജീവിതങ്ങൾ ബലപ്പെടുത്തപ്പെടുന്നു. തിരുസഭ ക്ഷണിക്കപ്പെട്ടിരിക്കുന്നതു മാപ്പും മോചനവും നൽകാൻവേണ്ടി മാത്രമല്ല, അതോടൊപ്പം സുഖപ്പെടുത്താനും അനുഗമനം ചെയ്യാനുംവേണ്ടിയാണ്. ഒരമ്മയെപ്പോലെ അവൾ പരിചരിക്കുകയും ആശ്വസിപ്പിക്കുകയും പ്രത്യാശ പകരുകയും ചെയ്യുന്നു; അത് അഴികൾക്കുള്ളിലുള്ള ആളുകൾക്കുവേണ്ടിയും തിരുസഭ ചെയ്യുന്നതു

*പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല* എന്ന് ഏശയ്യാ നിവ്യാ വഴി അരുൾ ചെയ്യപ്പെട്ട വചനത്തിന്റെ ചൈതന്യത്തിലാണ് *(ഏശ. 49:15).*

## പ്രിസൺ മിനിസ്ട്രി ഇൻഡ്യ: സുവിശേഷം പ്രവർത്തനപന്ഥാവിൽ

1981 ഡിസംബർ എട്ടിനു വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനരിയിൽ രണ്ടു വൈദികാർഥികളാൽ ആരംഭിച്ച പ്രിസൺ മിനിസ്ട്രി ഇൻഡ്യ (പി.എം.ഐ.) നമ്മുടെ നാട്ടിൽ ദൈവകരുണയുടെ ദീപനാളമാണ്. പ്രിസൺ മിനിസ്ട്രി ഇൻഡ്യയുടെ സന്നദ്ധപ്രവർത്തകർ തടവറകളിൽ പ്രവേശിക്കുന്നത് ആരെയും വിധിച്ചുകൊണ്ടല്ല, മറിച്ച് അനുകമ്പയോടെയാണ്. അവർ അവിടത്തെ അന്തേവാസികളോടൊത്തു പ്രാർഥിക്കുകയും അവർക്കു കൗൺസെലിങ് നൽകുകയും അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും നിയമസഹായം നൽകുകയും ചെയ്യുന്നു. മാത്രമല്ല, അവർ ജയിൽമോചിതരായശേഷം അവർക്കാവശ്യമായ അനുഗമനം നൽകി പുനഃരധിവസിപ്പിക്കാൻ ശ്രമിക്കുന്നു. ശിക്ഷ കഴിഞ്ഞു പുറത്തിറങ്ങുമ്പോൾ എങ്ങോട്ടുപോകണമെന്ന് അറിയാത്തവരെ പി.എം.ഐ. പുനഃരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിക്കുകയും അവർക്കു ജോലി സാധ്യതകൾ ഒരുക്കുകയും മുറിവേറ്റ ജീവിതങ്ങളെ സുഖപ്പെടുത്തുകയും ചെയ്യുന്നു. *ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെ അടുത്തു വന്നു (മത്താ. 25:36)* എന്ന തിരുവചനം അപ്രകാരം അന്വർഥമാക്കുന്നു.

## പ്രാർഥനയുടെ ചിറകുകളിൽ

തടവുകാരെ പുനഃരധിവസിപ്പിക്കുന്ന പ്രക്രിയയിൽ പ്രാർഥനയും ഉപവാസവും അടിസ്ഥാനഘടകങ്ങളാണ്. പ്രാർഥനവഴിയാണു ഹൃദയങ്ങൾ മൃദുലമാക്കപ്പെടുന്നതും മനസാക്ഷി ഉണർത്തപ്പെടുന്നതും കൃപ സ്വീകരിക്കപ്പെടുന്നതും. ബംഗളുരുവിലുള്ള നാഷണൽ ഓഫീസിനോടു ചേർന്നു പി.എം.ഐ.യുടെ ഒരു പ്രാർഥനാഗോപുരമുണ്ട്; ലോകം മുഴുവനുമുള്ള തടവുകാർക്കായി പരിശുദ്ധ കുർബാനയുടെ സവിധേ അവിടെ സന്നദ്ധപ്രവർത്തകർ നിരന്തരം മാധ്യസ്ഥ്യപ്രാർഥന നടത്തുന്നു. ഈ അഖണ്ഡമാധ്യസ്ഥ്യപ്രാർഥനയിൽ ഓൺലൈനായോ ആത്മീയമായോ പങ്കുചേരാൻ നിങ്ങളെ സ്നേഹപൂർവം ക്ഷണിക്കുന്നു. അഖണ്ഡമായ ഉപവാസം, പരിശുദ്ധ കുർബാന, ജപമാല, കരുണക്കൊന്ത എന്നിവ പി.എം.ഐ. സംഘടിപ്പിക്കുന്നുണ്ട്. നിങ്ങളുടെ നിത്യേനയുള്ള പ്രാർഥനയും ആധ്യാത്മികശുശ്രൂഷകളും തടവുകാരെ, ഏറെ പ്രത്യേകിച്ചു ഭീകരപ്രവർത്തകർ, മനുഷ്യക്കടത്തുകാർ എന്നിവരെ കൃപയിലേക്ക് ഉയർത്തുന്ന യഥാർഥചിറകുകളായി പരിണമിക്കും.

## തടവറശുശ്രൂഷവഴിയുള്ള രൂപാന്തരം

ഒരുകാലത്തു നിരന്തരം കളവു ചെയ്തുകൊണ്ടിരുന്ന രാജേഷിന്റെ (പേരു സാങ്കൽപ്പികം) കഥ നിങ്ങളോടു പങ്കുവെക്കാം. കുടുംബവും സമൂഹവും തിരസ്കരിച്ച അയാളെ തടവറശുശ്രൂഷയുടെ സന്നദ്ധപ്രവർത്തകർ ജയിലിൽ കണ്ടുമുട്ടി. പ്രാർഥനയും വചനവായനയും ശുശ്രൂഷകരുടെ പിൻബലവും വഴിയായി അയാൾക്ക് ആഴത്തിലുള്ള മാനസാന്തരാനുഭവമുണ്ടായി. ജയിൽ മോചനത്തിനുശേഷം തൊഴിൽ കണ്ടെത്താനും തന്റെ അമ്മയുമായി രമ്യതപ്പെടാനും പുതിയൊരു ജീവിതശൈലി സ്വീകരിക്കാനും പി.എം.ഐ. അയാളെ സഹായിച്ചു. ഇന്ന് അയാൾ ഒരു നല്ല പിതാവാണ്; ഇടവകയിലെ സന്നദ്ധപ്രവർത്തകനും ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിന്റെ സജീവസാക്ഷിയുമായി പ്രശോഭിക്കുന്നു.

## ഇൻഡ്യയിലെ സഭയുടെ വിളി

നമ്മുടെ ഇടവകകൾ, സന്യാസസമൂഹങ്ങൾ, പ്രാർഥനാക്കൂട്ടായ്മകൾ, കുടുംബങ്ങൾ എന്നിവ തടവറകളിലായിരിക്കുന്നവർക്കായി ദൈനംദിനം പ്രാർഥിക്കണം. പ്രത്യേകിച്ചു മാധ്യസ്ഥ്യപ്രാർഥനയും ജപമാല വഴിയായുമുള്ള പിൻബലം അനിവാര്യമാണ്. പ്രാർഥന, സംഭാവന, സന്നദ്ധപ്രവർത്തനം, പങ്കുവെക്കൽ എന്നിവയിലൂടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്താൻ കഴിയും. ഒരുകാലത്തു തടവറയിലായിരുന്നവരെ നമ്മുടെ കൂട്ടായ്മയിലേക്കു സ്വാഗതം ചെയ്യാനും അവരുടെ മാഹാത്മ്യം അംഗീകരിക്കാനും അവരോട് അനുകമ്പയോടെ പെരുമാറാനും നാം തയ്യാറാകണം. തടവറയിലായിരിക്കുന്നവരുടെ കുടുംബങ്ങൾക്കു സഹായമെത്തിച്ചുകൊടുക്കാൻ നമ്മൾ ശ്രമിക്കണം. കാരണം, അവരെല്ലാവരും മ്ശിഹായിൽ നമ്മുടെ സഹോദരീസഹോദരന്മാരാണ്.

തടവറപ്രേഷിതഞായറാചരണം വിസ്മരിക്കപ്പെട്ടവരെ ശുശ്രൂഷിക്കാനും ശബ്ദമില്ലാത്തവരുടെ അഭിഭാഷകരാകാനും അഴികൾക്കുള്ളിലെ മനുഷ്യരോടു സദ്‌വാർത്ത അറിയിക്കാനും നമ്മെ കൂടുതൽ ധൈര്യപ്പെടുത്തട്ടെ. വിധി പറയുന്ന ഒരു കോടതിമുറിയല്ല തിരുസഭ, മറിച്ചു സുഖപ്പെടുത്തുന്ന ഒരു ആതുരാലയമാണ്. *ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത് (യോഹ. 8:11)* എന്ന ഈശോയുടെ വചനം നമുക്ക് ഓർമിക്കാം.

## കൃതജ്ഞതയും ആശംസകളും

സഹോദരമെത്രാന്മാരോടു ചേർന്നുനിന്നുകൊണ്ടു രൂപതകൾക്കും സന്യാസസഭാമേലധികാരികൾക്കും ഉപകാരികൾക്കും നിങ്ങളുടെ പ്രാർഥ

നയ്ക്കും ഉദാരമായ പിന്തുണയും അനുസ്മരിച്ചുകൊണ്ടു നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും നിങ്ങളുടെ നിർലോപമായ സഹകരണം അഭ്യർഥിക്കുന്നു. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന ഈശോ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. തടവറപ്രേഷിതശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ പ്രവർത്തകരുടെ ദൗത്യം വളരെയേറെ ഞങ്ങൾ വിലമതിക്കുന്നു; തടവറയിലായിരുന്നവരെ പുനഃരധിവസിപ്പിക്കുകയെന്നതാണ് ഏറ്റവും വെല്ലുവിളിനിറഞ്ഞ, ശ്രമകരമായ പ്രവൃത്തി. പ്രിസൺ മിനിസ്ട്രിയുടെ സ്വർഗീയ മധ്യസ്ഥരായ വി. മാക്സിമില്യൻ കോൾബേ, ധന്യൻ ഫ്രാൻസിസ് സേവ്യർ വാൻ തൂവാൻ എന്നിവരുടെ പ്രാർഥനകൾ നമുക്കു യാചിക്കാം. പരിശുദ്ധ കന്യകാമറിയം എപ്പോഴും നമ്മെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യട്ടെ!

പൈതൃകാശിസുകളോടെ,

**ബിഷപ് ജോസ് പുളിക്കൽ**
*(ചെയർമാൻ)*
*(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി ഇൻഡ്യ)*

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
**ആർച്ചുബിഷപ് തോമസ് ജെ. നെറ്റോ**
*(വൈസ് ചെയർമെൻ)*

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682025

---

**NB:** ***2025 ഓഗസ്റ്റ് 10 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

Ref: 4124/K-35/KCBC/OL/DS 23.07.2025

# കർഷകദിനം 2025 (ഓഗസ്റ്റ് 17)

## കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മ്ശിഹായിൽ പ്രിയ വൈദികരേ, സന്യാസിനികളേ, മാതാപിതാക്കളേ, യുവജനങ്ങളേ, കുഞ്ഞുങ്ങളേ

സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കർഷകർ കടന്നുപോകുകയും നാടിറങ്ങുന്ന വന്യജീവികളാൽ നൂറുകണക്കിനാളുകൾ കൊല്ലപ്പെടുകയും അപരിഷ്കൃതനാടുകൾക്കു സമാനം കേരളത്തിന്റെ വഴിയോരങ്ങളിൽ ജനങ്ങളുടെ സൈ്വര്യവിഹാരത്തെ അപകടത്തിലാക്കുംവിധം തെരുവുനായ്ക്കൾ പെരുകുകയും ചെയ്യുന്ന ഗുരുതരമായ സാമൂഹിക പ്രതിസന്ധികൾക്കു നടുവിലാണു കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്.

അന്നം തരുന്നവന്റെ സങ്കടങ്ങൾ സർക്കാരുകൾ തുടർച്ചയായി അവഗണിക്കുമ്പോൾ അവരുടെ ബുദ്ധിമുട്ടുകളിലേക്കു വിശ്വാസസമൂഹത്തിന്റെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധ ക്ഷണിക്കുകയാണ് ഈ സർക്കുലറിന്റെ ലക്ഷ്യം. കേരളത്തിന്റെ കാർഷികപാരമ്പര്യത്തിന്റെ ഉത്സവനാളുകൾ കൂടിയായ ഈ ഓണക്കാലത്തു കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും നമ്മുടെ കുടുംബങ്ങളെ ബലപ്പെടുത്തിയിരുന്ന കാർഷികസംസ്കാരത്തെ അനുസ്മരിക്കാനുമായി ഓഗസ്റ്റ് 17 ഞായറാഴ്ച നമുക്കു മാറ്റിവെക്കാം.

### കാർഷികവൃത്തിയും സംസ്കാരവും

കാർഷികവൃത്തിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ലോകത്തിലെ എല്ലാ സംസ്കാരങ്ങളും വളർന്നുവന്നതു കൃഷിയിൽനിന്നാണെന്നു നാം മനസിലാക്കണം. കൃഷിക്കുവേണ്ടിയാണു നദീതടങ്ങളുടെ സമീപം മനുഷ്യർ താമസിച്ചിരുന്നത്. അങ്ങനെയാണു സിന്ധുനദീതടസംസ്കാരം പോലെയുള്ള മഹത്തായ ലോകസംസ്കാരങ്ങൾ ആവിർഭവിച്ചത്. കേരളത്തെക്കുറിച്ചു പറയുമ്പോൾ മലയാളിയുടെ നന്മനിറഞ്ഞ സംസ്കാരത്തെ രൂപപ്പെടുത്തിയതിൽ പ്രധാനപങ്കുവഹിച്ചതു കൃഷിയായിരുന്നെന്നു പറയേണ്ടിവരും.

നെല്ലും വയലും പച്ചക്കറിത്തോട്ടങ്ങളും എല്ലാംകൂടി നമ്മുടെ ചുറ്റുപാടുകളിൽ സൃഷ്ടിച്ച ഒരു സംസ്കാരമുണ്ടായിരുന്നു. വാടിപ്പോയ ചെടികളെ വെള്ളവും വളവുമേകി ഊർജസ്വലരാക്കിയെടുക്കുന്ന കർഷകൻ

സ്കൂൾ അധ്യാപകനെക്കാൾ വലിയജീവിതമൂല്യങ്ങളായിരുന്നു പഠിപ്പിച്ചുകൊണ്ടിരുന്നത്. കാത്തിരിപ്പിന്റെയും ക്ഷമയുടെയും കൂട്ടിച്ചേർത്തുനിർത്തലിന്റെയും പ്രോത്സാഹനത്തിന്റെയും ദയയുടെയുമൊക്കെ വലിയ സുവിശേഷപാഠങ്ങളായിരുന്നു അവ. കുട്ടികളെ കൂടെനിർത്തി നടുകയും വളമിടുകയും അയൽപക്കക്കാരോടൊത്തു വിളവെടുക്കുകയും ചെയ്തിരുന്ന പഴയകാലമാതാപിതാക്കൾ പകർന്നുകൊടുത്തിരുന്ന ഉദാത്തമായ മൂല്യങ്ങളിലാണു നമ്മുടെ നാടു നന്മയുള്ള നാടായി നിലനിന്നിരുന്നത്.

**ഈശോയുടെ മനസിലെ കൃഷിക്കാരൻ**

നമ്മുടെ കർത്താവു ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കാൻ മെനഞ്ഞെടുത്ത ഉപമകളിൽ ഏറിയപങ്കും കൃഷിയോടും കൃഷിക്കാരോടും ബന്ധപ്പെടുത്തിയുള്ളതായിരുന്നുന്നെന്നു നാം മറന്നുകൂടാ. തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ കൃഷിക്കാരായിരുന്നു. മുന്തിരികൃഷിയും മീൻപിടുത്തവും ആടുമേയ്ക്കലും ഗോതമ്പുകൃഷിയുമൊക്കെ അവരുടെ പ്രധാന ഉപജീവനമാർഗങ്ങളായിരുന്നു. ആയതിനാൽ അവരുടെ കൃഷിയിടങ്ങളിൽനിന്ന് ഈശോമ്ശിഹാ ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ മെനഞ്ഞു.

ദൈവരാജ്യം വയലിൽ വിതയ്ക്കപ്പെട്ട വിത്തിനു തുല്യമാണെന്നു പറഞ്ഞപ്പോഴും ദൈവരാജ്യം മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർക്കു സമാനമാണെന്നു പറഞ്ഞപ്പോഴുമൊക്കെ അവിടുന്നു കർഷകന്റെ പ്രാധാന്യത്തെക്കുറിച്ചു പഠിപ്പിക്കുകയായിരുന്നു. പിന്നീട് അവിടുന്നു നല്ലിടയന്റെ ഉപമ പറഞ്ഞു; കടുകുമണിയുടെ ഉപമ പറഞ്ഞു; കടലിൽ എറിയപ്പെട്ട വലയുടെ ഉപമ പറഞ്ഞു. അങ്ങനെ എത്രയോ ഉപമകളാണു കർഷകബന്ധിയായി അവിടുന്നു പറഞ്ഞത്. കൃഷിയെയും കർഷകരെയും നമ്മുടെ കർത്താവു സ്നേഹിച്ചു എന്ന ഉത്തമബോധ്യത്തിൽനിന്നാണു കത്തോലിക്കാതിരുസഭയും തിരുസഭയുടെ മാധ്യമങ്ങളും കർഷകർക്കുവേണ്ടി ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നത്.

**കടുത്ത കർഷക അവഗണന**

''വിതയ്ക്കുന്ന കൈകളാണു നമ്മുടെ ജീവൻ. കർഷകൻ നമ്മുടെ അമ്മയും പിതാവും'' എന്നൊരു ചൊല്ലുണ്ട്. കൃഷിക്കാരനെ ആദരവോടെ കണ്ടിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. കാർഷികവിളവെടുപ്പുകൾ ഉത്സവം പോലെയാണു നമ്മുടെ നാട്ടിൽ കൊണ്ടാടിയിരുന്നത്. എന്നാൽ ഇന്ന് ആ കാലമൊക്കെ പോയിരിക്കുന്നു. കർഷകൻ അധികാരികളുടെ മുമ്പിൽ അടിയാനെപ്പോലെ തൊഴുതു നിൽക്കേണ്ട ഗതികേടിലാണ്. ഉല്പാദനം മുതൽ വിപണനം വരെ സർവമേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടുകയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷിയുമാകട്ടെ, അതു നെല്ലോ, റബറോ, ഏലമോ,

കപ്പയോ എന്തുമാകട്ടെ കർഷകന്റെ ജീവസന്ധാരണത്തിന് ഉപകരിക്കപ്പെടാത്തവിധം വിലത്തകർച്ചയെ നേരിടുകയോ വൻകിട കമ്പനികളുടെ ചൂഷണത്തിനു വിധേയമാകുകയോ ചെയ്യുകയാണ്. വിറ്റ നെല്ലിന്റെ വില കിട്ടാതെ ലോണെടുത്ത പണത്തിനു പലിശയടച്ചു കടക്കെണിയിലായിരിക്കുകയാണു നെൽക്കർഷകർ. 89 കോടി രൂപയുടെ നെല്ലു സപ്ലൈകോ സംഭരിച്ചതിൽ ഇതുവരെ കർഷകർക്കു നൽകിയത് 27 കോടി രൂപ മാത്രമാണ്. സർക്കാരിന്റെ കടുത്ത അവഗണനയിൽ പ്രതിഷേധിച്ച് അപ്പർ കുട്ടനാട്ടിലെ നെൽക്കർഷകർ 1300 ഏക്കർ പാടത്ത് അടുത്ത വിത വേണ്ടെന്ന സങ്കടകരമായ തീരുമാനത്തിലെത്തിയിരിക്കുകയാണ്.

പ്രകൃതിക്ഷോഭത്തിലൂടെ കൃഷിനാശം സംഭവിച്ച കർഷകർ നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ടു വർഷങ്ങളായി കാത്തിരിക്കുകയാണ്. ഇൻഷുറൻസിന്റെയും മറ്റും പേരുപറഞ്ഞു മുതിർന്ന പൗരന്മാരെപ്പോലും അവഗണിക്കുകയാണ്. ഇതിന്റെകൂടെ കർഷകന്റെ സ്വപ്നങ്ങളുടെ മേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് ഉല്പാദനച്ചെലവും ഉയർന്നിരിക്കുന്നു. 50 രൂപ മുതൽ 250 രൂപ വരെയാണ് ഈ വർഷം രാസവളങ്ങൾക്കു വില കൂട്ടിയത്. 2 വർഷത്തിനിടയിൽ കേന്ദ്രസർക്കാർ വളം സബ്സിഡിയിൽ വെട്ടിക്കുറച്ചത് 84,000 കോടി രൂപയാണ്.

റബർ കർഷകരുടെ കാര്യവും ദയനീയമാണ്. 250 രൂപ നൽകുമെന്നു പ്രകടനപത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കഴിഞ്ഞ വർഷം കോട്ടയം, ഇടുക്കി ജില്ലകളിലായി 220 കോടിയുടെ കൃഷിനാശമാണുണ്ടായത്. ഒന്നിനും പരിഹാരമുണ്ടാകുന്നില്ല. കർഷകന്റെ രോദനങ്ങൾക്കു ചെവി കൊടുക്കാൻ തയ്യാറാകാതെ സർക്കാർസംവിധാനങ്ങൾ കർഷകനെ ദരിദ്രനും നിസഹായനുമാക്കിയിരിക്കുന്നു. കർഷകന്റെ മക്കളുടെ വിവാഹംപോലും നടക്കാതെ പോകുന്നു. മാധ്യമങ്ങൾ കർഷകന്റെ പക്ഷം നിൽക്കാൻ മടിക്കുകയാണ്.

### വന്യജീവിയാക്രമണവും തെരുവുനായശല്യവും

ഇതിനെല്ലാം പുറമേയാണു മനുഷ്യന്റെ ആവാസവ്യവസ്ഥിതിയിലേക്കു കടന്നുകയറി വന്യജീവികൾ നടത്തുന്ന ഭീകരാക്രമണം. 2024 മുതൽ 2025 കഴിഞ്ഞമാസം വരെ എൺപത്തഞ്ചോളം മനുഷ്യജീവനുകളാണു വന്യജീവിയാക്രമണങ്ങളിൽ നഷ്ടപ്പെട്ടത് എന്നതു മനുഷ്യപ്പറ്റുള്ള ഏതൊരു സർക്കാരിന്റെയും ഉറക്കം കെടുത്തുന്ന ഭീകരമായ കണക്കാണ്. എന്നാൽ ഇന്നു മനുഷ്യദുരിതങ്ങളുടെമേൽ വീണമീട്ടി രസിക്കുന്ന വകുപ്പായി വനം വകുപ്പു മാറിക്കഴിഞ്ഞു.

അവർക്കു നിയമാനുസൃതഭൂമിയിൽ സ്ഥാപിക്കപ്പെട്ട കുരിശുകൾ പൊളിച്ചുമാറ്റി വിശ്വാസത്തെ ആക്ഷേപിക്കാൻ തിടുക്കമാണ്. എന്നാൽ ആനയിൽനിന്നും പുലിയിൽനിന്നുമൊക്കെ മനുഷ്യനെ രക്ഷിക്കാൻ

യാതൊരു തിടുക്കവുമില്ല. 2022–2025 കാലഘട്ടത്തിൽ പാലക്കാടും വയനാടു മൊക്കെയായി ഏഴായിരത്തിൽപ്പരം കേസുകളാണു വന്യജീവിയാക്രമണ വുമായി ബന്ധപ്പെട്ടു രജിസ്റ്റർ ചെയ്തത് എന്നറിയുമ്പോൾ എത്രമാത്രം ഭീകരമാണ് അതെന്നു ചിന്തിച്ചുനോക്കൂ. മനുഷ്യവിരുദ്ധമായ നിയമങ്ങളെ പൊളിച്ചെഴുതാനുള്ള ആർജവത്വം ജനപ്രതിനിധികൾ കാണിക്കണം.

പ്രമുഖപരിസ്ഥിതിശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ പറഞ്ഞതുപോലെ അക്രമകാരികളായ മൃഗങ്ങളെ കൊന്നു നിയന്ത്രിക്കണം. അതിനുള്ള നിയമം പാസാക്കാൻ രാഷ്ട്രീയഭേദമന്യേ ജനപ്രതിനിധികളൊന്നിക്കണം. മനുഷ്യവിരുദ്ധമായ എല്ലാ മൃഗസ്നേഹവാഴ്ത്തലുകളെയും സംഘടിത മായി ചെറുത്തു തോൽപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പരിഷ് കൃതരാജ്യങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയ മൃഗമാണെങ്കിലും അതിന്റെ ഇറച്ചി ചന്തയിൽ വാങ്ങാൻ കിട്ടുമെന്ന് ഓർ ക്കണം. മനുഷ്യന്റെ ആവാസവ്യവസ്ഥിതിയിൽ അതിക്രമിച്ചുകയറുന്ന വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാനുള്ള അധികാരം മലയോരമേഖല കളിലെ കർഷകക്കൂട്ടായ്മകൾക്കു നൽകണമെന്നു കർഷകർക്കുവേണ്ടി കെ.സി.ബി.സി. ഇൻഫാം കമ്മിഷൻ സർക്കാരിനോട് ആവശ്യപ്പെടുന്നു.

തെരുവുനായ്ക്കൾ കടിച്ചു കൊന്നിട്ട താറാവുകളെയോർത്തു വില പിക്കുന്ന താറാവുകർഷകരുടെ വിലാപം നാം കേട്ടു. കേരളം ഇന്നു നായ്ക്കളുടെ സ്വന്തം നാടായി മാറിക്കഴിഞ്ഞിരിക്കുന്നു. ഓരോ 10 കിലോ മീറ്ററിലും 10 തെരുവുനായ്ക്കളെയെങ്കിലും കാണാവുന്ന ദുർഗതിയി ലായിരിക്കുന്നു. നമ്മുടെ നാട്ടിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഒന്നര ലക്ഷം പേരെയാണു തെരുവുനായ്ക്കൾ കടിച്ചത് എന്ന വസ്തുത എത്ര ഭീകരമാണ്! വെറ്ററിനറി ഡോക്ടർമാരുടെ പ്രൊഫഷണൽ സംഘടനയായ ഇൻഡ്യൻ വെറ്ററിനറി അസോസിയേഷൻ നായ്ക്കളുടെ വന്ധ്യംകരണം കൊണ്ട് അടുത്തകാലത്തൊന്നും അവയെ നിയന്ത്രിക്കാനാകില്ലെന്നും അവയെ നശിപ്പിക്കുക മാത്രമേ വഴിയുള്ളൂ എന്നും പറഞ്ഞിട്ടും എന്തു ഫലപ്രദമായ നടപടിയാണു സർക്കാരിനെടുക്കാൻ കഴിഞ്ഞത്?

### സത്വരനടപടികൾ ആവശ്യം

സർക്കാരുകളുടെ സഹായമില്ലാതെ കർഷകനു കൃഷികൊണ്ടു ജീവി ക്കാനാകില്ല. കർഷകരോട് ആത്മാർഥതയുണ്ടെങ്കിൽ അവരുടെ പെൻ ഷനും കൃഷിനാശം മൂലമുണ്ടായ നഷ്ടപരിഹാരങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണം. മുതിർന്നകർഷകർക്കു മുൻഗണന നൽ കണം. കർഷകന്റെ ഭൂമിയിൽ കടന്നുകയറുന്ന വനം വകുപ്പിന്റെ നടപടി കൾ അവസാനിപ്പിക്കണം. കർഷകർക്കെതിരെ ചാർത്തപ്പെട്ട കേസുകൾ പിൻവലിക്കണം. വന്യജീവിയാക്രമണങ്ങൾ ചെറുക്കാൻ പര്യാപ്തമാകും

വിധം പരിഷ്കൃതരാജ്യങ്ങളുടേതിനു സമാനം വനത്തിനു ചുറ്റും കിടങ്ങുകളും ഇലക്ട്രിക് ഫെൻസിങ്ങുകളും ശക്തമായ വേലിക്കെട്ടുകളും നിർമിക്കണം. വിറ്റ ഉല്പന്നങ്ങളുടെ വില രണ്ടാഴ്ചക്കുള്ളിൽ നൽകാൻ നടപടിയുണ്ടാകണം. സാമൂഹികജീവിതത്തിനു ഭീഷണിയാകുന്ന തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യാൻ നടപടികൾ സ്വീകരിക്കണം. ചെല്ലാനം തീരമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനായുള്ള സമരത്തിനും വേഗത്തിൽ പരിഹാരമുണ്ടാകണം. കർഷകരുടെ സങ്കടങ്ങൾ പ്രാധാന്യത്തോടെ അവതരിപ്പിക്കാൻ മാധ്യമങ്ങൾ തയ്യാറാകണം.

**കാർഷികസംസ്കാരം വീണ്ടെടുക്കാം**

കാർഷികസംസ്കാരം നമ്മുടെ നാട്ടിൽ നിലനിർത്തിയിരുന്ന നന്മയുടെ ഇന്നലെകളെ ഈ ഓണക്കാലത്ത് അനുസ്മരിക്കാം. കൃഷിയുടെ സംസ്കാരം അന്യംനിന്നു പോകാതിരിക്കാൻ വീടുകളിൽ അടുക്കളത്തോട്ടം ആരംഭിക്കാൻ കെ.സി.ബി.സി. ഇൻഫാം കമ്മിഷൻ ആഹ്വാനം ചെയ്യുന്നു. മാറിയകാലത്തു നമുക്കു കൈമോശം വന്നുപോയ കുടുംബകൃഷിയുടെ സംസ്കാരം നാം വീണ്ടെടുക്കണം. നമ്മുടെ യുവതലമുറയുടെ മൂല്യബോധം നിർണയിക്കുന്നതിൽ കൃഷിക്കു വലിയപങ്കുണ്ടെന്നു മറക്കാതിരിക്കാം. ഒഴിവുസമയങ്ങളിൽ ഡോക്ടറും എൻജിനിയറും അധ്യാപകനുമൊക്കെ കൃഷിക്കാരനാകണം. നാം സ്വന്തമായി ഉല്പാദിപ്പിച്ച ഭക്ഷ്യവിഭവങ്ങൾ കൂട്ടി ആഴ്ചയിൽ ഒരിക്കലെങ്കിലും ആഹാരം കഴിക്കാൻ കഴിഞ്ഞാൽ ഈ കാലത്ത് അതു വലിയഭാഗ്യമാണ്. കർഷകന്റെ ശബ്ദമായ ഇൻഫാമിനു നിങ്ങളേവരുടെയും ശക്തമായ പിന്തുണയും സഹായവും ഉണ്ടാകണമെന്ന അഭ്യർഥനയോടെ,

സ്നേഹപൂർവം,

കെ.സി.ബി.സി. ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ് റെമീജിയോസ് ഇഞ്ചനാനിയിൽ**
*(ഇൻഫാം ദേശീയരക്ഷാധികാരി)*

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682025

---

**NB:** ***2025 ഓഗസ്റ്റ് 15 വെള്ളിയാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

No: 4123/K-5/KCBC/OL/DS 21.07.2025

# ജസ്റ്റിസ് സൺഡേ 2025 (ഓഗസ്റ്റ് 17)

## കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മിഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മ്ശിഹായിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനികളേ, സഹോദരീ സഹോദരന്മാരേ

ഇൻഡ്യ സ്വതന്ത്രയായിട്ട് 78 വർഷം തികയുകയാണ്. മതേതരജനാധിപത്യരാജ്യമായ ഇൻഡ്യയിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനമനുഭവിക്കുന്ന ക്രിസ്തുമതവിശ്വാസികളായ ദളിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളെക്കാൾ വളരെ ദയനീയമാണ് ഇന്ന്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ലെന്നു ഭരണഘടനയുടെ ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 75 വർഷങ്ങളായി സ്വന്തം രാജ്യത്തു ഭരണഘടനയനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ടു കഴിയുന്നവരാണു ദളിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താലാണു പട്ടികജാതി സംവരണം ഇവർക്കു നിഷേധിക്കപ്പെട്ടത്. 1950 ഓഗസ്റ്റ് 10ന് ഇൻഡ്യൻ പ്രസിഡന്റ് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമതവിശ്വാസികളായ ദളിതർക്കു മാത്രമായി പട്ടികജാതിസംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956ൽ സിക്ക് ദളിതരെയും 1990ൽ ബുദ്ധമതദളിതരെയും ഈ പട്ടികയിൽ കൂട്ടിച്ചേർത്തു.

തുടർന്നുള്ള കാലഘട്ടത്തിൽ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ പിന്നാക്കവിഭാഗങ്ങളെക്കുറിച്ചു പഠിക്കാൻ നിയോഗിച്ച കമ്മിഷനുകളെല്ലാം ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണെന്നും അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെയായി ഈ ആവശ്യം അധികാരികൾ അംഗീകരിച്ചുതന്നിട്ടില്ല. ഇതിലൂടെ ഭരണപങ്കാളിത്തവും ഉദ്യോഗ-വിദ്യാഭ്യാസപ്രവേശനവും വിദ്യാഭ്യാസ ആനുകൂല്യവും നിയമനങ്ങളും ദളിത് ക്രൈസ്തവർക്കു ലഭിക്കുന്നില്ല. ഈ അനീതിക്കെതിരെയാണ് 1986ൽ ഗോവയിൽ സമ്മേളിച്ച സി.ബി.സി.ഐ. ഓഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച 'ജസ്റ്റിസ് സൺഡേ'യായി ആചരിക്കാൻ ആഹ്വാനം ചെയ്തത്.

ഇൻഡ്യയിലെ കത്തോലിക്കാസഭയിൽ ഏകദേശം 2 കോടിയിൽപരം വിശ്വാസികളിൽ ഭൂരിപക്ഷവും ദളിത് വിഭാഗത്തിൽനിന്നും കത്തോലിക്കാ വിശ്വാസം സ്വീകരിച്ചവരാണ്. ഇവരനുഭവിക്കുന്ന ഈ നീതിനിഷേധം ക്രൈസ്തവവിശ്വാസം സ്വീകരിച്ചതുകൊണ്ടുമാത്രമാണ്. ഇവരുടെ ന്യായ മായ അവകാശങ്ങൾ നേടിയെടുക്കാനും അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനുമാണു ജസ്റ്റിസ് സൺഡേ ആചരിക്കുന്നത്.

നമ്മളോടൊപ്പമായിരിക്കുന്ന ഈ സഹോദരരെ കൈപിടിച്ചുയർത്തേ ണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്ത മായി കിടപ്പാടമില്ലാത്തവരും വാടകവീടുകളിൽ കഴിയുന്നവരും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു വീട്ടിൽത്തന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകളില്ലാ ത്തവരും ധാരാളമുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതിസംവരണം ദളിത് ക്രൈസ്തവർക്കു നിഷേധിക്കുമ്പോൾ സംസ്ഥാനസർക്കാരുകളും വിവിധ ഉത്തരവുകളി ലൂടെ അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. 1959 മുതൽ കേരളത്തിൽ ഇവർക്കു ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചുകൊണ്ടിരിക്കുന്നു. മാനേജുമെന്റ് ക്വോട്ടയിലെയും കമ്മ്യൂ ണിറ്റി ക്വോട്ടയിലും ദളിത് ക്രൈസ്തവവിദ്യാർഥികൾക്കു പ്രവേശനം ലഭിച്ചാൽ ലംസം ഗ്രാന്റ് ലഭിക്കുകയില്ല. സംസ്ഥാനസർക്കാരിൽനിന്നും ഒരുശതമാനം സംവരണമാണു വിദ്യാഭ്യാസത്തിനു ദളിത് ക്രൈസ്തവ വിദ്യാർഥികൾക്കു ലഭിക്കുന്നത്. സാങ്കേതികവിദ്യാഭ്യാസത്തിന് അവർക്കു ലഭിക്കുന്ന സംവരണം അരശതമാനം മാത്രമാണ്.

കേരള പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നടത്തുന്ന തൊഴിലവ സരങ്ങളിൽ ക്ലാസ്സ് ഒന്നിൽ ഒരു ശതമാനവും ക്ലാസ്സ് നാലിൽ 2 ശതമാന വുമാണു ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവ സരങ്ങൾ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് അനുസരിച്ചു ക്ലാസ്സ് നാലിൽ 2290 ഒഴിവുകളും ക്ലാസ്സ് ഒന്നിൽ 872 ഒഴിവുകളും നികത്തപ്പെടാനുണ്ടെ ന്നാണു വ്യക്തമാക്കിയിരിക്കുന്നത്.

എന്നാൽ, ഈ തസ്തികകളിലേക്കുള്ള ഒഴിവുകൾ ഫലപ്രദമായി ലഭിക്കുന്നില്ല. സഭാനവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർ ത്താൻ കിടപ്പാടമില്ലാത്തവർക്കു കിടപ്പാടവും കൂട്ടുകുടുംബവുമായി താമ സിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്കു പ്രത്യേകഭവനവും തൊഴിലൊ ഴിവുകളും വരുമ്പോൾ സഭാസ്ഥാപനങ്ങളിൽ അവർക്കു പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉദ്ധരിക്കാൻ സഭ പ്രത്യേകമായി ശ്രദ്ധി ക്കേണ്ടതാണ്.

മതം മാറിയതുകൊണ്ടുമാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദളിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന സാമൂഹികസാഹചര്യങ്ങൾ ഇതരപട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ദളിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദളിത് ക്രൈസ്തവർക്ക് ഇരട്ടപ്രഹരമാണ് ഏല്ക്കേണ്ടിവരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമസംവിധാനങ്ങളുടെ പരിരക്ഷയുമില്ല. ഈ സാഹചര്യങ്ങൾ പ്രത്യേകമായ ശ്രദ്ധയർഹിക്കുന്നുണ്ട്. ഇതു പരിഹരിക്കപ്പെടാൻ പരിശ്രമമാവശ്യവുമാണ്.

ദളിത് ക്രൈസ്തവരോടുള്ള സർക്കാരിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയാധികാരപങ്കാളിത്വത്തിനും ഭരണഘടനയനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കാൻ ദളിത് ക്രൈസ്തവരെ ഇൻഡ്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടികജാതി ലിസ്റ്റിൽനിന്നും പുറത്താക്കിയ ഓഗസ്റ്റ് 10 പ്രതിഷേധദിനമായും സി.ബി.സി.ഐ.യുടെ ആഹ്വാനപ്രകാരം ഓഗസ്റ്റ് 17 'ജസ്റ്റിസ് സൺഡേ'യായുമാചരിക്കാം.

കേരളകത്തോലിക്കാസഭയുടെ ദളിത് ശക്തീകരണപ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നതു ദളിത് കത്തോലിക്കാ മഹാജനസഭ വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനം രൂപതകളിൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായസഹകരണങ്ങളാവശ്യമാണ്. സംഘടനയുടെ സപ്തതിവർഷം ഇപ്പോൾ (1905–2025) ആഘോഷിക്കുകയാണ്. 2024–2025 അധ്യയനവർഷം എസ്.എസ്.എൽ.സി. (80%), +2 (70%), ഡിഗ്രി, പി.ജി. (60%) പരീക്ഷകളിൽ പ്രശസ്തമായ വിജയം കൈവരിച്ചവർക്കുള്ള ക്യാഷ് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. അപേക്ഷകൾ ഓഗസ്റ്റ് 30നു മുമ്പു സെക്രട്ടറി, കെ.സി.ബി.സി., എസ്.സി./എസ്.റ്റി./ബി.സി. കമ്മിഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി 682028 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കെ.സി.ബി.സി., എസ്.സി./എസ്.റ്റി./ബി.സി. കമ്മിഷന്റെ നേതൃത്വത്തിൽ ഈ സമൂഹത്തിന്റെ ഉന്നമനത്തിനായി നിരവധിപ്രവർത്തനങ്ങൾ നടത്തിവരുന്നു.

ദളിത് കത്തോലിക്കാസമൂഹത്തിന്റെ വളർച്ചയ്ക്കുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവകതലത്തിൽ നടത്താറുള്ള സ്തോത്രക്കാഴ്ച പ്രയോജനപ്പെടുത്തുന്നതാണ്. ഈ തുക രൂപതാകേന്ദ്രങ്ങൾവഴി സെപ്റ്റംബർ 30നു കെ.സി.ബി.സി., എസ്.സി./

എസ്.റ്റി./ ബി.സി. കമ്മിഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേ ദിനത്തിൽ ഇടവക/രൂപതാതലത്തിൽ സംഘടനകളെ പങ്കെടുപ്പിച്ചു കൊണ്ടു ചർച്ചാ ക്ലാസ്സുകളും സമ്മേളനങ്ങളും സംഘടിപ്പിച്ചു ജസ്റ്റിസ് സൺഡേയാചരണം അർഥവത്താക്കണമെന്ന് അഭ്യർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് ഗീവർഗീസ് മാർ അപ്രേം**
*(ചെയർമാൻ)*

**ബിഷപ് വിൻസന്റ് സാമുവൽ**
**ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
*(വൈസ് ചെയർമെൻ)*

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682025

---

**NB:** ***2025 ഓഗസ്റ്റ് 17 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*




# കച്ചേരിക്കാര്യം

## I

## ജസ്റ്റിസ് സൺഡേ

**2025 ഓഗസ്റ്റ് 17** ജസ്റ്റിസ് സൺഡേയായി ആചരിക്കുകയാണ്. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച നമ്മുടെ അതിരൂപതയിലെ ദളിത് കത്തോലിക്കരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവെച്ചിരിക്കുന്നു. *2025 ഓഗസ്റ്റ് മുപ്പത്തിയൊന്നിനകം* അതിരൂപതാസാമ്പത്തികകാര്യാലയത്തിൽ അത് ഏല്പിക്കേണ്ടതാണ്.

## II

## പരിശുദ്ധ കുർബാനനിയോഗം

**2025 ജൂലൈ 22ന്** അതിരൂപതാകുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ *കുറിഞ്ഞിപ്പറമ്പിൽ ബഹു. ജോസഫ്* അച്ചനെ നമ്മുടെ പ്രാർഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചനുവേണ്ടി ഒരു പരിശുദ്ധ കുർബാനയർപ്പിക്കേണ്ടതാണ്.

## III

## 2024-2025 സാമ്പത്തികവർഷത്തെ കണക്കുകൾ

2024-2025 സാമ്പത്തികവർഷത്തെ കണക്കുകൾ ഇനിയും സമർപ്പിക്കാനുള്ള പള്ളികൾ **2025 ഓഗസ്റ്റ് ഇരുപതിനകം** അതിരൂപതാസാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

❑

# ജൂബിലി വർഷ സമാപനഘട്ടം
## ഇടവകതലത്തിൽ നടത്താനുള്ള 3 അജപാലനപദ്ധതികൾ

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിൽ അതിരൂപതയിലെ ഇടവകകളിലും കുരിശുപള്ളികളിലും നടപ്പിലാക്കാൻ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നിർദേശിച്ചിരിക്കുന്ന 3 കർമപദ്ധതികൾക്കായി ഓഗസ്റ്റിൽതന്നെ പാരിഷ് കൗൺസിൽ, കുടുംബക്കൂട്ടായ്മകൾ എന്നിവയുടെ നേതൃത്വത്തിൽ ഒരുക്കങ്ങളാരംഭിക്കേണ്ടതാണ്.

**1. പ്രത്യാശാജ്യോതിപ്രയാണം**

**2025 സെപ്റ്റംബർ 14നു** മാർ സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾദിനത്തിലാരംഭിച്ച് **2025 നവംബർ 29നു** സമാപിക്കുന്ന രീതിയിൽ കുടുംബക്കൂട്ടായ്മകളിലെ ഭവനങ്ങളിൽ പ്രത്യാശാജ്യോതിപ്രയാണം ക്രമീകരിക്കുക.

**പ്രയാണത്തിൽ സംവഹിക്കേണ്ടവ**

- സമ്പൂർണ ബൈബിൾ (മുത്തുക്കുടയുടെ അകമ്പടിയോടെ)
- മാർ തോമാ സ്ലീവാ
- വിളക്ക്
- തിരുക്കുടുംബത്തിന്റെ ഛായാചിത്രം

വീടുകളുടെ എണ്ണമനുസരിച്ച് എത്രപ്രയാണങ്ങൾ വേണമെന്നു തീരുമാനിക്കാവുന്നതാണ്.

**പ്രത്യേകശ്രദ്ധയ്ക്ക്**

◆ പ്രയാണങ്ങളുടെ സമയക്രമം കുടുംബങ്ങളെ ഓഗസ്റ്റ് 15നു മുമ്പായി അറിയിക്കണം.

◆ പ്രയാണം കടന്നുവരുന്ന ഭവനത്തിലെ അംഗങ്ങൾ അന്നേദിവസം പ്രാർഥനാദിനമായി ആചരിക്കണം. കുടുംബക്കൂട്ടായ്മാംഗങ്ങൾ സായാഹ്നങ്ങളിൽ 'പ്രത്യാശാജ്യോതി' പ്രതിഷ്ഠിച്ചിരിക്കുന്ന ഭവനത്തിലൊരുമിച്ചുകൂടി റംശാ ചൊല്ലി അടുത്തഭവനത്തിലേക്ക് ആഘോഷമായി കൊണ്ടുപോകണം.

◆ കുടുംബാംഗങ്ങൾ അനുരഞ്ജനകൂദാശ സ്വീകരിച്ച് ഒരുങ്ങുകയും പ്രയാണം ഭവനത്തിൽ സ്വീകരിച്ചു കഴിഞ്ഞുള്ള ദിവസം ഇടവകപ്പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും പരിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യണം. അന്നേദിവസം പ്രയാണം കടന്നുപോകുന്ന കുടുംബങ്ങളെ പരിശുദ്ധ കുർബാനയിലെ ഡിപ്റ്റിക്സിൽ അനുസ്മരിക്കുകയും പരിശുദ്ധ കുർബാനയ്ക്കുശേഷം പുരോഹിതൻ ആ കുടുംബാംഗങ്ങളുടെ ശിരസിൽ കൈകൾവെച്ചു പ്രാർഥിക്കുകയും ചെയ്യുന്നത് ഉചിതമാണ്.

◆ പ്രയാണത്തിനൊരുക്കമായി ഓഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 14 വരെ ഇടവകയിൽ അനുരഞ്ജനസമിതികളുടെ നേതൃത്വത്തിൽ 'പ്രത്യേക ജൂബിലി അനുരഞ്ജനകാലമായി' ക്രമീകരിക്കുന്നത് ഉചിതമാണ്.

**2. പ്രത്യാശാസായാഹ്ന ഇടവക കൺവെൻഷൻ (ഒക്ടോബർ–നവംബർ)**

വൈകുന്നേരം അഞ്ചിനു പരിശുദ്ധ കുർബാനയോടെയാരംഭിച്ചു, ഗാന ശുശ്രൂഷ, വചനപ്രഘോഷണം, പരിശുദ്ധ കുർബാനയുടെ ആരാധന, കൈകളിൽ കത്തിച്ച തിരികൾ പിടിച്ചു പരിശുദ്ധ കുർബാനയിലെ നിഖ്യാ വിശ്വാസ പ്രമാണം ആലപിക്കുന്നു. രാത്രി 8.15നു സ്നേഹവിരുന്നോടെ (അത്താഴം) സമാപിക്കുന്നു. അതിരൂപതയിൽനിന്നുള്ള റ്റീം ഇതിനു നേതൃത്വം നൽകുന്നതാണ്.

**ഒരുക്കങ്ങൾ**

തലേ ഞായറാഴ്ചകളിൽ സൺഡേ സ്കൂൾ കുട്ടികൾ, യുവജനങ്ങൾ, മാതാപിതാക്കൾ, മുതിർന്നവർ എന്നിവർക്കായി വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരുക്ക കൺവെൻഷനുകൾ ക്രമീകരിക്കുന്നത് ഉചിതമാണ്.

**3. പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിലേക്കുള്ള ജൂബിലി തീർഥാടനം (ഡിസംബർ 1–21)**

ഇടവകസമൂഹം ഒരാഴ്ച പ്രാർഥിച്ചൊരുങ്ങി പരിത്യാഗത്തോടെ പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിലേക്ക് (സാധിക്കുന്നിടത്തോളം കാൽനടയായി) ഇടവകളുടെ നേതൃത്വത്തിൽ തീർഥാടനമായെത്തി പരിശുദ്ധ കുർബാനയർപ്പിച്ചു പരിശുദ്ധ കുർബാന സ്വീകരിക്കുന്നവർക്കു ജൂബിലി വർഷത്തിൽ മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന പൂർണദണ്ഡവിമോചനം ലഭിക്കുന്നതാണ്.

**ഡിസംബർ 1–7: ചങ്ങനാശ്ശേരി റീജൻ**

ചങ്ങനാശ്ശേരി, തുരുത്തി, തൃക്കൊടിത്താനം, ചെങ്ങന്നൂർ ഫൊറോനകൾ

**ഡിസംബർ 9–12: നെടുങ്കുന്നം റീജൻ**

മണിമല, നെടുങ്കുന്നം, കുറുമ്പനാടം ഫൊറോനകൾ

**ഡിസംബർ 13: ആലപ്പുഴ – കുട്ടനാടൻ റീജന്റെ പ്രത്യേക തീർഥാടനം**

ആലപ്പുഴ, മുഹമ്മ, ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന് ഫൊറോനകൾ

**ഡിസംബർ 15–21: കോട്ടയം റീജൻ**

കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകൾ

**തിരുവനന്തപുരം റീജൻ**: തിരുവനന്തപുരം, കൊല്ലം - ആയൂർ, അമ്പൂരി ഫൊറോനകളിലെ ഇടവകകൾ സൗകര്യപ്രദമായി നടത്തുക.

**ജൂബിലി വർഷം: ഇടവകതലസമാപനം**

2025 ഡിസംബർ ക്രിസ്മസ് ദിനത്തിൽ സംഘടനകളുടെ നേതൃത്വത്തിൽ 'പ്രത്യാശയുടെ തീർഥാടകർ' എന്ന ജൂബിലി സന്ദേശം നൽകുന്ന ക്രിസ്തീയ കലാപരിപാടികൾ, ആഘോഷമായ തിരുപ്പിറവിക്കർമങ്ങളോടെ ഇടവകതല ജൂബിലി വർഷ സമാപനം ക്രമീകരിക്കുക.

**ഫാ. ആന്റണി എത്തക്കാട്**
*(പ്രോട്ടോസിഞ്ചെല്ലൂസ്,*
*ജൂബിലി ജനറൽ കോഡിനേറ്റർ)*

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ജൂബിലി ജനറൽ കൺവീനർ)*

❑

# പാസ്റ്ററൽ കൗൺസിൽ

## പാസ്റ്ററൽ കൗൺസിൽ പൊതുസമ്മേളനത്തിന്റെ റിപ്പോർട്ട്

16-ാമതു പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമതു പൊതുസമ്മേളനം 2025 ജൂൺ 28നു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ നടത്തപ്പെട്ടു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിലുള്ള യോഗം സി. ലില്ലി റോസ് എസ്.എ.ബി.എസ്. നയിച്ച പ്രാർഥനയോടെയാരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സ്വാഗതമാശംസിച്ചു. ജോയിന്റ് സെക്രട്ടറി പ്രൊഫ. ജറോം പി. വി. രണ്ടാമതു പാസ്റ്ററൽ കൗൺസിൽ യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ ശുശ്രൂഷാരംഗങ്ങളിലെ സേവനം പൂർത്തിയാക്കി പാസ്റ്ററൽ കൗൺസിലിൽനിന്നും പടിയിറങ്ങിയ വൈദികർക്കു യോഗം നന്ദി രേഖപ്പെടുത്തുകയും 16-ാമതു പാസ്റ്ററൽ കൗൺസിലിലേക്കു പുതുതായെത്തിയ വൈദികർക്കു ഹാർദമായ സ്വാഗതമേകുകയും ചെയ്തു. പ്രിൻസിപ്പൽമാരായ ഫാ. തോമസ് കാഞ്ഞൂപ്പറമ്പിൽ (എസ്.ബി. കോളേജ്), ഡോ. റാണി മരിയ തോമസ് (അസംപ്ഷൻ കോളേജ്), എക്യുമെനിസം ആൻഡ് ഡയലോഗ് ഡയറക്ടർ ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ, കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ പള്ളിയുടെ ആർച്ചുപ്രീസ്റ്റ് ഫാ. ജോർജ് മംഗലത്തിൽ എന്നിവരെ യോഗം അഭിനന്ദിച്ചു.

കേരളത്തിൽ നമ്മുടെ സമുദായത്തിന്റെ അംഗസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നതും ഉള്ള കുട്ടികളിൽ നല്ലൊരു പങ്കും കേരളത്തിനു പുറത്തേക്കും വിദേശത്തേക്കും കുടിയേറുന്നതുമൂലം നമ്മുടെ കലാലയങ്ങളിൽ ആവശ്യത്തിനു വിദ്യാർഥികളില്ലാത്ത സാഹചര്യം സംജാതമായിരിക്കുകയാണ്. ആയതിനാൽ തങ്ങളുടെ അഭിരുചി മനസിലാക്കി അതനുസരിച്ച് ഉചിതമായ കരിയർ തെരഞ്ഞെടുക്കാൻ കുട്ടികളെ സഹായിക്കുന്ന പദ്ധതികൾ ഇടവകതലത്തിൽ ആവിഷ്കരിക്കാൻ അല്മായർ നേതൃത്വം നൽകണമെന്ന് അഭി. മെത്രാപ്പോലീത്താ അധ്യക്ഷപ്രസംഗത്തിൽ ആഹ്വാനം ചെയ്തു.

2026 സമുദായശക്തീകരണവർഷമായി ആചരിക്കുമ്പോൾ ഇടവകതലത്തിൽ കാർപ്പിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും സമുദായസ്നേഹമുണ്ടാകാൻ തിരുസഭയുടെ ചരിത്രം പഠിക്കണമെന്നും തിരുസഭയുടെ നന്മകളും പൊതുസമൂഹത്തിനു തിരുസഭ നൽകിയ സംഭാവനകളും മനസിലാക്കണമെന്നും കുടുംബങ്ങളിൽ കൂട്ടായ്മയും സ്നേഹവും വളർത്താനും സാമ്പത്തിക അച്ചടക്കം പാലിക്കാൻ കഴിയണമെന്നും നമ്മുടെ സമുദായത്തിന്റെ മനുഷ്യവിഭവശേഷി പൂർണമായി ഉപയുക്തമാക്കുന്ന പദ്ധതികൾ വിഭാവനം ചെയ്യണമെന്നും എല്ലാവരും നേഴ്സിങ്ങിനു പോകുന്ന പ്രവണത മാറി കൃഷിക്കാർ, ബിസിനസുകാർ, സംരംഭകർ, വ്യവസായികൾ, രാഷ്ട്രീയനേതാക്കൾ തുടങ്ങിയ രംഗങ്ങളിലേക്കു കുട്ടികൾ കടന്നുചെല്ലണമെന്നും വിദ്യാഭ്യാസരംഗത്തെ എയ്ഡഡ് മേഖലയെ തകർക്കുന്ന നീക്കങ്ങൾ കണ്ടുവരുന്നുണ്ടെന്നും

വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലവും കെട്ടിടവും മറ്റടിസ്ഥാന സൗകര്യങ്ങളും നമ്മുടെ സമുദായം നൽകിയതാണെന്നും ജീവനക്കാർക്കു ശമ്പളം മാത്രമേ സർക്കാർ കൊടുക്കുന്നുള്ളെന്നും അതിനുപകരമായി നാട്ടിലെ നാനാജാതിമതസ്ഥരായ കുട്ടികളെ യാതൊരു ഫീസും വാങ്ങാതെ തികച്ചും സൗജന്യമായി നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നുണ്ടെന്നും നമ്മുടെ എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ കാലോചിതമായി വർധിപ്പിക്കണമെന്നും അതിന് എല്ലാവരുടെയും സഹകരണമുണ്ടാകണമെന്നും അഭി. മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു.

സ്വകാര്യസർവകലാശാലകൾ നിലവിൽവരുന്ന സമയത്തു നമ്മുടെ നിലവിലുള്ള എയ്ഡഡ് മേഖല നഷ്ടപ്പെടുന്ന സാഹചര്യത്തിലേക്കു പോകാൻ ആഗ്രഹിക്കുന്നില്ലെന്നും പകരം മികച്ചനിലവാരമുള്ള ഓട്ടോണമസ് കോളേജ്, ഡീംഡ് യൂണിവേഴ്സിറ്റി തുടങ്ങിയവയെപ്പറ്റി ചിന്തിക്കാമെന്നും സീറോമലബാർസഭ നേരിടുന്ന വെല്ലുവിളികളും പ്രശ്നങ്ങളും കൂടുതൽ സങ്കീർണമാകാതെ പരിഹരിക്കുന്നതിനു ശാന്തതയോടെയും സമചിത്തതയോടെയുമുള്ള സമീപനമാണ് അഭികാമ്യമെന്നും അഭി. മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു.

ഫാ. ജയിംസ് കൊക്കാവയലിലും ഫാ. ജോർജ് മാന്തുരുത്തിലും യഥാക്രമം സമുദായശക്തീകരണവർഷം 2026ന്റെ പദ്ധതികൾ, 2025 ജൂബിലി വർഷത്തെ കർമപരിപാടികൾ എന്നിവയവതരിപ്പിച്ചു.

**പൊതുചർച്ചയുടെ നിർദേശങ്ങൾ**

1. കുട്ടികൾക്കും യുവജനങ്ങൾക്കും മാർഗനിർദേശം നൽകുന്നതിനു മികച്ച ബിസിനസുകാരുടെയും സംരംഭകരുടെയും കൂട്ടായ്മ രൂപീകരിക്കുക.
2. നമ്മുടെ സമുദായാംഗങ്ങളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ അതിനെപ്പറ്റിയുള്ള അവബോധം യുവജനങ്ങൾക്കു നൽകുക.
3. നമ്മുടെ സമുദായശക്തീകരണത്തിന് ഉപകരിക്കുന്ന പുസ്തകങ്ങൾ തയ്യാറാക്കി അവ ഉപപാഠപുസ്തകമാക്കി സൺഡേ സ്കൂൾ കുട്ടികൾക്കു നൽകുക. സൺഡേ സ്കൂളിൽ 12-ാം ക്ലാസ്സ് കഴിഞ്ഞ കുട്ടികളുടെ കൂട്ടായ്മകൾ രൂപീകരിച്ച് അവരെ സഭയോടു ചേർത്തുനിർത്തുക.
4. സമുദായശക്തീകരണം സംബന്ധിച്ച കാര്യങ്ങൾ കുടുംബക്കൂട്ടായ്മകളിൽ ചർച്ച ചെയ്യുക. സമുദായനേതാക്കളെ വളർത്തിയെടുക്കുക.
5. സബ്കമ്മിറ്റികൾ കൃത്യമായി സമ്മേളിക്കുകയും അവരുടെ പ്രവർത്തന റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്യുക.
6. അഭി. മെത്രാപ്പോലീത്താ ഇടവകകൾ സന്ദർശിക്കുക.
7. വൈദിക-സന്യസ്ത-അല്മായബന്ധത്തിലെ കുറവുകൾ പരിഹരിച്ച് ഊഷ്മളമായ ബന്ധം വളർത്തിയെടുക്കുക.
8. കോളേജുകളിലെ അധ്യാപകനിയമനങ്ങളിൽ നമ്മുടെ സഭാംഗങ്ങൾക്കു നിയമനം ലഭിക്കുന്നതിനു പരമാവധി യോഗ്യതകൾ നേടുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുക.

9. ചെറുപ്രായത്തിലേ കുട്ടികൾക്കു ഭവനസന്ദർശനങ്ങൾ നടത്തുന്നതിനും കൂട്ടായപ്രവർത്തനങ്ങളിലേർപ്പെടുന്നതിനുമുള്ള സാഹചര്യമൊരുക്കി കമ്മ്യൂണിറ്റി ബിൽഡിങ് സാധ്യമാക്കുകയും ഇടവകകളിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

10. വിരമിച്ച ചെയ്ത നേഴ്സുമാരെ ഉൾപ്പെടുത്തി ഇടവകകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകളാരംഭിക്കുക.

11. പാസ്റ്ററൽ കൗൺസിൽ യോഗത്തിലവതരിപ്പിക്കാനുള്ള പ്രമേയങ്ങൾ ക്ഷണിച്ചു കൊണ്ടുള്ള അറിയിപ്പ് അംഗങ്ങൾക്കു മുൻകൂറായി നൽകുക. അവതരിപ്പിച്ചു പാസാക്കിയ പ്രമേയങ്ങളിലുണ്ടായ തുടർനടപടികൾ യോഗത്തെയറിയിക്കുക.

ചർച്ചകൾക്കുശേഷം എയ്ഡഡ് സ്കൂൾ നിയമനം സംബന്ധിച്ച പ്രതിസന്ധികൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു ഡോ. ഡൊമിനിക് ജോസഫ് വഴീപ്പറമ്പിൽ അവതരിപ്പിച്ച പ്രമേയം യോഗം പാസാക്കി. ബിനു കുര്യാക്കോസ് മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു. പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ബിജു സെബാസ്റ്റ്യൻ നന്ദിയർപ്പിച്ചു.

**ഡോ. രേഖ മാത്യൂസ്**
*(സെക്രട്ടറി)*

**പ്രൊഫ. പി. വി. ജറോം**
**ബിജു സെബാസ്റ്റ്യൻ**
*(ജോയിന്റ് സെക്രട്ടറിമാർ)*

❑

## വർക്ക് ക്യാംപ് 2026

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ,

2026 ഏപ്രിലിൽ നമ്മുടെ അതിരൂപതയിലെ മേജർ സെമിനാരി വൈദികാർഥികളുടെ വർക്ക് ക്യാംപ് നടത്താനായി അനുയോജ്യമായ സ്ഥലങ്ങൾ അന്വേഷിക്കുകയാണ്. വൈദികാർഥികളെക്കൊണ്ടു ചെയ്തുതീർക്കാൻ സാധിക്കുന്ന ജോലികളുള്ള സ്ഥലങ്ങൾ വികാരിയച്ചന്മാർ അറിയിക്കുകയാണെങ്കിൽ സൗകര്യപ്രദമായിരുന്നു. ഏഴു ദിവസത്തെ വർക്ക് ക്യാംപാണ്. വൈകുന്നേരങ്ങളിൽ വൈദികാർഥികളുടെ നേതൃത്വത്തിൽ ഭവനസന്ദർശനവും കൂട്ടായ്മാതലപ്രാർഥനയും ക്രമീകരിക്കുന്നതാണ്. നിങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

**വർക്ക് ക്യാംപ് ലീഡർമാർ**
**ബ്രദർ ആന്റണി തുണ്ടുപറമ്പിൽ (7558869160)**
**ബ്രദർ ജോസഫ് പുത്തൻപറമ്പ് (859007762)**
**ബ്രദർ ജോൺ വട്ടപറമ്പിൽ (9188465831)**

# സന്ദേശനിലയം

ഈശോയിൽ സ്നേഹമുള്ളവരേ,

നമ്മുടെ അതിരൂപതയിലെ വിശ്വാസപരിശീലനകർമപദ്ധതികൾ ക്രമീകൃതമായി ആസൂത്രണം ചെയ്തിരിക്കുകയാണ്. എല്ലാ കർമപദ്ധതികളും ഓരോ വ്യക്തിയുടെയും ദൈവവുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടലിന് ഉതകണം. തിരുസഭയുടെ പ്രബോധനങ്ങളെക്കുറിച്ചു ശരിയായ അവബോധമുണ്ടാകുമ്പോഴാണ് ഈ ബന്ധത്തിന്റെ ഇഴയടുപ്പം വർധിക്കുന്നത്. നമ്മുടെ പ്രകരണമാർഗങ്ങളിൽ ആവേശത്തോടെ തുടരാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഓഗസ്റ്റ്**

01 വെള്ളി : **പതിനഞ്ചുനോമ്പാരംഭം**

02 ശനി : **അൽഫോൻസാ തീർഥാടനം** *(ഓഫീസ് അവധി)*

03 ഞായർ : കൈത്താ രണ്ടാം ഞായർ ക്ലാസ്സ് – 10

04 തിങ്കൾ : വി. ജോൺ മരിയ വിയാനി, റ്റീച്ചേഴ്സ് ഈവ്: സെന്റ് ഫ്രാൻസിസ് അസ്സീസ്സി സൺഡേ സ്കൂൾ, പൂന്തോപ്പ് *(വൈകുന്നേരം 6)*

05 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: മാർ ഗ്രിഗോറിയോസ് സൺഡേ സ്കൂൾ, പുന്നപ്ര *(വൈകുന്നേരം 6)*

06 ബുധൻ : ഈശോയുടെ രൂപാന്തരീകരണതിരുനാൾ, റ്റീച്ചേഴ്സ് ഈവ്: മാർ സ്ലീവാ സൺഡേ സ്കൂൾ, പുറക്കാട് *(വൈകുന്നേരം 6)*

07 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോർജ് സൺഡേ സ്കൂൾ, പുത്തനങ്ങാടി *(വൈകുന്നേരം 6)*

09 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 3, ബി.സി.റ്റി. കോഴ്സ് മൂന്നാം ബാച്ച് – ഒന്നാം ദിവസം

10 ഞായർ : കൈത്താ മൂന്നാം ഞായർ ക്ലാസ്സ് – 11, **പി.റ്റി.എഫ്. & സൺഡേ സ്കൂൾ ലീഡേഴ്സ് മീറ്റ്** (സന്ദേശനിലയം – *രാവിലെ 9.30)*

11 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, ആറാട്ടുവഴി *(വൈകുന്നേരം 6)*

12 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മൈക്കിൾസ് സൺഡേ സ്കൂൾ, തത്തംപള്ളി *(വൈകുന്നേരം 6)*

13 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് അൽഫോൻസാ സൺഡേ സ്കൂൾ, ചാത്തനാട് *(വൈകുന്നേരം 6)*

15 വെള്ളി : **പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണതിരുനാൾ, കടമുള്ള ദിവസം** *(ഓഫീസ് അവധി)*

17 ഞായർ : കൈത്താ നാലാം ഞായർ ക്ലാസ്സ് – 12

18 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, കൈനകരി *(വൈകുന്നേരം 6)*

19 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സേക്രഡ് ഹാർട്ട് സൺഡേ സ്കൂൾ, അറുനൂറ്റം പാടം *(വൈകുന്നേരം 6)*

20 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, കുട്ടമംഗലം *(വൈകുന്നേരം 6)*

21 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, പുന്നമട *(വൈകുന്നേരം 6)*

23 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 4, ബി.സി.റ്റി. കോഴ്സ് മൂന്നാം ബാച്ച് – രണ്ടാം ദിവസം

24 ഞായർ : കൈത്താ അഞ്ചാം ഞായർ ക്ലാസ്സ് – 13

25 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് ബസിലിക്ക സൺഡേ സ്കൂൾ, ചമ്പക്കുളം *(വൈകുന്നേരം 6)*

26 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സേക്രഡ് ഹാർട്ട് സൺഡേ സ്കൂൾ, ഗാഗുൽത്താ *(വൈകുന്നേരം 6)*

27 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, കൊണ്ടാക്കൽ *(വൈകുന്നേരം 6)*

28 വ്യാഴം : **സി.ആർ.റ്റി. സമ്പൂർണസമ്മേളനം** (സന്ദേശനിലയം – *ഉച്ചകഴിഞ്ഞ് 2.30*) റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ പടഹാരം *(വൈകുന്നേരം 6)*

29 വെള്ളി : മാർത്ത് എവുപ്രാസ്യാ

30 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 5, ബി.സി.റ്റി. കോഴ്സ് മൂന്നാം ബാച്ച് – മൂന്നാം ദിവസം

31 ഞായർ : കൈത്താ ആറാം ഞായർ ക്ലാസ്സ് – 14

**സെപ്റ്റംബർ**

01 തിങ്കൾ : എട്ടുനോമ്പാരംഭം, സി.എൽ.റ്റി. ധ്യാനാരംഭം

02 ചൊവ്വ : സി.എൽ.റ്റി. ധ്യാനം

03 ബുധൻ : സി.എൽ.റ്റി. ധ്യാനസമാപനം

04 വ്യാഴം : ഒന്നാം ഓണം *(ഓഫീസ് അവധി)*

05 വെള്ളി : തിരുവോണം *(ഓഫീസ് അവധി)*

06 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 6

07 ഞായർ : ഏലിയാ–സ്ലീവാ–മൂശെ ഒന്നാം ഞായർ ക്ലാസ്സ് – 15

### എക്കോസ്@സന്ദേശ്

Ecos@Sandesലൂടെ പ്രമോഷൻ നൽകുന്നത് ഇതിനോടകം പൂർത്തിയാക്കിയെന്നു കരുതുന്നു. സൺഡേ സ്കൂളിൽ ഈ വർഷം പുതുതായി അഡ്മിഷൻ നൽകിയ കുട്ടികളെയും Ecos@Sandesൽ എന്റർ ചെയ്യുന്നത് ഉടനെ പൂർത്തീകരിക്കുക. 2025–2026 വർഷത്തെ *കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ* ജൂലൈ മുപ്പത്തിയൊന്നിനകം നൽകാത്തവർ ഇതിന്റെ പ്രിന്റ് (കുട്ടികളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തി) ആവശ്യമായ ഒപ്പുകളോടുകൂടി സന്ദേശനിലയത്തിൽ എത്രയും വേഗം ഏല്പിക്കേണ്ടതാണ്.

### ബി.സി.റ്റി. കോഴ്സ്

ഈ അധ്യയനവർഷത്തെ ബി.സി.റ്റി. മൂന്നാം ബാച്ചിന്റെ ക്ലാസ്സുകൾ **ഓഗസ്റ്റ് 9, 23, 30** തീയതികളിൽ *രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ* സന്ദേശ നിലയത്തിൽ നടത്തപ്പെടുന്നതാണ്. ഓഗസ്റ്റ് ഒന്നു മുതൽ Ecos@Sandesലൂടെ കോഴ്സിന് അപേക്ഷ സമർപ്പിച്ച ശേഷം ഗൂഗിൾ പേ വഴി 500 രൂപ അടയ്ക്കുന്ന അപേക്ഷകർക്കാണ് അഡ്മിഷൻ ലഭ്യമാകുന്നത്. അവസാനതീയതി ഓഗസ്റ്റ് 5 ആണെങ്കിലും സീറ്റ് പരിധി കഴിഞ്ഞാൽ അഡ്മിഷൻ അവസാനിക്കുന്നതാണ്. ബി.സി.റ്റി. കോഴ്സിൽ ഇനിയും പങ്കെടുക്കാനുള്ള മതാധ്യാപകർ ഈ അവസരം വിനിയോഗിക്കേണ്ടതാണ്.

### റ്റീച്ചേഴ്സ് ഈവ്

സൺഡേ സ്കൂൾ അധ്യാപകരുമായി സംവദിക്കുന്നതിനും അവരിൽനിന്നു നിർദേശങ്ങൾ സ്വീകരിക്കുന്നതിനും അവരെ ശക്തീകരിക്കുന്നതിനുമായി ജൂൺ മുതൽ 'റ്റീച്ചേഴ്സ് ഈവ്' എന്ന സംഗമം നടത്തപ്പെട്ടുവരുന്നു. 247 സൺഡേ സ്കൂളുകളിലും തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം ആറിനു തുടർച്ചയായി ഇതു ക്രമീകരിക്കുന്നതാണ്. മണിമല, തൃക്കൊടിത്താനം ഫൊറോനകളിൽ ഈ സംഗമം നടത്തപ്പെട്ടു.

റ്റീച്ചേഴ്സ് ഈവ് (ഓഗസ്റ്റ്) - ആലപ്പുഴ ഫൊറോന

### ബൈബിൾ കലോത്സവം

സൺഡേ സ്കൂൾ തലത്തിലുള്ള കലാമത്സരങ്ങൾ പൂർത്തീകരിച്ചു ഫൊറോനാതലമത്സരങ്ങൾക്കുള്ള തയ്യാറെടുപ്പിനു സമയമായി. **ഓഗസ്റ്റ് 9** *രാവിലെ 9.30 മുതൽ* അതതു ഫൊറോനാകേന്ദ്രങ്ങളിൽ രചനാമത്സരങ്ങൾ നടത്തപ്പെടുന്നതാണ്. വിഷയങ്ങൾ സന്ദേശനിലയത്തിൽനിന്നും നൽകുന്നതാണ്. ഓഗസ്റ്റ് മുപ്പതിനു മുമ്പായി ഫൊറോനാതലത്തിൽ ഒന്നാം സ്ഥാനാർഹമായ രചനകൾ സന്ദേശനിലയത്തിൽ നൽകേണ്ടതാണ്. ഫൊറോനാതലകലാമത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഇടവക-ഫൊറോനാതല കലോത്സവ കമ്മിറ്റി കൺവീനർമാർ, ഫൊറോനാ സ്റ്റേജ് മാനേജർമാർ, സോഫ്റ്റുവെയർ ഓപ്പറേറ്റർമാർ, എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്.

## പി.റ്റി.എഫ്. റെപ്രസെന്റേറ്റീവ്സ് & സൺഡേ സ്കൂൾ ലീഡേഴ്സ് മീറ്റ്

പി.റ്റി.എഫ്. പ്രതിനിധികളുടെയും സൺഡേ സ്കൂൾ ലീഡർമാരുടെയും അതിരൂപതാതലസമ്മേളനവും സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും **ഓഗസ്റ്റ് 10** *രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ* അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നതാണ്. സൺഡേ സ്കൂളുകളിൽനിന്നും ഇരു വിഭാഗത്തിൽപ്പെട്ട പ്രതിനിധികളെ അയയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദ വിവരങ്ങൾ സന്ദേശനിലയം വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ അറിയിക്കുന്നതാണ്. പങ്കാളിത്തം ഉറപ്പുവരുത്താൻ നൽകപ്പെടുന്ന ഗൂഗിൾ ഫോം പൂരിപ്പിച്ച് *ഓഗസ്റ്റ് എട്ടിനു മുമ്പായി* അയയ്ക്കേണ്ടതാണ്. ഇതോടനുബന്ധിച്ചു പരിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്.

## സ്പെരാൻസാ ഏകദിന സെമിനാർ

മ്ശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിൽ കുട്ടികൾക്കും യുവജനങ്ങൾക്കും ജീവിതത്തിൽ പ്രത്യാശ പകരുകയെന്ന ലക്ഷ്യത്തോടെ സ്പെരാൻസാ 2025-2026 എന്ന പേരിൽ ഏകദിന സെമിനാർ ക്രമീകരിച്ചിരിക്കുന്നു. ഹയർ കോഴ്സ് കുട്ടികൾക്കായി (ക്ലാസ്സ് 11, 12) ഏകദിന സെമിനാർ ഓഗസ്റ്റിൽ തൃക്കൊടിത്താനം, നെടുങ്കുന്നം ഫൊറോനകളിലാണു നടത്തപ്പെടേണ്ടത്. സെമിനാർ തീയതികൾ ഫൊറോനാതലത്തിൽ നിശ്ചയിക്കാവുന്നതാണ്. കുട്ടികൾക്ക് അവരുടെ കരിയർ സാധ്യതകൾ കാട്ടിക്കൊടുക്കുക, കാലഘട്ടത്തിൽ ഉയർന്നുവരുന്ന വെല്ലുവിളികളെക്കുറിച്ച് അവരെ ജാഗരൂക രാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഈ പ്രത്യേകപരിശീലനപദ്ധതി ക്രമീകരിക്കേണ്ടത്. കുട്ടികൾക്കു ഭാവിയെക്കുറിച്ചുള്ള ദിശാബോധം നൽകാൻ ഉപകരിക്കുംവിധം പ്രഗത്ഭരായ ആളുകളുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തി ക്രമീകരിക്കുന്ന ഈ സെമിനാറിന്റെ വിജയം കുട്ടികളുടെ പങ്കാളിത്തത്തിലാണ്. (സമയം: രാവിലെ 9 - വൈകുന്നേരം 4)

## നേതൃനിര വാട്സ്ആപ്പ് നമ്പറുകൾ

നിലവിൽ സൺഡേ സ്കൂൾ നേതൃത്വത്തിലുള്ളവർ (സി.ആർ.റ്റി., ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, ഓഫീസ് സെക്രട്ടറി, എക്കോസ്@സന്ദേശ് മാനേജർമാർ) സ്ഥാനമൊഴിയുമ്പോൾ അവരുടെയും പകരം നിയമിതരാകുന്നവരുടെയും പേരുകളും ഫോൺ നമ്പറുകളും സന്ദേശനിലയത്തിൽ അറിയിക്കുകയും വാട്സ്ആപ്പ് നമ്പറുകൾ നിങ്ങൾ അംഗങ്ങളാകേണ്ട ഗ്രൂപ്പിൽ ചേർക്കപ്പെട്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## ഫൊറോനാ മതാധ്യാപക സെമിനാർ-ധ്യാനം

ഫൊറോനാതലത്തിലെ ഏകദിന സെമിനാറും ഏകദിന ധ്യാനവും ഏകോപിപ്പിച്ച് ഒരുദിവസത്തെ അർധദിന സെമിനാറും അർധദിന ധ്യാനവുമായിട്ടാണ് ഈ വർഷം നടത്തപ്പെടുന്നത് (സമയം: രാവിലെ 9.30 - വൈകുന്നേരം 4.30)

വിശ്വാസപരിശീലകർ ആദ്യന്തം ഇതിൽ പങ്കെടുക്കേണ്ടതും അതിനു സാധിക്കാതെ വന്നാൽ അടുത്തുള്ള ഫൊറോനകളിൽ പങ്കെടുക്കാൻ ഹെഡ്മാസ്റ്റർമാർ സാഹചര്യമൊരുക്കേണ്ടതുമാണ്. ഓഗസ്റ്റിലാരംഭിക്കുന്ന ഇതിന്റെ തീയതികൾ സന്ദേശനിലയം വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ അറിയിക്കുന്നതാണ്.

**സി.ആർ.റ്റി. സമ്പൂർണസമ്മേളനം**

കാറ്റക്കെറ്റിക്കൽ റിസോഴ്സ് റ്റീമിന്റെ സൺഡേ സ്കൂൾ സന്ദർശനങ്ങൾ സെപ്റ്റംബറിലാരംഭിക്കേണ്ടതാണ്. സന്ദർശനത്തിനു മുന്നോടിയായുള്ള സമ്പൂർണ സമ്മേളനം **ഓഗസ്റ്റ് 28** *ഉച്ചകഴിഞ്ഞ് 2.30നു* സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. സന്ദേശനിലയത്തിൽനിന്നും നിർദേശിക്കുന്ന റ്റീമാണു സൺഡേ സ്കൂളുകൾ സന്ദർശിക്കുന്നത്. ഈ സന്ദർശനങ്ങൾ കുറ്റമറ്റതും വസ്തുനിഷ്ഠവും പ്രോത്സാഹനജനവുമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കാലോചിതമായ മാറ്റങ്ങൾ വരുത്തി ഫോമുകൾ പരിഷ്കരിച്ചിട്ടുണ്ട്. ഓരോ സന്ദർശനവും അതർഹിക്കുന്ന ഗൗരവത്തിൽ ഫലപ്രദമാകുന്നതിന് ആദ്യാവസാനംവരെയുള്ള നിങ്ങളുടെ സാന്നിധ്യം ഈ സമ്മേളനത്തിൽ അനിവാര്യമാണ്.

**പ്രത്യേകശ്രദ്ധയ്ക്ക്**

വിശ്വാസോത്സവത്തിന്റെ ബുക്കുകൾ, പാഠപുസ്തകങ്ങളുടെ തുക, മതബോധന ഫണ്ട് എന്നിവ നൽകാനുള്ളവർ എത്രയുംവേഗം അടയ്ക്കേണ്ടതാണ്.

**ആദരാഞ്ജലികൾ**

വിശ്വാസോത്സവത്തിന്റെ റ്റീച്ചിങ് റ്റീമംഗവും സി.ആർ.റ്റി. അംഗവുമായ സി. അർപ്പിത സി.എം.സി., കുമരങ്കരി സൺഡേ സ്കൂൾ അധ്യാപിക സി. ജെസീന്ത എഫ്.ഡി.എസ്.എച്ച്.ജെ. എന്നിവരുടെ മാതാക്കളുടെയും പുതുക്കരി സൺഡേ സ്കൂൾ മുൻ ഹെഡ്മിസ്ട്രസ് വിമലമ്മ ആന്റണിയുടെയും നാൽപ്പാത്തിമല സൺഡേ സ്കൂൾ മുൻ ഹെഡ്മാസ്റ്റർ പി. ജെ. മാത്യുവിന്റെയും തൃക്കൊടിത്താനം സൺഡേ സ്കൂൾ മുൻ ഹെഡ്മാസ്റ്റർ ജേക്കബ് തോമസ് മനയ്ക്കലിന്റെയും മാന്നാനം സൺഡേ സ്കൂൾ അധ്യാപിക ലിസി ഫ്രാൻസിസിന്റെ പിതാവിന്റെയും ഏറ്റുമാനൂർ സൺഡേ സ്കൂൾ മുൻ അധ്യാപകൻ സുബിൻ തോമസിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻ ലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

❑

# ചെറുപുഷ്പ മിഷൻ ലീഗ്
# (CML)

സ്നേഹമുള്ള കുഞ്ഞു മിഷണറിമാരെ,

അൽഫോൻസാ തീർഥാടനത്തിന്റെ ആവേശകരമായ ഒരുക്കവും ആത്മീയമായ അനുഷ്ഠാനങ്ങളും നമ്മെ കൂടുതൽ ചൈതന്യമുള്ളവരാക്കിയിട്ടുണ്ട്. പതിനഞ്ചുനോമ്പിന്റെ സുകൃതങ്ങളും ഒട്ടും ചോരാതെ നമുക്കു സ്വന്തമാക്കാം.

സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഓഗസ്റ്റ്**

**സത്പ്രവൃത്തി:** ഹെബ്രായർ 6:9 പത്തുപ്രാവശ്യം ഉരുവിട്ട് ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിച്ചു പ്രാർഥിക്കുക

01 വെള്ളി : **പതിനഞ്ചുനോമ്പാരംഭം**

02 ശനി : **37-ാമത് അൽഫോൻസാ തീർഥാടനം** *(ഓഫീസ് അവധി)*

04 തിങ്കൾ : വി. ജോൺ മരിയ വിയാനി, ഇടവകവൈദികദിനം, ഇടവക വൈദികർക്കുവേണ്ടി പ്രാർഥിക്കുക

06 ബുധൻ : ഈശോയുടെ രൂപാന്തരീകരണതിരുനാൾ

09 ശനി : ബേത്ലെഹെം മീറ്റ്, പഠനഗ്രന്ഥചർച്ച, കുഞ്ഞേട്ടൻ അനുസ്മരണം: ശാഖകളിൽ

11 തിങ്കൾ : **കുഞ്ഞേട്ടന്റെ 16-ാമതു ചരമവാർഷികം**, അല്മായദിനം

13 ബുധൻ : വി. ജോൺ ബർക്മൻസ് (അൾത്താര ബാലന്മാരുടെ ദിനം)

15 വെള്ളി : **പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം** *(ഓഫീസ് അവധി)*

17 ഞായർ : അൾത്താര ബാലന്മാരുടെ മീറ്റിങ്: ശാഖകളിൽ

**സെപ്റ്റംബർ**

**സത്പ്രവൃത്തി:** 1 തിമോത്തേയോസ് 4:10 പത്തുപ്രാവശ്യം ഉരുവിട്ട് ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിച്ചു പ്രാർഥിക്കുക

01 തിങ്കൾ : എട്ടുനോമ്പാരംഭം

04 വ്യാഴം : ഒന്നാം ഓണം *(ഓഫീസ് അവധി)*

05 വെള്ളി : തിരുവോണം *(ഓഫീസ് അവധി)*, കൊൽക്കത്തയിലെ വി. തെരേസ

08 തിങ്കൾ : **പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ**

09 ചൊവ്വ : **സ്ഥാപക ഡയറക്ടർ ചരമദിനം - ഡയറക്ടേഴ്സ് ഡേ**

## ഇടയനോടൊപ്പം

ഓഗസ്റ്റ് 4 ഇടവകവൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനി യുടെ തിരുനാൾ ഇടവകവൈദികദിനമായാചരിക്കാം. **ഓഗസ്റ്റ് 3** ഞായറാഴ്ച ഇടവകയിലെ വൈദികരെ കുഞ്ഞു മിഷണറിമാർ ഒന്നുചേർന്ന് ആദരിക്കു കയും ആശംസകളറിയിക്കുകയും അവരുടെ ദൈവവിളിയെക്കുറിച്ചു ചോദിച്ച റിയുകയും ചെയ്യാം. ഇടവകയിൽനിന്നു ദൈവവിളി സ്വീകരിച്ച വൈദികർക്കും ഇടവകയിൽ സേവനം ചെയ്ത വൈദികർക്കും ആശംസകളർപ്പിക്കാം.

## കുഞ്ഞേട്ടൻ അനുസ്മരണം

മിഷൻ ലീഗിന്റെ സ്ഥാപകനേതാവു കുഞ്ഞേട്ടന്റെ 16-ാമതു ചരമവാർഷികം ഓഗസ്റ്റ് പതിനൊന്നാണ്. അന്നു തിങ്കളാഴ്ചയായതിനാൽ **ഓഗസ്റ്റ് 9** ശനി യാഴ്ച ശാഖകളിൽ കുഞ്ഞേട്ടൻ അനുസ്മരണം നടത്തേണ്ടതാണ്.

## ജൂബിലി വർഷാചരണം

### കൈത്താക്കാലം

1. ജൂബിലി വർഷത്തിലെ അൽഫോൻസാ തീർഥാടനത്തിനു ജൂലൈ മാസം മുഴുവൻ ത്യാഗ മെടുത്ത്, നോമ്പെടുത്തു ഹൃദയപൂർവമൊരുങ്ങുക.
2. സാധിക്കുന്നവർ പദയാത്രയായിതന്നെ തീർഥാടനത്തിൽ പങ്കുചേരുക.
3. ഫലം പുറപ്പെടുവിക്കുന്നതിനെക്കുറിച്ചു പ്രതിപാദിക്കുന്ന തിരുവചനങ്ങൾ എഴുതി 'ബൈബിൾ വേഴ്സ് ബോക്സിൽ' നിക്ഷേപിക്കുക.

ഓരോ മാസവും മാർഗരേഖയിൽ നൽകിയിരിക്കുന്ന വചനം ഹൃദിസ്ഥമാ ക്കുകയും പത്തുപ്രാവശ്യം ഉരുവിട്ട് ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പി ക്കുകയും ചെയ്യുക.

## നന്ദി-സ്വാഗതം

മിഷൻ ലീഗ് മേഖലാ ഡയറക്ടർമാരായി സേവനമനുഷ്ഠിച്ച ഫാ. ഹെൻറി കോയിൽപ്പറമ്പിൽ (അതിരമ്പുഴ), ഫാ. മാത്യു നടയ്ക്കൽ (കൊല്ലം-ആയൂർ), ഫാ. ജേക്കബ് നടുവിലേക്കളം (മണിമല), ഫാ. ജോസഫ് പൊന്നാറ്റിൽ (തിരു വനന്തപുരം), ഫാ. മാത്യു മുത്തുമാക്കുഴിയിൽ (തുരുത്തി) എന്നിവർക്കു മിഷൻ ലീഗ് കുടുംബം ഹൃദ്യമായ നന്ദിയറിയിക്കുന്നു.

മിഷൻ ലീഗ് മേഖലാ ഡയറക്ടർമാരായി നിയമിതരായ ഫാ. മാത്യു കാവനാട്ട് (അതിരമ്പുഴ), ഫാ. തോമസ് മണിയഞ്ചിറ (മണിമല), ഫാ. തോമസ് കന്യാകോണിൽ (കൊല്ലം-ആയൂർ), ഫാ. ജോസഫ് പാറയ്ക്കൽ (കോട്ടയം), ഫാ. ഗീവർഗീസ് അരഞ്ഞാണിയിൽ (തിരുവനന്തപുരം), ഫാ. അബ്രാഹം തീമ്പല ങ്ങാട്ട് (തുരുത്തി) എന്നിവർക്കു മിഷൻ ലീഗ് കുടുംബത്തിലേക്കു സ്വാഗതം.

മിഷൻ ലീഗ് മേഖലാ ജോയിന്റ് ഡയറക്ടർമാരായി സേവനമനുഷ്ഠിച്ച സി. മെറിൻ എസ്.എ.ബി.എസ്. (ആലപ്പുഴ), സി. എലൈസ് എസ്.എച്ച്. (അമ്പൂരി), സി. റോസ് തെരേസ് എസ്.എ.ബി.എസ്. (ചമ്പക്കുളം), സി. ലെയോ ക്ലെയർ

സി.എം.സി. (ചെങ്ങന്നൂർ), സി. ആൻസ് എസ്.എ.ബി.എസ്. (കൊല്ലം-ആയൂർ), സി. ജൂഡി ക്ലെയർ എഫ്.സി.സി. (കുടമാളൂർ), സി. ലിൻസ് മരിയ എഫ്.സി.സി. (കുറുമ്പനാടം), സി. ഹന്ന സി.എം.സി. (മണിമല), സി. മരിയ സി.എം.സി. (പുളിങ്കുന്ന്), സി. ലില്ലി പോൾ സി.എം.സി. (തൃക്കൊടിത്താനം) എന്നിവർക്കു ഹൃദയംഗമമായ നന്ദിയറിയിക്കുന്നു.

മിഷൻ ലീഗ് മേഖലാ ജോയിന്റ് ഡയറക്ടർമാരായി നിയമിതരായ സി. ജോഫി തെരേസ് സി.എം.സി. (ആലപ്പുഴ), സി. റെജീന എസ്.എച്ച്. (അമ്പൂരി), സി. റോസ്മി എസ്.എ.ബി.എസ്. (ചമ്പക്കുളം), സി. സുദീപ എഫ്.സി.സി. (ചെങ്ങന്നൂർ), സി. ആൽഫി എഫ്.സി.സി. (കുടമാളൂർ), സി. അലീന എഫ്.സി.സി. (കുറുമ്പനാടം), സി. ബിയാട്രിസ് സി.എം.സി. (മണിമല), സി. കൃപ എഫ്.സി.സി. (പുളിങ്കുന്ന്), സി. സൂസി മരിയ സി.എം.സി. (തൃക്കൊടിത്താനം) എന്നിവർക്കു മിഷൻ ലീഗ് കുടുംബത്തിലേക്കു സ്വാഗതം.

❑





**28-ാമത് അഖിലകേരള**
**സ്വാതന്ത്ര്യദിന ക്വിസ്**

**2025 ഓഗസ്റ്റ് 15, വെള്ളി**
**ഉച്ചകഴിഞ്ഞ് 1.30**

**സെന്റിനറി മെമ്മോറിയൽ ഓഡിറ്റോറിയം**
**സെന്റ് തോമസ് ചർച്ച്, നാലുകോടി**

ഒന്നാം സമ്മാനം
**10,000 രൂപ**
**എവർറോളിങ് ട്രോഫി**
രണ്ടാം സമ്മാനം
**5000 രൂപ**
**എവർറോളിങ് ട്രോഫി**
മൂന്നാം സമ്മാനം
**2500 രൂപ**
**എവർറോളിങ് ട്രോഫി**

പ്രിയ സുഹൃത്തുക്കളേ,
78-ാമതു സ്വാതന്ത്ര്യദിനാചരണത്തിന്റെ ഭാഗമായി യുവദീപ്തി-എസ്.എം.വൈ.എം. നാലുകോടി യൂണിറ്റ് ഒരുക്കുന്ന 28-ാമത് അഖിലകേരള സ്വാതന്ത്ര്യദിന ക്വിസ് ഈ വർഷവും സംഘടിപ്പിക്കുന്ന കാര്യം സന്തോഷത്തോടെയറിയിക്കുന്നു. കഴിഞ്ഞവർഷങ്ങളിൽ നിങ്ങൾ നൽകിയ സ്നേഹവും സഹകരണവും നന്ദിയോടെ സ്മരിച്ചുകൊണ്ട് ഏവരെയും സ്വാഗതം ചെയ്യുന്നു.

**ഫാ. സഖറിയാസ് കരിവേലിൽ**
(വികാരി)
**സിന്റോ സി. സിബി, മെർലിൻ ജോർജ്**
(പ്രസിഡന്റുമാർ)

**ഫാ. ഡൊമിനിക് കൊച്ചുമലയിൽ സി.ആർ.എം.**
(അസ്സി. വികാരി, ഡയറക്ടർ)
**സി. അമല എസ്.എം.എം.ഐ.** (ആനിമേറ്റർ)
**മരിയ ജോസഫ്** (ജനറൽ കൺവീനർ)

**വിഷയങ്ങൾ:**
☆ **പൊതുവിജ്ഞാനം** 40% ☆ **ഇൻഡ്യൻ സ്വാതന്ത്ര്യം** 35%
☆ **കറണ്ട് അഫയേഴ്സ്** (2025 ജനുവരി 1 മുതൽ ഓഗസ്റ്റ് 14 വരെ) 25%

**യുവദീപ്തി-എസ്.എം.വൈ.എം.**
**നാലുകോടി യൂണിറ്റ്**

**രജിസ്ട്രേഷനുവേണ്ടി വിളിക്കുക:**
ശരത്ത് -7034806691
സോജൻ - 9847697325

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

സ്വർഗാരോപണതിരുനാളിന്റെയും
സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ

ഈശോയിൽ സ്നേഹമുള്ളവരേ,

നൂറുമേനി സീസൺ 3, ലോഗോസ് ക്വിസ് എന്നിവയിലെ പങ്കാളിത്തത്തിനും അവയുടെ പിന്നിൽ പ്രവർത്തിച്ചവർക്കും നന്ദിയറിയിക്കുന്നു.

2025ലെ ലോഗോസ് ക്വിസ് ജൂബിലി വർഷ മത്സരമാണ്. ഇതിൽ പങ്കെടുക്കുന്നതിന് ഓരോ രൂപതയ്ക്കും കെ.സി.ബി.സി. റ്റാർജറ്റ് നൽകിയിട്ടുണ്ട്. നമ്മുടെ അതിരൂപതയിൽനിന്നും ഒരുലക്ഷമാളുകളെ പങ്കെടുപ്പിക്കാനാണു നിർദേശം. ആയതിനാൽ ആരും ഇതിൽനിന്നു മാറി നിൽക്കരുതെന്ന് അഭ്യർഥിക്കുന്നു.

നൂറുമേനി പുസ്തകം വാങ്ങിയയിനത്തിൽ ഇനിയും ഏതാനും ഇടവകകൾ പണം നൽകാനുണ്ട്. സെന്റ് ജോസഫ് പ്രസ്സിന് പ്രിന്റിങ് ചാർജ് കൊടുക്കേണ്ടതിനാൽ എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിലുണ്ടാകണം.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**നൂറുമേനി സീസൺ 3 ഗ്രാൻഡ് ഫിനാലെ**

നൂറുമേനി സീസൺ 3 ഗ്രാൻഡ് ഫിനാലെ **സെപ്റ്റംബർ 12** *രാവിലെ 10നു* ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നതാണ്. 5 റീജനുകളിലെ മത്സരത്തിൽനിന്നും ഒന്നാം സ്ഥാനത്തെത്തിയ 5 റ്റീമുകളാണ് ഇതിൽ പങ്കെടുക്കുന്നത്.

| | | |
|---|---|---|
| **കുട്ടനാട് റീജൻ**<br>മാത്യു തോമസ്<br>മേരിക്കുട്ടി തോമസ്<br>മെർലി ആൻ മാത്യു<br>തറയിൽ കാനാശ്ശേരി<br>സെന്റ് മേരീസ് ഫൊറോന,<br>പുളിങ്കുന്ന് | **ചങ്ങനാശ്ശേരി റീജൻ**<br>ജയിംസ് കെ. ജേക്കബ്<br>ഷൈനി സെബാസ്റ്റ്യൻ<br>കോലോത്ത്<br>സെന്റ് മേരീസ്,<br>പാറേൽ | **നെടുങ്കുന്നം റീജൻ**<br>സോജി ചാക്കോ<br>മരിയ മാത്യു<br>കൂനാനിക്കൽ<br>സെന്റ് ജോസഫ്സ്,<br>വായ്പൂർ ന്യൂ |
| **കോട്ടയം റീജൻ**<br>ഡോ. സുജിത്ത് ജോ മാത്യു<br>ഡോ. അനു വർഗീസ്<br>മരിയ റോസ്<br>മണിയങ്ങാട്ട്<br>ലൂർദ് മാതാ,<br>അരുവിക്കുഴി | **തിരുവനന്തപുരം റീജൻ**<br>ഡോ. അഭിലാഷ് കെ. തോമസ്<br>ഡോ. പി. സെബാസ്റ്റ്യൻ തോമസ്<br>കുഴിക്കാട്ടിൽ<br>സെന്റ് അൽഫോൻസാ,<br>പോങ്ങുമ്മൂട് | |

## നൂറുമേനി മെഗാ സമ്മേളനം

**സെപ്റ്റംബർ 13** *രാവിലെ ഒമ്പതിനു* ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ നൂറുമേനി മെഗാ സമ്മേളനം നടത്തപ്പെടുന്നതാണ്. കെ.സി.ബി.സി. പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ മുഖ്യാതിഥിയും അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ അധ്യക്ഷനുമാണ്. മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തുന്നതാണ്.

രാവിലെ 8.30നു രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. ഇടവകതലത്തിലും ഫൊറോനാതലത്തിലും സമ്മാനാർഹരായവർ, വീഡിയോ മത്സരത്തിൽ സമ്മാനങ്ങൾ ലഭിച്ചവർ, സങ്കീർത്തനം 119 മനഃപാഠമാക്കിയ സൺഡേ സ്കൂൾ കുട്ടികൾ എന്നിവർക്കു സമ്മാനങ്ങൾ നൽകുന്നതാണ്.

ഓരോരുത്തർക്കും അതത് ഇടവകകളിൽ സമ്മാനക്കൂപ്പണുകൾ എത്തിച്ചു നൽകുന്നതാണ്. സമ്മേളനത്തിനു വരുമ്പോൾ ഓരോരുത്തർക്കും നൽകിയിരിക്കുന്ന കൗണ്ടറുകളിൽ കൂപ്പണുകളിൽ നൽകി സമ്മാനങ്ങൾ വാങ്ങി ഹാളിനുള്ളിൽ തങ്ങൾക്കായി ക്രമീകരിച്ചിരിക്കുന്ന ഇരിപ്പിടങ്ങളിൽ (ഫൊറോന തിരിച്ച്) ഇരിക്കേണ്ടതാണ്. അഭി. പിതാക്കന്മാരോടൊപ്പം ഫോട്ടോയെടുക്കാൻ എല്ലാവർക്കും അവസരമുണ്ട്. സമ്മാനാർഹരായവരെ ഈ സമ്മേളനത്തിലേക്കു പറഞ്ഞയക്കാൻ ഇടവകവികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

❑

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയരേ,

പുതിയ ആരാധനാവത്സരകാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. ശ്ലീഹന്മാരുടെ തീക്ഷ്ണമായ മ്ശിഹാരഹസ്യപ്രഘോഷണത്തിന്റെ ഫലമായുള്ള തിരുസഭയുടെ വളർച്ചയെ ധ്യാനിക്കുന്ന കാലമാണു കൈത്താക്കാലം. സകലസൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടി നിൽക്കുന്ന തിരുസഭയിൽ ദൈവത്തെ മഹത്വപ്പെടുത്താൻ അനുഗ്രഹം സിദ്ധിച്ചവരാണു നമ്മൾ. തിരുസഭയിലൂടെ മാത്രമേ നമുക്ക് ഈശോയെ സ്വന്തമാക്കാൻ സാധിക്കൂ; കാരണം കൗദാശികമായാണ് ഈശോ നമ്മിലേക്കു വരുന്നത്. 'മ്ശിഹാനുഭവം' നമ്മിലേക്കു കൗദാശികമായി (കൂദാശകളിലൂടെ) ചൊരിയുന്നതു തിരുസഭയാണ്.

ക്രിസ്തീയകുടുംബം 'ഗാർഹികസഭ'യാണ്. കുടുംബങ്ങൾ തങ്ങളുടെ സഭാസ്നേഹത്തെ തീർച്ചയായും ആത്മപരിശോധനാവിഷയമാക്കേണ്ടതാണ്. ഈ കാലയളവിൽ ഏറ്റവുമധികം വെല്ലുവിളിക്കപ്പെടുന്ന ഒരു മേഖലയാണു വ്യക്തിപരവും കുടുംബപരവുമായ തലങ്ങളിലുള്ള സഭാസ്നേഹം. സഭയെക്കുറിച്ചു പഠിക്കാനും സഭാത്മക ആത്മീയത സ്വന്തമാക്കാനും തിരുസഭയുടെ ഏറ്റവും പരമമായ ദൈവാരാധനയായ പരിശുദ്ധ കുർബാനയർപ്പണത്തോടുള്ള അടുപ്പത്തിൽ കുടുംബ ആധ്യാത്മികതയുടെ അടിത്തറയുറപ്പിക്കാനും ആത്മാർഥമായി പരിശ്രമിക്കാം. ഈ കാലയളവിലെ സംഘടനായോഗങ്ങളിൽ ഇക്കാര്യങ്ങൾ ധ്യാനാത്മകമായി വിചിന്തനം ചെയ്യാനും അവ എല്ലാത്തലങ്ങളിലും പ്രായോഗികമാക്കാനുമുള്ള മാർഗങ്ങൾ ആരായാനും പരിശ്രമിക്കുന്നത് ഉചിതമാണ്.

സ്നേഹപൂർവം

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

**ജൂലൈ 3: സഭാദിനാഘോഷം**

സീറോമലബാർസഭയുടെ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദുക്റാനാ തിരുനാൾദിനത്തിൽ നടത്തപ്പെട്ട സീറോമലബാർസഭാദിനാഘോഷത്തിൽ അതിരൂപതയെ പ്രതിനിധീകരിച്ചു മാതൃവേദി-പിതൃവേദി അതിരൂപതാഭാരവാഹികൾ പങ്കെടുത്തു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, അതിരൂപതാ ആനിമേറ്റർ സി. ലിൻസ് മേരി തിരുനിലം എസ്.എ.ബി.എസ്., പ്രൊഫ. ഡോ. റോസമ്മ സോണി എന്നിവരുടെ നേതൃത്വത്തിൽ 13 ഭാരവാഹികൾ പരിശുദ്ധ റാസായിലും പൊതുസമ്മേളനത്തിലും സ്നേഹവിരുന്നിലും പങ്കെടുത്തു.

**കേരള ജിയന്ന അച്ചാമ്മ ജേക്കബ് അനുസ്മരണം**

മാതൃസ്നേഹത്തിന്റെ മഹനീയസാക്ഷ്യമായി ഉദരത്തിൽ രൂപംകൊണ്ട 12-ാമത്തെ കുഞ്ഞിനെ തന്റെ ജീവനു ഭീഷണിയുയർത്തിയ രോഗാവസ്ഥ പരിഗണിക്കാതെ ജന്മം നൽകുകയും 6 മാസങ്ങൾക്കുശേഷം ധീരരക്തസാക്ഷിത്വം വരിക്കുകയും ചെയ്ത അച്ചാമ്മ ജേക്കബ് പുലിക്കോട്ട് എന്ന വനിതയുടെ 53-ാം ചരമവാർഷികം ജീവൻ ജ്യോതിസ് പ്രോലൈഫ് സെല്ലിന്റെയും മുട്ടാർ ന്യൂ സെന്റ് തോമസ് ഇടവകയിലെ മാതൃവേദി-പിതൃവേദിയുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു.

ജൂലൈ ആറിന് അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, അന്നമ്മ ജേക്കബിന്റെ കബറിടം സ്ഥിതിചെയ്യുന്ന മുട്ടാർ ന്യൂ സെന്റ് തോമസ് ഇടവകയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. അനുസ്മരണസമ്മേളനത്തിൽ അസ്സി. ഡയറക്ടർ ഫാ. ജോൺ തറക്കുന്നേൽ ഉദ്ഘാടനസന്ദേശം നൽകി. കബറിടത്തിൽ ഒപ്പീസ് നടത്തി. വികാരി ഫാ. ജോസഫ് കട്ടപ്പുറം ശുശ്രൂഷകൾക്കു നേതൃത്വംവഹിച്ചു. അച്ചാമ്മ ജേക്കബ് ധീരമായി ജന്മം നൽകിയ മകൻ (12-ാമൻ) ഫാ. റെജി പുലിക്കോട്ട് എസ്.ഡി.ബി. ശുശ്രൂഷകൾക്കു സഹകാർമികനായിരുന്നു. പ്രോലൈഫ് സെക്രട്ടറി റെജി ആഴാഞ്ചിറ സന്ദേശം നൽകി.

**ഫൊറോനാസന്ദർശനങ്ങൾ**

മാതൃവേദി-പിതൃവേദി അതിരൂപതാഭാരവാഹികളുടെ ഫൊറോനാസന്ദർശനങ്ങളാരംഭിച്ചു. ജൂലൈ 13നു മുഹമ്മ ഫൊറോനാ യൂണിറ്റുകളിലെ ഭാരവാഹികളുടെ സംയുക്തസമ്മേളനത്തിൽ അതിരൂപതാഭാരവാഹികൾ പങ്കെടുത്തു. ചെങ്ങന്നൂർ ഫൊറോന ചെങ്ങന്നൂർ യൂണിറ്റിൽ ജൂലൈ 27ന് അതിരൂപതാഭാരവാഹികൾ പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും മാതൃ-പിതൃസംഗമത്തിൽ മാതാപിതാക്കളുമായി സംവദിക്കുകയും ചെയ്തു.

**ഫൊറോനാ ഡയറക്ടർമാരുടെ സമ്മേളനം**

ഫാമിലി അപ്പോസ്തലേറ്റ്, മാതൃവേദി-പിതൃവേദി ഫൊറോനാ ഡയറക്ടർമാരുടെ സമ്മേളനം ഓൺലൈനായി നടത്തപ്പെട്ടു. വരുംമാസങ്ങളിലെ പരിപാടികൾ സംബന്ധിച്ചുള്ള ചർച്ചകൾ നടത്തി.

**ജൂലൈ 27: ഗ്രാന്റ് പേരന്റ്സ് ഡേ**

ഈശോയുടെ മുത്തച്ഛനും മുത്തശ്ശിയുമായ യോവാക്കിം-അന്ന ദമ്പതികളുടെ തിരുനാളിനോടനുബന്ധിച്ചു യൂണിറ്റുകളിൽ ജൂലൈ 27 ഗ്രാന്റ് പേരന്റ്സ് ദിനമായി ആലോഷിച്ചു.

## ഓർമിക്കാൻ

ഓഗസ്റ്റ് 04 ഇടവകവൈദികരുടെ മധ്യസ്ഥൻ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

ഓഗസ്റ്റ് 15 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണതിരുനാൾ, സ്വാതന്ത്ര്യ ദിനം

ഓഗസ്റ്റ് 28 അതിരൂപതാതലനേതൃസംഗമം: ഫൊറോനാ ആനിമേറ്റർമാർ, പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ട്രെഷറർമാർ, അതിരൂപതാ ആനിമേഷൻ റ്റീമംഗങ്ങൾ എന്നിവരുടെ സംയുക്തസമ്മേളനം
സ്ഥലം: പാസ്റ്ററൽ സെന്റർ, ചങ്ങനാശ്ശേരി
സമയം: രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ഓഗസ്റ്റ് | 09, 10, 11 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 25, 26, 27 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| സെപ്റ്റംബർ | 01, 02, 03 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 15, 16, 17 | |
| | 30, ഒക്ടോ. 01, 02 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |

**വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**

❑

## നിത്യതയിലേക്ക്



**സി. പെട്രീഷ്യ ഗോപുരത്തിങ്കൽ CMC**

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു."
*(2 തിമോ. 4:7)*

# യുവദീപ്തി-എസ്.എം.വൈ.എം.

**അതിരമ്പുഴ ഫൊറോനാ ക്യാംപ്**

അതിരമ്പുഴ ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലന ക്യാംപ് ജൂൺ 27-29 തീയതികളിൽ അതിരമ്പുഴ സെന്റ് അലോഷ്യസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ജോയൽ ജോസിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ സ്കൂൾ പ്രിൻസിപ്പൽ വിനു ജോൺ കുന്നത്തേട്ട് ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫാ. ആന്റണി മണക്കുന്നേൽ, സി. ഫ്ളവർലിറ്റ് തുണ്ടിയിൽ എസ്.എ.ബി.എസ്., മിഷാൽ പി. ബിജു, ബ്ലെസി മരിയ തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. ഫാ. ജോൺ പതാലിൽ, ഫാ. സാവിയോ മാനാട്ട്, ഫാ. മാത്യു പള്ളിച്ചിറ, ഫാ. ജോസഫ് പുതുവീട്ടിൽകളം എന്നിവർ ക്ലാസ്സുകളെടുത്തു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ, അഭി. മാർ ജോസഫ് പെരുന്തോട്ടം, അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളി വികാരി ഫാ. മാത്യു പടിഞ്ഞാറേക്കുറ്റ്, എസ്.എം.വൈ.എം. ഗ്ലോബൽ ഡയക്ടർ ഫാ. ജേക്കബ് ചക്കാത്ര എന്നിവർ ക്യാംപ് സന്ദർശിച്ചു സന്ദേശം നൽകി. റീജന്റ് ബ്രദർ ജോയൽ തോണക്കര, എലിസബത്ത് വർഗീസ്, ആനി കെ. തോമസ് എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**കോട്ടയം ഫൊറോനാ ക്യാംപ്**

കോട്ടയം ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലന ക്യാംപ് ജൂൺ 27-29 തീയതികളിൽ മാങ്ങാനം സ്പിരിചാലിറ്റി സെന്ററിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ജിറ്റോ ജയിംസിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയുടെ വികാരി ഫാ. ജേക്കബ് വട്ടക്കാട്ട് ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ലിസ പ്രിയേഷ്, എയ്ഞ്ചൽ ആന്റണി എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് ഈറ്റയ്ക്കകുന്നേൽ, ഫാ. സാവിയോ മാനാട്ട്, ഫാ. മാത്യു പള്ളിച്ചിറ, ഫാ. ജോസഫ് പുതുവീട്ടിൽകളം എന്നിവർ ക്ലാസ്സുകളെടുത്തു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ക്യാംപ് സന്ദർശിച്ചു സന്ദേശം നൽകി. ക്രിസ്റ്റി കെ. കുഞ്ഞുമോൻ, ജിയ വിൽസൻ, സ്നേഹ സെബാസ്റ്റ്യൻ, റോസി ജോജി, സാവിയോ ബിജു എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**19-ാമതു നിരണം തീർഥാടനം**

അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ 19-ാമതു നിരണം തീർഥാടനം ജൂലൈ ആറിനു നടത്തപ്പെട്ടു. രാവിലെ ഏഴിന് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയങ്കണത്തിലെ മാർത്ത് മറിയം കബറിടപ്പള്ളിയിലർപ്പിക്കപ്പെട്ട പരിശുദ്ധ കുർബാനയ്ക്കുശേഷം പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് കത്തിച്ച തിരി അതി

രൂപതാ പ്രസിഡന്റ് അരുൺ റ്റോം തോപ്പിലിനും യുവദീപ്തി പതാക അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസിനും കൈമാറിക്കൊണ്ടു തീർഥാടനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയക്ടർ ഫാ. സാവിയോ മാനാട്ട് ആമുഖപ്രസംഗം നടത്തി.

ചങ്ങനാശ്ശേരി സെൻട്രൽ ജംഗ്ഷൻ, ളായിക്കാട്, ഇടിഞ്ഞില്ലം, വേങ്ങൽ, കാവുംഭാഗം, പൊടിയാടി വഴി തീർഥാടനം നിരണത്തെത്തി. പൊടിയാടി മുതൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ തീർഥാടനപദയാത്രയിൽ പങ്കെടുത്തു. തീർഥാടനകേന്ദ്രത്തിലെത്തിയപ്പോൾ അഭി. മെത്രാപ്പോലീത്താ കൽവിളക്കിൽ തിരിതെളിച്ചു. തീർഥാടനകേന്ദ്രത്തിന്റെ റെക്ടർ ഫാ. ജോർജ് മൂലങ്കുന്നം, സ്പിരിച്വൽ ഡയറക്ടർ ഫാ. ജോർജ് വല്ലയിൽ എന്നിവർ തീർഥാടകരെ സ്വീകരിച്ചു. മാർ തോമാ ശ്ലീഹായുടെ തിരുശേഷിപ്പുകൂടാരത്തിലെ പ്രാർഥനയ്ക്കുശേഷം നേർച്ചഭക്ഷണം വിതരണം ചെയ്തു.

അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് എന്ദാനാ പ്രാർഥന നയിച്ചു. ഫാ. ജോസഫ് പുതുവീട്ടിൽകളം, സി. തെരസീന എൽ.ഡബ്ല്യൂ. എസ്.എച്ച്., റീജന്റ് ബ്രദർ ജോയൽ തോണക്കര, ക്രിസ്റ്റി കെ. കുഞ്ഞുമോൻ, അലക്സ് മഞ്ഞുമ്മൽ, ലാലിച്ചൻ മറ്റത്തിൽ, ജിയ വിൽസൻ, ലൂസി ഫിലിപ്പോസ്, ഡെന്നി തോമസ്, മിഷാൽ പി. ബിജു, ജെസ്ന ജയിംസ്, സെവിൻ തോമസ്, ബെറ്റ്സി തോമസ്, സ്നേഹ സജി, സ്നേഹ സെബാസ്റ്റ്യൻ, ജോബിൻ ജോസഫ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

### അമ്പൂരി ഫൊറോനാ ക്യാംപ്

അമ്പൂരി ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലന ക്യാംപ് ജൂലൈ 11-13 തീയതികളിൽ കുറ്റിച്ചൽ ലൂർദ് മാതാ എൻജിനീയറിങ് കോളേജിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് അനീഷ് പി.യുടെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ കോളേജ് ഡയറക്ടർ ഫാ. വർഗീസ് അറയ്ക്കൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ആന്റണി തറക്കുന്നേൽ, ഫൊറോനാ ആനിമേറ്റർ സി. സ്നേഹ എസ്.എച്ച്., മരിയ കെ. ലിജോ, ബിൻസി ജോസഫ്, അജോ ജോർജ്, ജ്യോതി എൽ. ആർ. എന്നിവർ പ്രസംഗിച്ചു. ഫാ. ജോൺ പതാലിൽ, ഫാ. സാവിയോ മാനാട്ട്, ഫാ. മാത്യു പള്ളിച്ചിറ, ഫാ. ജോസഫ് പുതുവീട്ടിൽകളം എന്നിവർ ക്ലാസ്സുകളെടുത്തു. ഫാ. മാത്യു പൊട്ടനാനിയിൽ എം.എസ്.റ്റി. പരിശുദ്ധ കുർബാനയുടെ ആരാധന നയിച്ചു. റീജന്റ് ബ്രദർ ജോയൽ തോണക്കര, എലിസബത്ത് വർഗീസ്, അലീന മരിയ മാത്യു, അലക്സ് മഞ്ഞുമ്മൽ, ജോയൽ എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

### തിരുവനന്തപുരം ഫൊറോനാ ക്യാംപ്

തിരുവനന്തപുരം ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലന ക്യാംപ് ജൂലൈ 11-13 തീയതികളിൽ വെഞ്ഞാറമ്മൂട് അമല പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് അബ്ജോ ജോണിയുടെ അധ്യക്ഷതയിലുള്ള

യോഗത്തിൽ സിഞ്ചെള്ളൂസും തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയുടെ വികാരിയുമായ വെരി റവ. ഫാ. ജോൺ തെക്കേക്കര ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ഗ്രിഗറി മേപ്പുറം, അതിരൂപതാ പ്രസിഡന്റ് അരുൺ റ്റോം തോപ്പിൽ, റോസ്മി ഷാജി, അതിരൂപതാ വൈസ് പ്രസിഡന്റ് ബെറ്റ്സി ബോസ് എന്നിവർ പ്രസംഗിച്ചു. ഫാ. ജോൺ പതാലിൽ, ഫാ. സാവിയോ മാനാട്ട്, ഫാ. മാത്യു പള്ളിച്ചിറ, ഫാ. ജോസഫ് പുതുവീട്ടിൽകളം തുടങ്ങിയവർ ക്ലാസ്സുകളെടുത്തു. ഫാ. ആന്റണി കാച്ചാംകോട് പരിശുദ്ധ കുർബാനയുടെ ആരാധന നയിച്ചു. സ്നേഹ സെബാസ്റ്റ്യൻ, ആനി കെ. തോമസ്, റോസി ജോജി, ജിറ്റോ ജയിംസ്, സാവിയോ ബിജു എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**മാക് യൂത്ത്–മീഡിയ മീറ്റ് 2025**

യൂണിറ്റുകളിലെ മീഡിയ കോഡിനേറ്റർമാർക്കും മീഡിയ വിഭാഗത്തിലുള്ളവർക്കുമായി അതിരൂപതാ യുവദീപ്തിയുടെ നേതൃത്വത്തിൽ മീഡിയ വില്ലേജിന്റെ സഹകരണത്തോടെ *മാക് യൂത്ത്-മീഡിയ മീറ്റ് 2025* എന്ന പേരിൽ ജൂലൈ 20നു കുരിശുമ്മൂട് മീഡിയ വില്ലേജിൽ സെമിനാർ നടത്തപ്പെട്ടു.

**യുവജനദിനാചരണം: 'റിവൈവ് 2K25'**

യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ **ഓഗസ്റ്റ് 10** *ഉച്ച കഴിഞ്ഞ് രണ്ടു മുതൽ* നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാ പ്പള്ളിയുടെ ഹാളിൽ *റിവൈവ് 2K25* എന്ന പേരിൽ യുവജനദിനാചരണം നടത്തപ്പെടുന്നതാണ്. സമ്മേളനം, കലാപരിപാടികൾ, മ്യൂസിക്കൽ ബാന്റ് എന്നിവ ഇതിന്റെ ഭാഗമാണ്.

**ഓഗസ്റ്റിലെ പരിപാടികൾ**

| | | |
|---|---|---|
| 03 | - | അർധവാർഷിക സെനറ്റ് |
| 10 | - | അതിരൂപതാ യുവജനദിനാചരണം |
| 15 | - | സ്വർഗാരോപണതിരുനാൾ |
| 15 - 17 | - | ഫൊറോനാ ക്യാംപ്: കുടമാളൂർ, നെടുങ്കുന്നം |
| 24 | - | അതിരൂപതാരചനാമത്സരങ്ങൾ |
| 29 - 31 | - | ഫൊറോനാ ക്യാംപ്: കൊല്ലം - ആയൂർ |

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**അരുൺ റ്റോം തോപ്പിൽ**
*(പ്രസിഡന്റ്)*

❑

# സീയോൻ ധ്യാനകേന്ദ്രം

**സീനിയർ സിറ്റിസൺസ് ഗ്രെയ്സ്ഫുൾ ധ്യാനം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷ സന്ദേശം 'എല്ലാവർക്കും പ്രത്യാശ' എന്നതാണ്. പ്രായാധിക്യത്താൽ ജീവിക്കാനുള്ള പ്രത്യാശ കുറയുന്നവരാണു വൃദ്ധജനങ്ങൾ. പ്രായമായ മാതാപിതാക്കൾക്കു പ്രത്യാശയും സമാധാനവും സന്തോഷവും പകരുന്നതാണു ഗ്രെയ്സ്ഫുൾ ധ്യാനം. ഇക്കാര്യം പള്ളികളിലറിയിക്കാനും അവരെ ഈ ധ്യാനത്തിൽ പങ്കെടുപ്പിക്കാനും വികാരിയച്ചന്മാർ മുൻകൈയെടുക്കണം.

ബുക്കിങ്ങിന്: **8086399023, 9495107045**

**അടുത്തധ്യാനങ്ങൾ:**
**ഓഗസ്റ്റ് 24-27**
**സെപ്റ്റംബർ 07-10**

**ജൂബിലി വർഷത്തിൽ ഇടവകകളിൽ സീനിയർ സിറ്റിസൺ സംഗമം, രോഗീദിനാചരണം എന്നിവ നടത്താൻ വിളിക്കുക: 9495107045**

**ഓഗസ്റ്റിലെ ശുശ്രൂഷകൾ**

04-07 : കുട്ടികൾക്കുള്ള ധ്യാനം (ഇംഗ്ലീഷ്)
14-17 : യുവജനധ്യാനം
20-23 : വിശ്വാസവളർച്ചാധ്യാനം
(ഫാ. പോൾ വേങ്ങാശ്ശേരി)

ബുക്കിങ്ങിന്: **9778167769** (വാട്സ്ആപ് മാത്രം)

09-11 : വിവാഹഒരുക്ക സെമിനാർ
24-27 : സീനിയർ സിറ്റിസൺസ് ധ്യാനം

**സീയോൻ ധ്യാനകേന്ദ്രത്തിൽ ക്യാംപുകളും മറ്റുശുശ്രൂഷകളും നടത്താനാഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.**

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

❑

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

## ചാസ്സിൽനിന്നും ആശംസകൾ

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

സ്വാതന്ത്ര്യത്തിന്റെ 78-ാമതു വാർഷികമാഘോഷിക്കുന്ന ഈയവസരത്തിൽ സ്വാതന്ത്ര്യസമരസേനാനികളെ ഓർക്കുകയും അവരുടെ ധീരതയെ സ്മരിക്കുകയും ചെയ്യാം. നമ്മുടെ രാജ്യം ഒരുപാടു മേഖലകളിൽ ഉയർച്ച കൈവരിച്ചുകൊണ്ടിരിക്കുകയാണ്. അത് ഓരോ പൗരന്റെയും ദേശസ്നേഹത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമാണ്. മതേതരത്വം കാത്തുസൂക്ഷിക്കാൻ നാം ശ്രദ്ധാലുക്കളാകണം. ഇടവകാതിർത്തിയിലുള്ള സൈനികരെ സ്വാതന്ത്ര്യദിനത്തിൽ ആദരിക്കുന്നത് ഉചിതമാണ്.

നമ്മുടെ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ സജീവമാകുമ്പോഴാണു ചാസ്സ് ജനങ്ങളിലേക്ക് എത്തപ്പെടുന്നത്. ചാസ്സിനെ ജനങ്ങളുമായി കണ്ണിചേർക്കുന്ന വളരെ പ്രധാനപ്പെട്ട 2 പ്രവർത്തനങ്ങളാണു മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമും സ്വാശ്രയസംഘങ്ങളും. നമ്മുടെ സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ യൂണിറ്റ് തലങ്ങളിൽ ശക്തിപ്പെടുത്തണം. വ്യത്യസ്തങ്ങളായ പരിപാടികളും വരുമാനദായകപദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിൽ ശ്രദ്ധിക്കണം.

ലീഡേഴ്സ് മീറ്റിങ്, സംഘസംഗമം, സ്വാശ്രയസംഘസന്ദർശനം തുടങ്ങിയവ ക്രമമായി നടക്കുന്നുണ്ടെന്നു യൂണിറ്റുകൾ ഉറപ്പുവരുത്തണം. സ്വാശ്രയസംഘങ്ങളുടെ ഓഡിറ്റിങ് യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തപ്പെടേണ്ടത് ആവശ്യമാണ്. ഓരോ യൂണിറ്റിന്റെയും നേതൃത്വത്തിൽ കുറഞ്ഞത് 2 സ്വാശ്രയസംഘങ്ങളെങ്കിലും ഈ വർഷമാരംഭിക്കണം.

നമ്മുടെ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ സാന്നിധ്യവും സഹകരണവും ഉറപ്പുവരുത്താൻ സാധിക്കണം. യുവജനങ്ങളുടെയും മതാധ്യാപകരുടെയും സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുന്നത് ഇന്നിന്റെ ആവശ്യമാണ്. നമ്മുടെ ഇടവകാതിർത്തിയിലുള്ള എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനം പുത്തനുണർവു നൽകും. ചാസ്സിന്റെ പ്രവർത്തനങ്ങൾ യൂണിറ്റ് തലത്തിൽ നടപ്പിലാക്കി നമ്മുടെ ജനകീയ അടിത്തറ കൂടുതൽ ശക്തിപ്പെടുത്താൻ പരിശ്രമിക്കാം. ഏവർക്കും സ്വാതന്ത്ര്യദിനാശംസകൾ നേരുന്നു .

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ സംഗമം:** ചാസ്സിന്റെ മേഖലകളിലെ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ സംഗമം ജൂൺ 25നു ചാസ്സ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം അധ്യക്ഷതവഹിച്ചു. റിട്ട. പ്രോജക്റ്റ് ഓഫീസർ ജോബി മാത്യു ചാസ്സിന്റെ പ്രവർത്തനമേഖലകളെക്കുറിച്ചും അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല പദ്ധതികളെക്കുറിച്ചും മേഖലാ കോഡിനേറ്റർ ബിനു ജോസഫ് കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ ചുമതലകളെക്കുറിച്ചും വിശദീകരിച്ചു. 160 പേർ ഇതിൽ പങ്കെടുത്തു.

**അന്താരാഷ്ട്രലഹരിവിരുദ്ധദിനാചരണം:** ലഹരിയുടെ ഉപയോഗത്തിനെതിരെ കേന്ദ്രസാമൂഹികനീതിശക്തീകരണമന്ത്രാലയത്തിന്റെ കീഴിലെ സ്റ്റേറ്റ് ലെവൽ കോഡിനേറ്റിങ് ഏജൻസിയായ ചാസ്സിന്റെ നേതൃത്വത്തിൽ ആത്മതാകേന്ദ്രം, കെ.സി.എസ്.എൽ., യുവദീപ്തി-എസ്.എം.വൈ.എം., മറ്റുജനകീയകൂട്ടായ്മകൾ എന്നിവയുടെ സഹകരണത്തോടെ ജൂൺ 26നു ലഹരിവിരുദ്ധദിനാചരണം നടത്തപ്പെട്ടു. ചങ്ങനാശ്ശേരി ഡി.വൈ.എസ്.പി., കെ. പി. തോംസൺ റാലി ഫ്ളാഗ് ഓഫ് ചെയ്തു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവഹിച്ചു മുഖ്യസന്ദേശം നൽകി. പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ആമുഖസന്ദേശം നൽകി.

ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല ലഹരിവിരുദ്ധപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ്, യുവദീപ്തി-എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. മാത്യു പള്ളിച്ചിറ എന്നിവർ സന്നിഹിതരായിരുന്നു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ്; സെന്റ് ആൻസ്; സെന്റ് ജോസഫ്സ്, വാഴപ്പള്ളി സെന്റ് തെരേസാസ്, കുറുമ്പനാടം സെന്റ് പീറ്റേഴ്സ്, മാമ്മൂട് സെന്റ് ഷന്താൾസ്, ളായിക്കാട് മേരി റാണി എന്നീ സ്കൂളുകളിലെയും ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് നേഴ്സിങ്, കുരിശുമ്മൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ, ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ്; അസംപ്ഷൻ എന്നീ കോളേജുകളിലെയും വിദ്യാർഥികളുടെ റാലി, തെരുവുനാടകം, ഫ്ളാഷ് മോബ്, മ്യൂസിക്കൽ ഡ്രാമ എന്നിവ ഇതിന്റെ ഭാഗമായിരുന്നു.

**സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (എസ്.എം.എ.എം.)**

കാർഷികമേഖലയുടെ നവോത്ഥാനത്തിനു യന്ത്രവത്കരണം നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന എസ്.എം.എ.എം. പദ്ധതി പരിചയപ്പെടുത്തുന്നതിനും ചാസ്സിന്റെ പ്രവർത്തകരിലേക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനുമായി ജൂലൈ അഞ്ചിനു ചാസ്സ് കേന്ദ്രഓഫീസിൽ യോഗം നടത്തപ്പെട്ടു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം അധ്യക്ഷതവഹിച്ചു. കുബോട്ട, മിഫ എന്നീ കമ്പനികളുടെ പ്രതിനിധികൾ 50 മുതൽ 80% വരെ സബ്സിഡിയോടുകൂടി കാർഷികയന്ത്രങ്ങൾ ലഭ്യമാക്കുന്ന പദ്ധതികളറിയിച്ചു. 35 കർഷകർ ഇതിൽ പങ്കെടുത്തു.

**എസ്.ബി.ഐ. ലൈഫ് ഇന്റർവ്യൂ:** ചാസ്സിന്റെ ആഭിമുഖ്യത്തിൽ അഭ്യസ്ത വിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്കു ജോലി ഉറപ്പാക്കുന്നതിനായി എസ്.ബി.ഐ. ലൈഫുമായി സഹകരിച്ചു ജൂലൈ 14നു ചാസ്സ് കോൺഫെറൺസ് ഹാളിൽ ഇന്റർവ്യൂ നടത്തപ്പെട്ടു.

**വിദ്യാർഥികൾക്ക് ഓറിയന്റേഷൻ പ്രോഗ്രാം:** ബിരുദാനന്തരബിരുദപഠനഭാഗമായി ജൂലൈ 15, 16 തീയതികളിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ്, അസംപ്ഷൻ കോളേജുകളിലെ വിദ്യാർഥികൾക്കുവേണ്ടി ചാസ്സ് കോൺഫെറൺസ് ഹാളിൽ ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു.

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 16.07.2025 | കോട്ടയ്ക്കുപുറം | കൃപ | 11 |

### ബാങ്ക് ലോൺ

ചാസ്സിന്റെ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി.കളിലെ അംഗങ്ങൾക്കു സ്വയംതൊഴിൽസംരംഭം ഏറ്റെടുത്തു നടത്തുന്നതിനും കാർഷികാവശ്യങ്ങൾക്കുമായി ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിവിടങ്ങളിൽ നിന്ന് 2 ജെ.എൽ.ജി.കൾക്ക് 6.5 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 20.06.2025 | ഹരിത | അക്ഷര | ഫാത്തിമാപുരം |
| 16.07.2025 | അനുഗ്രഹ | അനുഗ്രഹ | കറിക്കാട്ടൂർ |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1. എസ്.എച്ച്.ജി. മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 20,000 രൂപ വീതം അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 716. ജോൺ പി. ജെ. | സെന്റ് ആന്റണീസ് | കിളിരൂർ | കുടമാളൂർ |
| 717. അന്നമ്മ ജോസഫ് | മരിയ | ചെറുവാണ്ടൂർ | അതിരമ്പുഴ |

**2. മ്യൂചൽ ബനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 12 കുടുംബങ്ങൾക്ക് 1,20,000 രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1241. ചെറിയാൻ തോമസ് കൊച്ചുപറമ്പ് | ചങ്ങങ്കരി | എടത്വാ |
| 1242. റെയ്ച്ചൽ ചാക്കോ മണിയങ്കേരിയിൽ | കിളിരൂർ | കുടമാളൂർ |
| 1243. ജോർജ് റ്റി. തിരുനിലം | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1244. മോളി മാത്യു മഠത്തുവയലിൽ | ഇരവുചിറ | കുറുമ്പനാടം |
| 1245. ത്രേസ്യാമ്മ തോമസ് കണിയാംപറമ്പിൽ | കൂത്രപ്പള്ളി | നെടുങ്കുന്നം |
| 1246. മേരിക്കുട്ടി മാത്യു കൊച്ചുപറമ്പ് | മരിയാപുരം | എടത്വാ |

| | | |
|---|---|---|
| 1247. ഡി. മറിയമ്മ മുട്ടത്തിൽ | ഫിൽഗിരി | കൊല്ലം |
| 1248. എം. എം. സെബാസ്റ്റ്യൻ മാറാട്ടുകുളം | പാറേക്കടവ് | ചങ്ങനാശ്ശേരി |
| 1249. മോളിക്കുട്ടി ഫിലിപ്പ് വേളശ്ശേരി | ചങ്ങങ്കരി | എടത്വാ |
| 1250. പി. വി. ചാക്കോ പള്ളിത്തറ | ചങ്ങങ്കരി | എടത്വാ |
| 1251. അന്നമ്മ ജോസഫ് വലിയപറമ്പ് | വെളിയനാട് | പുളിങ്കുന്ന് |
| 1252. ജെസ്സി വർഗീസ് നീണ്ടുപറമ്പിൽ | ചേപ്പുംപാറ | കോട്ടയം |

## മേഖലാവാർത്തകൾ

**അനുമോദനം:** വെട്ടിമുകൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ 23ന് 10, +2 പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ 12 കുട്ടികൾക്കു ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു. നിർധനരായ വിദ്യാർഥികൾക്കു യൂണിറ്റ് ഡയറക്ടർ ഫാ. സിറിൽ നാൽപ്പതാംകളം നോട്ടുബുക്ക് വിതരണം ചെയ്തു. ഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

**ഫലവൃക്ഷത്തൈവിതരണം:** വെട്ടിമുകൾ യൂണിറ്റിലെ കർഷകസംഘത്തിന്റെ നേതൃത്വത്തിൽ ജൂൺ 25നു ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. സിറിൽ നാൽപ്പതാംകളം പ്രസിഡന്റ് ജോസ് വാക്കാട്ടിലിനു വൃക്ഷത്തൈ നൽകി ഉദ്ഘാടനം നിർവഹിച്ചു.

കൂരോപ്പട യൂണിറ്റിന്റെയും ഫാർമേഴ്സ് ക്ലബിന്റെയും നേതൃത്വത്തിൽ ജൂൺ 29നു ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ 250 ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ബനഡിക്റ്റ് മാളേക്കൽ സി.എം.ഐ. ഉദ്ഘാടനം നിർവഹിച്ചു.

**സ്വാശ്രയസംഘ ഉല്പന്നങ്ങളുടെ വിതരണം–പ്രദർശനം:** ഏറ്റുമാനൂർ യൂണിറ്റിലെ സ്വാശ്രയസംഘാംഗങ്ങളുടെ നേതൃത്വത്തിൽ ജൂലൈ 14നു സ്വയം തൊഴിൽസംരംഭത്തിന്റെ ഭാഗമായി നിർമിച്ച കറി പൗഡറുകളുടെയും അച്ചാറുകളുടെയും പ്രദർശനവും വിപണനവും നടത്തപ്പെട്ടു.

**ലഹരിവിരുദ്ധബോധവത്കരണ റാലി:** കുറുമ്പനാടം അസംപ്ഷൻ യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ 29നു ലഹരിവിരുദ്ധബോധവത്കരണ റാലിയും സെമിനാറും നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് കൊച്ചുപറമ്പിൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. എക്സൈസ് ഇൻസെപ്ക്ടർ അഭിലാഷ് ആർ., കോട്ടയം നാർക്കോട്ടിക് സെൽ എസ്.എച്ച്.ഒ. മാത്യു പോൾ, എന്നിവർ ലഹരിവിരുദ്ധസന്ദേശം നൽകി. കൗൺസിലർ വിനായക് എസ്. കാർത്തികേയൻ, അസ്സി. വികാരി ഫാ. ജോസഫ് പാറത്താനം, മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ, വാർഡ് മെമ്പർ ഫിലോമിന മാത്യു, യുവദീപ്തി വൈസ് പ്രസിഡന്റ് ജെസ്റ്റി എന്നിവർ പ്രസംഗിച്ചു.

**ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സ്:** കിളിരൂർ യൂണിറ്റിലെ സൺഡേ സ്കൂൾ കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്കുവേണ്ടി ജൂൺ 30നു

പള്ളിയുടെ ഹാളിൽ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർ റീനി ഏലിയാസിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു.

കുളത്തൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വാശ്രയസംഘാംഗങ്ങൾക്കുവേണ്ടി ജൂലൈ 14ന് എസ്.എൽ.സി.എ. റ്റീമംഗം മാത്യു തച്ചിലേട്ടിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് അഞ്ചുപങ്കിൽ അധ്യക്ഷതവഹിച്ചു. 55 അംഗങ്ങൾ ഇതിൽ പങ്കെടുത്തു.

ളായിക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വാശ്രസംഘാംഗങ്ങൾക്കുവേണ്ടി ജൂലൈ 18നു ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു താന്നിയത്ത് അധ്യക്ഷതവഹിച്ചു. 35 അംഗങ്ങൾ ഇതിൽ പങ്കെടുത്തു.

വില്ലൂന്നി ചാസ്സ് യൂണിറ്റ്, യുവദീപ്തി-എസ്.എം.വൈ.എം. എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജൂലൈ 20നു സൺഡേ സ്കൂൾ കുട്ടികൾക്കും അധ്യാപകർക്കുംവേണ്ടി എക്സൈസ് ഓഫീസർ പ്രിയ ഹരിഷിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധബോധവത്കരണ സെമിനാർ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു.

**തയ്യൽപരിശീലനം:** മാമ്മൂട് യൂണിറ്റിൽ ജൂലൈ 14നു തയ്യൽപരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കൈതപ്പറമ്പിൽ അധ്യക്ഷത വഹിച്ച യോഗം ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ ഉദ്ഘാടനം ചെയ്തു. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ പരിപാടികൾക്കു നേതൃത്വം നൽകി. 20 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

❑

# ചാസ്സ്–ഖാദി ഗ്രാമവ്യവസായമേഖല

**ബീ–കീപ്പിങ് ഹോബി കോഴ്സുകൾ**

ജൂലൈ ഏഴിനു ശാസ്താംകോട്ട ഡി. ബി. കോളേജിലാരംഭിച്ച ഒരാഴ്ചത്തെ ബീ–കീപ്പിങ് ഹോബി കോഴ്സ് ജൂലൈ 12ന് അവസാനിച്ചു. 55 വിദ്യാർഥികൾ ഇതിൽ പങ്കെടുത്തു.

ജൂലൈ 16നു കോട്ടയം ബസേലിയസ് കോളേജിലാരംഭിച്ച ഒരാഴ്ചത്തെ ബീ–കീപ്പിങ് ഹോബി കോഴ്സ് ജൂലൈ 22ന് അവസാനിച്ചു. 19 വിദ്യാർഥികൾ ഇതിൽ പങ്കെടുത്തു.

**ഏകദിനവ്യവസായസംരംഭകത്വശില്പശാല**

മാടപ്പള്ളി ലിറ്റിൽ ഫ്ളവർ പള്ളിയിൽ തൊഴിൽരഹിതരായ യുവതികൾക്കു വേണ്ടി ജൂലൈ 19നു നടത്തപ്പെട്ട ഏകദിനവ്യവസായസംരംഭകത്വശില്പ ശാലയിൽ 20 പേർ പങ്കെടുത്തു. ഓഗസ്റ്റ് 24നു പള്ളിയുടെ ചാസ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ 3 മാസത്തെ തയ്യൽപരിശീലനം തുടങ്ങാൻ തീരുമാനിച്ചു.

**2025 ഓഗസ്റ്റ് മാസത്തിലാരംഭിക്കുന്ന സ്റ്റൈപ്പെന്ററി/ ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | പ്രതിമാസ സ്റ്റൈപ്പെന്റ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|---|
| ബീ- കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സ് | 11.08.2025 | ഒരു മാസം | 100 | 1200 | ഇലന്തൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, പത്തനംതിട്ട | 30 |
| | 25.08.2025 | ഒരു മാസം | 100 | 1200 | സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി | 25 |
| പഴവർഗസംസ്കരണം | 18.09.2025 | 2 മാസം | 1250 | - | കെ.ജി.വി., മല്ലപ്പള്ളി | 20 |

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്–ഖാദി; പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*7994111005*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9496807124*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9633521483*

❑

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

'കളർ എ ഹോം' ഭവനനിർമാണപദ്ധതിയിൽ **2024 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2025 ജൂൺ 20 മുതൽ ജൂലൈ 22 വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 199. | വാവോട് | 39050 | 15620 |
| 200. | മുണ്ടത്താനം | 60950 | 24380 |
| 201. | പാണ്ടങ്കരി | 73000 | 29500 |
| 202. | കുമരങ്കരി | 21950 | 8780 |
| 203. | പുതുക്കരി | 104790 | 41960 |
| 204. | കുളത്തൂർ | 80000 | 32000 |
| 205. | ചെങ്കുളം | 6600 | 2640 |
| 206. | വെളിയനാട് സെന്റ് ഗ്രിഗറീസ് | 29100 | 11000 |
| 207. | കോട്ടയം | 111190 | 44760 |
| 208. | മല്ലപ്പള്ളി-നെടുങ്ങാടപ്പള്ളി | 55780 | 22314 |
| 209. | തെള്ളകം | 124613 | 49845 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

'കളർ എ ഡ്രീം' പദ്ധതിയിലേക്ക് **2025 ജൂൺ 22 മുതൽ ജൂലൈ 22 വരെ** ഇടവകകളിൽനിന്നു ലഭിച്ച സംഭാവന

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | സെന്റ് ജറോംസ് നസ്രത്ത് | 100000 |
| 2. | സെന്റ് മേരീസ് കുമരങ്കരി | 23070 |
| 3. | ലിറ്റിൽ ഫ്ളവർ ആർപ്പൂക്കര | 17500 |

❑

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### ആശുപത്രിദിനാചരണം–കുടുംബസംഗമം

ആശുപത്രിദിനാചരണം വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. ജൂലൈ ഒന്നിനു വിശിഷ്ടവ്യക്തികളുടെ ഒത്തുചേരലായ 'ഗ്യാതറിങ് ഓഫ് ഗ്രെയ്സി'ൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ, സംസ്ഥാന ജലസേചനവകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ, ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോൺ തെക്കേക്കര എന്നിവർ മുഖ്യാതിഥികളായിരുന്നു. ജൂലൈ രണ്ടിനു കുടുംബസംഗമവും കലാപരിപാടി കളുമുണ്ടായിരുന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം, അഭി. മാർ ജോർജ് കോച്ചേരി, സംസ്ഥാനസഹകരണവകുപ്പുമന്ത്രി വി. എൻ. വാസവൻ, വയലാർ ശരത്ചന്ദ്രവർമ എന്നിവർ മുഖ്യാതിഥികളായിരുന്നു. ജൂലൈ മൂന്നിനു രഞ്ജിനി ജോസിന്റെ നേതൃത്വത്തിലുള്ള സംഗീതനിശയും ഇതിന്റെ ഭാഗമായിരുന്നു.

### കുട്ടനാട് സൗജന്യ മെഗാ മെഡിക്കൽ ക്യാംപ്

ആശുപത്രിയുടെ നേതൃത്വത്തിൽ കേരള ലേബർ മൂവുമെന്റ്, കുട്ടനാട് റിസേർച്ച് ആൻഡ് റിവൈവൽ ഇനിഷ്യേറ്റിവ് സൊസൈറ്റി (ക്രിസ്സ്) എന്നി വയുടെ സഹകരണത്തോടെ ജൂലൈ 20നു മാമ്പുഴക്കരി സെന്റ് തോമസ് ഹെൽത്ത് സെന്ററിൽ കുട്ടനാട് സൗജന്യ മെഗാ മെഡിക്കൽ ക്യാംപ് നടത്ത പ്പെട്ടു. ക്യാംപിൽ കൺസൾട്ടേഷൻ, ലാബ് ടെസ്റ്റുകൾ, മരുന്നുകൾ എന്നിവ സൗജന്യമായിരുന്നു. കാർഡിയോളജി, ഗൈനക്കോളജി, ഫാമിലി മെഡിസിൻ, പൾമണോളജി, പീഡിയാട്രിക്, ഇ.എൻ.റ്റി., ഒപ്താൽമോളജി, ജനറൽ സർജറി ഡിപ്പാർട്ടുമെന്റുകളിലെ ഡോക്ടർമാർ രോഗികളെ പരിശോധിച്ചു.

എക്സി. ഡയറക്ടർ ഫാ. ജയിംസ് കുന്നത്ത്, അസ്സോ. ഡയറക്ടർമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ ഫാ. ജേക്കബ് അത്തിക്കളം, ഫാ. ജോസ് പുത്തൻ ചിറ, ക്രിസ്സ് ഡയറക്ടർ ഫാ. തോമസ് താന്നിയത്ത്, സി. മെറീന എസ്.ഡി., ഡോ. ജിജി ജേക്കബ്, പോൾ മാത്യു എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

അതിരൂപതയുടെ ജീവകാരുണ്യ ആയുരാരോഗ്യസംരംഭമായി മാമ്പുഴ ക്കരിയിൽ സ്ഥാപിതമായ സെന്റ് തോമസ് ഹെൽത്ത് സെന്ററിൽ തിങ്കൾ മുതൽ ശനി വരെ (രാവിലെ 10 – വൈകുന്നേരം 6) സൗജന്യ കൺസൾട്ടേഷൻ സാധ്യ മാണ്. രാവിലെ 6.30 മുതൽ ലബോറട്ടറി സേവനങ്ങൾ, ലാബ് ടെസ്റ്റുകൾക്ക് 20% ഡിസ്കൗണ്ട്, അടിയന്തരഘട്ടങ്ങളിൽ ആംബുലൻസ് സൗകര്യം എന്നിവയും ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും ചികിത്സാ ബുക്കിങ്ങിനുമായി വിളിക്കുക: **0481 2722100, 7736647111**

### വൺ എർത്ത് വൺ ഹെൽത്ത് രജിസ്ട്രേഷൻ

ഡിപ്പാർട്ടുമെന്റ് ഓഫ് നെയ്ച്ചറോപതിയുടെ നേതൃത്വത്തിൽ വൺ എർത്ത് വൺ ഹെൽത്ത് ഓൺലൈൻ യോഗ ക്ലാസ്സുകളുടെ രജിസ്ട്രേഷൻ അന്തർദേശീയയോഗാദിനത്തിലാരംഭിച്ചു. മൂന്നാഴ്ചക്കാലത്തെ ഓൺലൈൻ

യോഗാപരിശീലനം പൂർത്തിയാക്കിയവർക്കു സർട്ടിഫിക്കറ്റുകൾ നൽകി. അസ്സോ. ഡയറക്ടർ ഫാ. ജേക്കബ് അത്തിക്കളം യോഗാദിനാചരണപരിപാടികൾ ഉദ്ഘാടനം ചെയ്തു. യോഗാപരിശീലനം, ബോധവത്കരണ സെമിനാർ എന്നിവക്കു പ്രകൃതിചികിത്സാവിഭാഗമേധാവി ഡോ. സനൽ എസ്. എം. നേതൃത്വം നൽകി. ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ. നവീൻ എസ്. നായരിൽനിന്നും വൺ എർത്ത് വൺ ഹെൽത്ത് ബ്രോഷർ പാസ്റ്ററൽ കെയർ ഡയറക്ടർ ഫാ. മാർട്ടിൻ തൈപ്പറമ്പിൽ ഏറ്റുവാങ്ങി. പോൾ മാത്യു, ഷെർളി സെബാസ്റ്റ്യൻ, റീനു മാത്യു എന്നിവർ പ്രസംഗിച്ചു.

### സെമിനാർ

ജൂലൈ 12, 13 തീയതികളിൽ *അഡിക്ഷൻ സംബന്ധിച്ച സൈക്കോ-സോഷ്യൽ ഇടപെടലുകൾ* എന്ന വിഷയത്തിൽ സീനിയർ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ. ഷാഹുൽ അമീനിന്റെ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തകർക്കുവേണ്ടി സെമിനാർ നടത്തപ്പെട്ടു.

### കർക്കിടക ചികിത്സാ പാക്കേജ്

ശാരീരിക-മാനസിക പുനരുജ്ജീവനത്തിനുള്ള ഏകീകൃത നെയ്ച്ചറോപതി ചികിത്സകൾ ആശുപത്രിയിൽ സജ്ജമാണ്. വർഷകാലമാസത്തിൽ ശരീരത്തെ ദോഷങ്ങളിൽനിന്നു സംരക്ഷിക്കാൻ ഭാരതീയപരിചരണരീതിയുടെ പുതുമയാർന്ന പ്രത്യേക കർക്കിടക പാക്കേജുകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി വിളിക്കുക: **0481-2722100, 2747766**

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടീവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### പിതൃദിനാഘോഷം

അന്താരാഷ്ട്രപിതൃദിനത്തോടനുബന്ധിച്ചു ജൂൺ 16നു സ്റ്റാഫിനായി ഹോസ്പിറ്റലിന്റെ ഒഫീഷൽ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് പേജുകളിൽ പോസ്റ്റർ മേക്കിങ് കോമ്പറ്റിഷൻ നടത്തപ്പെട്ടു. അച്ഛനെക്കുറിച്ചുള്ള വർണ്ണനകളടങ്ങിയ പോസ്റ്റർ സ്വയം നിർമിക്കുക എന്നതായിരുന്നു മത്സരം. മത്സരാർഥികളിൽനിന്നു ജനവിധി പ്രകാരം ഏറ്റവും കൂടുതൽ ലൈക്കുകൾ നേടിയ 2 പേരെ വിജയികളായി തെരഞ്ഞെടുത്തു.

### അന്താരാഷ്ട്രയോഗാദിനം

ജൂൺ 21ന് അന്താരാഷ്ട്രയോഗാദിനം ആചരിച്ചു. 'ശ്വാസം ആധാരവും മനസ് അഭയസ്ഥലവുമാക്കൂ' എന്ന സന്ദേശവുമായി ഡോക്ടർമാർ, സ്റ്റാഫ്, രോഗികൾ എന്നിവർ പങ്കെടുത്ത പരിപാടിയിൽ യോഗാസനങ്ങൾ പ്രദർശിപ്പിച്ചു. യോഗയുടെ പ്രാധാന്യത്തെക്കുറിച്ചു ശ്വാസകോശരോഗവിഭാഗം ഡോ. സായിലാൽ ആരോഗ്യബോധവത്കരണ ക്ലാസ്സെടുത്തു.

**ലോകസംഗീതദിനാചരണം**

ലോകസംഗീതദിനാചരണത്തോടനുബന്ധിച്ച് ആശുപത്രിയിലെ ജീവനക്കാർക്കുവേണ്ടി ജൂൺ 21 മുതൽ 23 വരെ 'പാട്ടു പാടൂ സമ്മാനം നേടൂ' എന്ന കലാപരിപാടി നടത്തപ്പെട്ടു. ഡിപ്പാർട്ടുമെന്റുകളിൽനിന്നുള്ള മത്സരാർഥികളുടെ ഗാനാലാപനത്തിന്റെ വീഡിയോകൾ ഹോസ്പിറ്റലിന്റെ ഔദ്യോഗിക ഇൻസ്റ്റഗ്രാം അക്കൗണ്ടിൽ അപ്ലോഡ് ചെയ്യുകയും പൊതു വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കുവെക്കുകയും കൂടുതൽ ലൈക്കുകൾ നേടി വിജയികളായവർക്കു പ്രശംസാപത്രങ്ങളും ഉപഹാരങ്ങളും നൽകുകയും ചെയ്തു.

**അന്താരാഷ്ട്ര ഡോക്ടേഴ്സ് ഡേ ആചരണം**

ജൂലൈ ഒന്നിന് അന്താരാഷ്ട്ര ഡോക്ടേഴ്സ് ഡേ ആചരണം നടത്തപ്പെട്ടു. ആശുപത്രിയിലെ ഡോക്ടർമാർക്ക് എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ആദരമർപ്പിച്ചു സമ്മാനങ്ങൾ നൽകി. ഇൻചാർജുമാരും സ്റ്റാഫും ആദരവർപ്പിച്ചു.

**നാമഹേതുകതിരുനാളാഘോഷം**

ജൂലൈ മൂന്നിന് എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കലിന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു. ഡോക്ടർമാർ, ഇൻചാർജുമാർ, സ്റ്റാഫ് എന്നിവരുടെ സാന്നിധ്യത്തിൽ അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ചീഫ് മെഡിക്കൽ ഓഫീസർ ഡോ. കെ. പി. ഹെഗ്ഡെ എന്നിവർ ആശംസകളർപ്പിച്ചു. അച്ചന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ വീഡിയോയും പ്രദർശിപ്പിച്ചു.

**നാഷണൽ ക്ലെഫ്റ്റ് ആൻഡ് ക്രേനിയോഫേഷ്യൽ അവബോധമാസാചരണം**

നാഷണൽ ക്ലെഫ്റ്റ് ആൻഡ് ക്രേനിയോഫേഷ്യൽ അവബോധമാസത്തോടനുബന്ധിച്ചു ജൂലൈ എട്ടിനു ഡെന്റൽ ആൻഡ് മാക്സിലോഫേഷ്യൽ സർജറി വിഭാഗമേധാവി ഡോ. അരുൺ ബാബുവിന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. ഡെന്റൽ ആൻഡ് മാക്സിലോഫേഷ്യൽ സർജറി വിഭാഗത്തിന്റെ സേവനങ്ങൾ: ക്ലെഫ്റ്റ് ആൻഡ് ലിപ്പ് പാൽറ്റ് സർജറി, അപകടശേഷം മുഖത്തുണ്ടാകുന്ന തകരാറുകൾക്കു സർജറി; സ്പീച്ച് തെറപ്പി; പോഷകചികിത്സ, കുട്ടികളുടെ വികസനം പിന്തുടരുന്ന ദീർഘകാലപരിപാലനത്തിനുള്ള ഡോക്ടർമാർ, ഓർത്തോഡോന്റിസ്റ്റുകൾ, ബാലരോഗവിദഗ്ധർ, സ്പീച്ച് തെറപ്പിസ്റ്റുകൾ, മനഃശാസ്ത്രജ്ഞർ തുടങ്ങിയവരടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി റ്റീം.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

❑

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ പ്രിയ പ്രവാസിസഹോദരങ്ങളേ,

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണതിരുനാളിന്റെയും 78-ാമതു സ്വാതന്ത്ര്യദിനത്തിന്റെയും പ്രാർഥനാശംസകൾ നേരുന്നു. പ്രവാസി അപ്പോസ്തലേറ്റിന്റെ 10-ാം വാർഷികവും പ്രവാസിസംഗമവും ജൂലൈ 19നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിലുള്ള സമ്മേളനം അഭി. മാർ ജോസഫ് പെരുന്തോട്ടം തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ, പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്, സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി, എഫ്.സി.സി. ചങ്ങനാശ്ശേരി ദേവമാതാ പ്രൊവിൻഷ്യൽ സി. ബ്രിജി എഫ്.സി.സി., ഗ്ലോബൽ കോഡിനേറ്റർ ജോ കാവാലം, സെൻട്രൽ കോഡിനേറ്റർ ഷെവലിയർ സിബി വാണിയപ്പുരയ്ക്കൽ, ജി.സി.സി. കോഡിനേറ്റർ ബിജു മട്ടാഞ്ചേരി എന്നിവർ പ്രസംഗിച്ചു.

സമൂഹത്തിൽ ക്രിയാത്മകമായ സേവനങ്ങൾ ചെയ്ത 13 പ്രവാസികൾക്കു പ്രത്യേകപുരസ്കാരങ്ങളും +2 പരീക്ഷയിൽ ഉന്നതവിജയം നേടിയ പ്രവാസികളുടെ മക്കൾക്ക് അഭി. മെത്രാപ്പോലീത്താ മെമന്റോയും ക്യാഷ് അവാർഡുകളും നൽകി. കുട്ടികളും മുതിർന്നവരും കലാപരിപാടികളവതരിപ്പിച്ചു. 2024-2025 വർഷത്തിൽ 25,45,000 രൂപയുടെ ബൃഹത്തായ കാരുണ്യപദ്ധതികൾ ചെയ്യാൻ പ്രവാസി അപ്പോസ്തലേറ്റിനു സാധിച്ചതിലും പ്രവാസികളും അവരുടെ കുടുംബാംഗങ്ങളും ഒത്തുചേർന്ന ഈ സംഗമം ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിൽ നടത്താൻ സാധിച്ചതിലും പ്രവാസി അപ്പോസ്തലേറ്റിനു ചാരിതാർഥ്യമുണ്ട്.

സമ്മേളനത്തിൽ പ്രവാസി അപ്പോസ്തലേറ്റ് വെബ്സൈറ്റിന്റെ സ്വിച്ച് ഓൺ കർമം, ബഹ്റൈൻ ചാപ്റ്റർ അംഗം സോണി ജോസഫിന്റെ 'എൻ ഈയാംപാറ്റകൾ' എന്ന നോവലിന്റെയും പ്രവാസി അപ്പോസ്തലേറ്റിന്റെ പത്താം വാർഷികസ്മരണിക 'പ്രവാസജ്യോതി 2025' എന്ന സുവനീറിന്റെയും പ്രകാശനം എന്നിവ അഭി. മെത്രാപ്പോലീത്താ നിർവഹിച്ചു. അറുനൂറോളം പ്രവാസികളും തിരിച്ചുവന്ന ആയിരത്തോളം പ്രവാസികളും ഇതിൽ പങ്കെടുത്തു. പത്താം വാർഷികത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച വോളന്റിയർമാരെ ജൂലൈ 22നു വിളിച്ചുകൂട്ടി നന്ദിയറിയിച്ചു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം - രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ - 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

❑

# കത്തോലിക്കാ കോൺഗ്രസ്
# (AKCC)

**'രാഷ്ട്രീയ-ഭരണരംഗങ്ങളിൽ ചെറുപ്പക്കാരുടെ സജീവമായ ഇടപെടലുണ്ടാകണം': മാർ തോമസ് തറയിൽ**

ഭാവിയെ മുന്നിൽ കണ്ടുള്ള നയരൂപീകരണവും അതിന്റെ ചിട്ടയായ നടപ്പിലാക്കലുമുണ്ടാകണമെങ്കിൽ രാഷ്ട്രീയ-ഭരണമേഖലകളിലേക്ക് ആ മേഖലയിൽ മികവു പുലർത്താൻ കഴിവുള്ള ചെറുപ്പക്കാർ കടന്നുവരണമെന്നും നാടിന്റെ സാധ്യതകളും നന്മകളും പ്രയോജനപ്പെടുത്താൻ ചെറുപ്പക്കാർ തയ്യാറാകണമെന്നും ആ വിധത്തിൽ ചെറുപ്പക്കാരിൽ പ്രതീക്ഷയുണർത്തുന്ന സാഹചര്യം സൃഷ്ടിക്കാൻ നിലവിലുള്ള രാഷ്ട്രീയ-ഭരണനേതൃത്വം തയ്യാറാകണമെന്നും വിദേശജോലിയാണ് ഏകസാധ്യതയെന്ന നിലയിലേക്കു സാഹചര്യങ്ങൾ രൂപപ്പെടുന്നതു രാഷ്ട്രത്തിന്റെ ഭാവിക്കു വെല്ലുവിളിയാണെന്നും മൂല്യബോധമുള്ളവർ പുതുതലമുറയിൽനിന്നു രൂപപ്പെടണമെന്നും അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ പ്രസ്താവിച്ചു. ജൂൺ 22നു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിയുടെ ആഭിമുഖ്യത്തിലുള്ള എക്സലെൻഷ്യ സീസൺ 3 മെറിറ്റ് അവാർഡ് 25 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് മാർഗനിർദേശപ്രസംഗവും ഗ്ലോബൽ പ്രസിഡന്റ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണവും അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല അനുമോദനസന്ദേശവും നൽകി. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രെഷറർ ജോസ് ജോൺ വെങ്ങാന്തറ, മെറിറ്റ് അവാർഡ് ജനറൽ കൺവീനർ കുഞ്ഞ് കളപ്പുര, എക്സലെൻഷ്യ സീസൺ 3 ജനറൽ കൺവീനർ ഷിജി ജോൺസൺ, രാജേഷ് ജോൺ, ജേക്കബ് നിക്കോളസ്, കമ്മിറ്റി കൺവീനർമാരായ ജോർജുകുട്ടി മുക്കത്ത്, റോസിലിൻ കുരുവിള, സെബാസ്റ്റ്യൻ വർഗീസ്, പി. സി. കുഞ്ഞപ്പൻ, കെ. എസ്. ആന്റണി, സേവ്യർ തോമസ് കൊണ്ടോടി, ജോസി ഡൊമിനിക്, ഷാജി വർക്കി, ജെസ്സി ആന്റണി, സിസി അമ്പാട്ട്, സിനി പ്രിൻസ് തുടങ്ങിയവർ പ്രസംഗിച്ചു. 900 കുട്ടികൾ സമ്മാനങ്ങൾ ഏറ്റുവാങ്ങി.

**നേതൃസംഗമം**

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാഭാരവാഹികളുടെ സംഗമങ്ങൾ ജൂൺ 19, ജൂലൈ 4 എന്നീ തീയതികളിൽ അതിരൂപതാകേന്ദ്രത്തിലെ മാർ തോമാവിദ്യാനികേതന്റെ ഹാളിൽ നടത്തപ്പെട്ടു.

**സീറോമലബാർസഭാദിനാചരണം**

സംഘടനകളുടെ നേതൃത്വത്തിൽ പാലാരിവട്ടം പി.ഒ.സി.ൽ ജൂൺ മൂന്നിനു നടത്തപ്പെട്ട സീറോമലബാർസഭാദിനാചരണത്തിൽ അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ പ്രതിനിധികൾ പങ്കെടുത്തു.

**'ഭരണരംഗത്തേക്കുള്ള കടന്നുവരവിനു രാഷ്ട്രീയനിലപാടുകൾ വിലങ്ങുതടിയാകരുത്': മാർ തോമസ് തറയിൽ**

കൂടുതലാളുകൾ രാഷ്ട്രീയരംഗത്തേക്കു കടന്നുവരണമെന്നും കടന്നുവരുന്നവരുടെ നിലപാടു വിലങ്ങുതടിയാകരുതെന്നും രാഷ്ട്രീയബോധമുള്ള സമൂഹം സാമൂഹികപുരോഗതിക്ക് ഒഴിവാക്കാനാകാത്തതാണെന്നും ക്രൈസ്തവസമുദായം പ്രബലപ്പെട്ടെടത്തെല്ലാം സമൂഹം വളർന്നതിന്റെ ചരിത്രമാണു കാണുന്നതെന്നും അതിൽ ഏറ്റവും പ്രധാനപ്പെട്ടത് എല്ലാവർക്കും വിദ്യാഭ്യാസം നൽകുകയെന്ന സഭയുടെ ദർശനം സാമൂഹികപുരോഗതിയുടെ മുന്നേറ്റത്തിന് ആക്കം കുറിച്ചെന്നും രാഷ്ട്രീയം അടിസ്ഥാനപരമായി ജനനന്മ ലക്ഷമാക്കണമെന്നും സമകാലികസാഹചര്യങ്ങളിൽ അതിനു കടകവിരുദ്ധമായ കാര്യങ്ങളാണു സംഭവിക്കുന്നതെന്നും തെരുവുനായ്ക്കളും വന്യമൃഗങ്ങളും മനുഷ്യന്റെ ജീവനെയും കൃഷിയിടങ്ങളെയും നശിപ്പിക്കുന്നുണ്ടെന്നും കുട്ടനാട്ടിൽ മാസങ്ങളായി വെള്ളം കയറി ജനങ്ങൾക്കു സാധാരണജീവിതം അസാധ്യമായിരിക്കുന്നെന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ സമുദായംഗങ്ങളുടെ ക്രിയാത്മക ഇടപെടലുണ്ടാകണമെന്നും രാഷ്ട്രീയപ്രവർത്തനത്തിൽ ക്രൈസ്തവമൂല്യങ്ങളെ മുറുകെപ്പിടിച്ചു മുന്നോട്ടുപോകാൻ സമുദായാംഗങ്ങൾക്കു കഴിയണമെന്നും അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ പ്രസ്താവിച്ചു. കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് നേതാക്കന്മാർക്കുവേണ്ടി ജൂലൈ 20നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ നടത്തപ്പെട്ട കാനാൻ മിഷൻ 2K25 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദേഹം.

അഭി. മെത്രാപ്പോലീത്താ സംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ 'ദീപകം' എന്ന മാർഗരേഖ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് പ്രകാശനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല മാർഗനിർദേശപ്രസംഗം നടത്തി. ഫാ. തോമസ് ഇരുമ്പുകുത്തിയിൽ സി.എം.ഐ., ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ, അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രെഷറർ ജോസ് ജോൺ വെങ്ങാന്തറ, ഗ്ലോബൽ വൈസ് പ്രസിഡന്റുമാരായ രാജേഷ് ജോൺ, ബെന്നി ആന്റണി, ട്രീസ ലിസ് സെബാസ്റ്റ്യൻ, സെക്രട്ടറിമാരായ

ജേക്കബ് നിക്കോളസ്, റ്റോമിച്ചൻ അയ്യരുകുളങ്ങര, അതിരൂപതാ വൈസ് പ്രസിഡന്റുമാരായ സി. റ്റി. തോമസ്, ജോർജുകുട്ടി മുക്കത്ത്, ഷിജി ജോൺസൺ, റോസിലിൻ കുരുവിള, ജനറൽ കൺവീനർ ചാക്കപ്പൻ ആന്റണി, കൺവീനർമാരായ പി. സി. കുഞ്ഞപ്പൻ, കെ. എസ്. ആന്റണി, ജോർജ് വർക്കി, ജോസി ഡൊമിനിക്, സിസി സെബാസ്റ്റ്യൻ, ജെസി ആന്റണി, എന്നിവർ പ്രസംഗിച്ചു.

പാരമ്പര്യകുട്ടനാടും കാർഷികസംസ്കാരവും, ഭരണഘടനയും മതേതരത്വ കാഴ്ചപ്പാടുകളും, തദ്ദേശസ്വയംഭരണതെരഞ്ഞെടുപ്പുകക്ഷിരാഷ്ട്രീയവും കത്തോലിക്കാസമൂഹവും, ക്രൈസ്തവപിന്നാക്കാവസ്ഥയും ജസ്റ്റിസ് ബഞ്ചമിൻ കോശി കമ്മിഷൻ റിപ്പോർട്ടും, ആർട്ടിഫിഷൽ ഇന്റലിജൻസും സോഷ്യൽ മീഡിയയും പൊതുസമൂഹവും, സ്ത്രീസ്വാതന്ത്ര്യവും ഭരണനേതൃരംഗങ്ങളും, കുട്ടികളും ലഹരിയും കുടുംബബന്ധങ്ങളും, എയ്ഡഡ് വിദ്യാഭ്യാസമേഖലയും ന്യൂനപക്ഷാവകാശവും എന്നീ വിഷയങ്ങളിൽ പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടു. സെബാസ്റ്റ്യൻ വർഗീസ്, കുഞ്ഞ് കളപ്പുര, ലിസി ജോസ്, അഡ്വ. മനു ജെ. വരാപ്പള്ളി, റ്റോം കയ്യാലകം, സിനി പ്രിൻസ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

❑

# കേരള ലേബർ മൂവുമെന്റ്
# (KLM)

### പുതിയസംഘങ്ങൾ

നാലുകോടി യൂണിറ്റിൽ ജൂലൈ ഒന്നിനു നല്ലിടയൻ എസ്.എച്ച്.ജി. രൂപീകരിച്ചു. നാലുകോടി സെന്റ് തോമസ് പള്ളിയുടെ വികാരി ഫാ. സഖറിയാസ് കരിവേലിൽ അധ്യക്ഷതവഹിച്ച യോഗം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അസ്സി. വികാരി ഫാ. ഡൊമിനിക് കൊച്ചുമലയിൽ സി.ആർ.എം., അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., യൂണിറ്റ് കോഡിനേറ്റർ ഷാജി കോര, യൂണിറ്റ് സെക്രട്ടറി ബിജിമോൾ ജോൺകുട്ടി എന്നിവർ യോഗത്തിൽ പങ്കെടുത്തു.

മണ്ണാർകുന്ന് യൂണിറ്റിൽ ജൂലൈ 13നു സെന്റ് അൽഫോൻസാ, സെന്റ് ക്ലാര എന്നീ എസ്.എച്ച്.ജി.കൾ രൂപീകരിച്ചു. മണ്ണാർകുന്ന് സെന്റ് ഗ്രിഗോറിയോസ് പള്ളിയുടെ വികാരി ഫാ. ഇമ്മാനുവൽ നെല്ലുവേലി അധ്യക്ഷതവഹിച്ച യോഗം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., അതിരമ്പുഴ ഫൊറോനാ കോഡിനേറ്റർ ജോൺ സെബാസ്റ്റ്യൻ, ഫൊറോനാ സെക്രട്ടറി സാജു ജോർജ്, യൂണിറ്റ് കോഡിനേറ്റർ ജോമേഷ് ജോസഫ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

### യൂണിറ്റ് വാർഷികങ്ങൾ

കുറുമ്പനാടം അസംപ്ഷൻ യൂണിറ്റിന്റെ വാർഷികം ജൂലൈ ആറിനു നടത്തപ്പെട്ടു. കുറുമ്പനാടം അസംപ്ഷൻ പള്ളിയുടെ അസ്സി. വികാരി ഫാ. ജോസഫ് പാറത്താനം അധ്യക്ഷതവഹിച്ച യോഗം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., യൂണിറ്റ് കോഡിനേറ്റർ കെ. ഡി. ചാക്കോ, കുറുമ്പനാടം ഫൊറോനാ സെക്രട്ടറി റെനി കുര്യാക്കോസ്, ഫൊറോനാ ട്രെഷറർ സിനു ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

മണ്ണാർകുന്ന് യൂണിറ്റിന്റെ വാർഷികം ജൂലൈ 13നു നടത്തപ്പെട്ടു. മണ്ണാർകുന്ന് സെന്റ് ഗ്രിഗോറിയോസ് പള്ളിയുടെ വികാരി ഫാ. ഇമ്മാനുവൽ നെല്ലുവേലി അധ്യക്ഷതവഹിച്ച യോഗം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., അതിരമ്പുഴ ഫൊറോനാ കോഡിനേറ്റർ ജോൺ സെബാസ്റ്റ്യൻ, ഫൊറോനാ സെക്രട്ടറി സാജു ജോർജ്, യൂണിറ്റ് കോഡിനേറ്റർ ജോമേഷ് ജോസഫ് എന്നിവർ പ്രസംഗിച്ചു.

നാലുകോടി യൂണിറ്റിന്റെ വാർഷികം ജൂലൈ 20നു നടത്തപ്പെട്ടു. നാലുകോടി സെന്റ് തോമസ് പള്ളിയുടെ വികാരി ഫാ. സഖറിയാസ് കരിവേലിൽ അധ്യക്ഷതവഹിച്ച യോഗം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അസ്സി. വികാരി ഫാ. ഡൊമിനിക് കൊച്ചുമലയിൽ സി.ആർ.എം., യൂണിറ്റ് കോഡിനേറ്റർ ഷാജി കോര, യൂണിറ്റ് സെക്രട്ടറി ബിജിമോൾ ജോൺകുട്ടി എന്നിവർ പ്രസംഗിച്ചു.

**യൂണിറ്റ് സന്ദർശനം**

ഫൊറോനാഭാരവാഹികൾ യു.സി.സി. ഭാരവാഹികളുമായി ആലോചിച്ചു വികാരിയച്ചന്റെ അനുവാദത്തോടെ യൂണിറ്റ് സന്ദർശനത്തിന് അനുയോജ്യമായ ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

**സന്ദർശനം പൂർത്തിയായ യൂണിറ്റുകൾ**

**കോട്ടയം ഫൊറോന:** പുതുപ്പള്ളി–പൂമറ്റം, ഇരവിനല്ലൂർ, അരുവിക്കുഴി, കൂരോപ്പട, പങ്ങട, അയർക്കുന്നം, ചേപ്പുംപാറ

**അതിരമ്പുഴ ഫൊറോന:** അതിരമ്പുഴ, തെള്ളകം, വെട്ടിമുകൾ, കോട്ടയ്ക്കുപുറം, ചെറുവാണ്ടൂർ

**നെടുങ്കുന്നം ഫൊറോന:** കൂത്രപ്പള്ളി, പനയമ്പാല, ചമ്പക്കര, നെടുമണ്ണി

**മെഗാ മെഡിക്കൽ ക്യാംപ്**

ജൂലൈ 20നു മാമ്പുഴക്കരി ക്രിസ്റ്റ് സെന്ററിൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി, അതിരൂപതാ കെ.എൽ.എം. എന്നിവയുടെ സംയുക്തനേതൃത്വത്തിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാംപ് നടത്തപ്പെട്ടു. രാമങ്കരി പഞ്ചായത്ത് പ്രസിഡന്റ് രാജുമോൻ ക്യാംപ് ഉദ്ഘാടനം ചെയ്തു. ആശുപത്രിയുടെ എക്സി. ഡയറക്ടർ ഫാ. ജയിംസ് കുന്നത്ത് അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയുടെ വികാരി ഫാ. റ്റോം പുത്തൻകളം മുഖ്യപ്രഭാഷണവും അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ. ആശംസയുമറിയിച്ചു.

**ആദരാഞ്ജലികൾ**

അതിരമ്പുഴ സെന്റ് ആന്റണീസ് സംഘാംഗം ഇ. എം. ദേവസ്യ ഇരുപ്പേൽ, പുതുപ്പള്ളി–പൂമറ്റം സെന്റ് തോമസ് സംഘാംഗം സി. എ. ജോയി ചൂളകുന്നേൽ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു

**കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് ഫോറം**

കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് ഫോറത്തിന്റെ (കെ.എ.ഡബ്ല്യൂ.എഫ്.) സംസ്ഥാന പ്രസിഡന്റായി അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

**മരണാനന്തരസഹായനിധി**

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്കു മരണാനന്തര സഹായമായ 1,28,000 രൂപ ജൂലൈ 14നു കൈമാറി.

| | പേര് | സംഘം |
|---|---|---|
| 179. | എ. എ. വർക്കി | അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻ |
| 180. | പി. എസ്. ജോസഫ് | ആർപ്പൂക്കര ചെറുപുഷ്പം |

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

❑

# ദളിത് കത്തോലിക്കാ മഹാജനസഭ
# (DCMS)

**യുവജന സെമിനാർ**

ഡി.സി.എം.എസ്.ന്റെ സപ്തതിയുടെ ഭാഗമായി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂലൈ ഏഴിനു യുവജന സെമിനാറും 2015നു ശേഷം പി.എസ്.സി. വഴി ജോലിയും വിദ്യാഭ്യാസരംഗത്ത് ഉന്നതവിജയം നേടിയ യുവജനങ്ങളെ ആദരിക്കലും കോട്ടയം ഗുഡ് ഷെപ്പേഡ് പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. അതിരൂപതയിൽനിന്ന് 10 യുവജനങ്ങളും ആദരവ് ഏറ്റുവാങ്ങിയ രണ്ടുപേരും അവരുടെ മാതാപിതാക്കളും അതിരൂപതാ പ്രസിഡന്റും സെക്രട്ടറിയും കമ്മിറ്റിയംഗങ്ങളും ഇതിൽ പങ്കെടുത്തു.

**സംയുക്ത കൗൺസിൽ യോഗം**

ഡി.സി.എം.എസ്., ഡി.സി.വി.എസ്., ഡി.സി.വൈ.എൽ. എന്നിവയുടെ സംയുക്ത കൗൺസിൽ യോഗം ജൂലൈ 20നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിലിന്റെ നേതൃത്വത്തിലുള്ള യോഗത്തിൽ അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷതവഹിച്ചു. അതിരൂപതാ സെക്രട്ടറി സ്വാഗതമറിയിച്ചു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഡി.സി.വി.എസ്. സെക്രട്ടറി ത്രേസ്യാമ്മ ജോസഫ് നന്ദി രേഖപ്പെടുത്തി.

**2000–2025 ഡി.സി.വൈ.എൽ. സൗഹൃദസംഗമം**

2000 മുതൽ 2025 വരെ ഡി.സി.വൈ.എൽ. അതിരൂപതാഭാരവാഹികളായിരുന്നവരുടെ സൗഹൃദസംഗമം ജൂലൈ 24ന് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിലിന്റെയും ഡി.സി.എം.എസ്. അതിരൂപതാ കമ്മിറ്റിയുടെയും നേതൃത്വത്തിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.

**ജസ്റ്റിസ് സൺഡേ ദിനാചരണം 2025**

ഈ വർഷത്തെ ജസ്റ്റിസ് സൺഡേ ആചരണം അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ നേതൃത്വത്തിൽ ഡി.സി.എം.എസും മറ്റുസംഘടനകളും സംയുക്തമായി **ഓഗസ്റ്റ് 16** *ഉച്ചകഴിഞ്ഞ് രണ്ടുമുതൽ* കോട്ടയം ഗാന്ധി സ്ക്വയറിനു സമീപം സംഘടിപ്പിക്കുന്നതാണ്.

ഓഗസ്റ്റ് 17നു പുളിങ്കുന്ന് ഫൊറോനയിലും പ്രസ്തുതയാചരണം നടത്തപ്പെടുന്നതാണ്.

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

❑

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയസഹോദരങ്ങളേ,

ജൂൺ 22ന് എസ്.എഫ്.ഒ. അതിരൂപതാ കൗൺസിൽ യോഗം വാഴപ്പള്ളി ഗത്സേമനി കപ്പൂച്ചിൻ ആശ്രമത്തിൽ അതിരൂപതാ മിനിസ്റ്റർ അലക്സ് വലിയ പറമ്പിലിന്റെ അധ്യക്ഷതയിൽ സ്പിരിചൽ അസ്സിസ്റ്റന്റ് ഫാ. അലക്സ് വാച്ചാപറമ്പിലിന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. യോഗത്തിൽ 39 അംഗങ്ങൾ പങ്കെടുത്തു. അതിരൂപതാ വൈസ് മിനിസ്റ്റർ സാബു കരിക്കമ്പള്ളി സ്വാഗതമാശംസിച്ചു. അതിരൂപതാ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ആശ്രമത്തിന്റെ സുപ്പീരിയർ ഫാ. മാത്യു മുളങ്ങാശ്ശേരി സന്ദേശം നൽകി. വി. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെയെന്നും കുടുംബജീവിതക്കാർക്കു സമാധാനവും സന്തോഷവും നിറഞ്ഞ ഒരു ജീവിതം ഈ സഭയിലൂടെ ലഭിക്കട്ടെയെന്നും ഇന്നത്തെ ലോകത്തിൽ മക്കളെ വളർത്താനും നന്മയിലൂടെ നയിക്കാനും വളരെയധികം പ്രാർഥനയും ത്യാഗവും ആവശ്യമാണെന്നും അത് എസ്.എഫ്.ഒ.യിലൂടെ നേടിയെടുക്കാൻ സാധിക്കണമെന്നും വചനം കേൾക്കുന്ന ആത്മവഞ്ചകരാകാതെ വചനം സ്വീകരിക്കുന്നവരാകാണെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു.

ഫാ. അലക്സ് വാച്ചാപറമ്പിൽ സഭയെ സംബന്ധിക്കുന്ന കാര്യങ്ങൾ അറിയിച്ചു. ഭ്രാതൃത്വങ്ങളിലെ മിനിസ്റ്റർമാരെ പരിചയപ്പെടുകയും യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വി. ഫ്രാൻസിസ് അസ്സീസ്സി, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ എന്നിവരുടെ ജീവചരിത്രങ്ങൾ ഭ്രാതൃത്വങ്ങളിലെ കൂട്ടായ്മയിൽ വായിക്കാനും ധ്യാനിക്കാനും പരിശ്രമിക്കണമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു.

**വി. സി. അലക്സ്**
**വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ**
**ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

❑

# വിൻസെൻഷ്യൻ വേദി
# (SSVP)

*''നമ്മൾ പ്രാർഥനയിൽ ദൈവത്തോട് ആവശ്യപ്പെടുന്ന ഒരൊറ്റ കാര്യം വിശുദ്ധി പ്രാപിക്കാനുള്ള ആഗ്രഹമായിരിക്കണം''*
(വാഴ്ത്തപ്പെട്ട കാർലോ അക്യൂട്ടിസ്)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നമ്മുടെ ഏറെനാളത്തെ പ്രാർഥനകൾ സഫലീകരിച്ചുകൊണ്ടു വാഴ്ത്തപ്പെട്ട ജോർജിയോ ഫ്രസാറ്റി വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുകയാണ്. പരിശുദ്ധ കന്യാമറിയത്തിന്റെ ജനനതിരുനാളും വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും വി. വിൻസെന്റ് ഡി പോളിന്റെയും തിരുനാളുകളും ആഘോഷിക്കുന്ന സെപ്റ്റംബറിലാണ് ഈ പ്രഖ്യാപനവും എന്നത് ഏറെ സന്തോഷം നൽകുന്നുണ്ട്. പ്രഖ്യാപനത്തിന്റെ സമുചിതമായ ആചരണം സെപ്റ്റംബർ ഏഴിനു കോൺഫെറെൺസുകളിൽ നടത്തേണ്ടതാണ്.

എട്ടുനോമ്പാചരണമുള്ള ഇടവകകളിൽ അന്നത്തെ തിരുക്കർമങ്ങൾ കോൺഫെറെൺസുകൾ ഏറ്റെടുത്തു നടത്തുന്നത് ഉചിതമാണ്. ഈ നാലുദിവസങ്ങളുടെയും ആശംസകൾ നേരുന്ന ബാനറുകൾ സെപ്റ്റംബർ മാസത്തിന്റെ ആദ്യദിവസംതന്നെ ഇടവകകളിൽ ഉയർത്താൻ ശ്രദ്ധിക്കണം. സെപ്റ്റംബർ 9 വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ തിരുനാൾദിനത്തിൽ പാവപ്പെട്ടവർക്കുവേണ്ടിയും സെപ്റ്റംബർ 27നു വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനത്തിൽ അംഗങ്ങൾക്കുവേണ്ടിയും നിയോഗങ്ങൾവെച്ച് അംഗങ്ങൾ പരിശുദ്ധ കുർബാനയിൽ പങ്കെടുത്തു പ്രാർഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു. ഏരിയ കൗൺസിലുകളുടെ തിരുനാളാഘോഷങ്ങൾ സോണൽ തലത്തിൽ ക്രമീകരിക്കുന്നത് അഭികാമ്യമാണ്.

വാഴ്ത്തപ്പെട്ട ജോർജിയോ ഫ്രസാറ്റിയോടൊപ്പം വാഴ്ത്തപ്പെട്ട കാർലോ അക്യൂട്ടിസും വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുകയാണ്. കേവലം 15 വർഷം മാത്രം ഭൂമിയിൽ ജീവിച്ച, ജീൻസും കൂളിങ് ഗ്ലാസ്സും ധരിച്ച വിശുദ്ധൻ, പരിശുദ്ധ കുർബാനയെ പ്രണയിച്ച സൈബർ അപ്പസ്തോലൻ, തന്റെ പ്രേഷിതത്വത്തിനു നവമാധ്യമങ്ങൾ ഉപയോഗിച്ചു പരിശുദ്ധ കുർബാനയുടെ ഭക്തി പ്രചരിപ്പിച്ചു. കാർലോയുടെ ചെറുപ്രായത്തിൽതന്നെ തിരുസഭ ഔദ്യോഗികമായി അംഗീകരിച്ച 136 പരിശുദ്ധ കുർബാനയുടെ അദ്ഭുതങ്ങളെ ഡോക്യുമെന്ററികളാക്കി പ്രചരിപ്പിച്ചു. തന്റെ വെബ്സൈറ്റിൽ അദേഹം ഇപ്രകാരം കുറിച്ചു: 'പരിശുദ്ധ കുർബാന സ്വീകരിക്കുന്തോറും നമ്മൾ കൂടുതലായി മ്ശിഹായെപ്പോലെയാകുന്നു'. അദേഹത്തിന്റെ വിശുദ്ധിയുടെ കാരണം പരിശുദ്ധ കുർബാനയായിരുന്നു. 'ഞാനെന്റെ ഒരു നിമിഷംപോലും ഈശോയ്ക്കുവേണ്ടിയല്ലാതെ ജീവിച്ചിട്ടില്ല' എന്നു കാർലോ പറയുന്നുണ്ട്.

അദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച അവസരത്തിൽ ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം പറഞ്ഞു: 'നമുക്കു ളോഹയും ശിരോവസ്ത്രവും ധരിക്കാത്ത, ജീൻസു ധരിക്കുന്ന, സിനിമ കാണുന്ന, ഇന്റർനെറ്റ് ഉപയോഗിക്കുന്ന, ചാരിത്ര്യശുദ്ധിയുമായി പ്രണയത്തിലായിരിക്കുന്ന, കൂട്ടുകൂടുന്ന, പരിശുദ്ധ കുർബാനയെ പ്രണയിക്കുന്ന, നൃത്തം ചെയ്യുന്ന, 21-ാം നൂറ്റാണ്ടിന്റെ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തുന്ന വിശുദ്ധരെ ആവശ്യമുണ്ട്.' ഏതു സാഹചര്യത്തിലും ഈശോയെ ചേർത്തുപിടിച്ചു ജീവിതം ആസ്വദിക്കാൻ സാധിക്കുമെന്നു തെളിയിച്ച കാർലോ നമ്മോടു ചോദിക്കുന്നു: എന്നെക്കാൾ അഞ്ചും ആറും ഇരട്ടി ആയുസും അവസരങ്ങളും ലഭിച്ച നിങ്ങൾ ഈശോയ്ക്കു വേണ്ടി എന്തുചെയ്യുന്നു? മൗനമാണു മറുപടിയെങ്കിൽ ഇനിയുള്ള സമയം മാതൃകാപരമായ ക്രിസ്തീയജീവിതം നയിക്കാൻ പരിശ്രമിക്കാം.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണതിരുനാളിനു നാം ഒരുങ്ങുകയാണ്. 1950ലാണ് ഈ വിശ്വാസസത്യം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടതെങ്കിലും ആദ്യകാലം മുതലേ തിരുസഭയിൽ ഈ വിശ്വാസം നിലനിന്നിരുന്നു. 5-ാം നൂറ്റാണ്ടിൽ ഈ തിരുനാൾ ജറുസലെമിൽ ആചരിച്ചിരുന്നു. 'പാപത്തിന്റെയും മരണത്തിന്റെയുംമേലുള്ള വിജയമാണു പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം. തന്റെ പുത്രനെപ്പോലെ നമുക്കു മുമ്പേ നമുക്കു സ്ഥലമൊരുക്കാനായി അവൾ പോയിരിക്കുന്നു' എന്നാണു ബിഷപ് ഫുൾട്ടൺ ജെ. ഷീൻ പറയുന്നത്. പുനരുത്ഥാനത്തിന്റെയും നിത്യജീവിതത്തിന്റെയും പ്രത്യാശ നൽകുന്ന ഈ തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

ഇൻഡ്യയുടെ 78-ാം സ്വാതന്ത്ര്യദിനം നാം ആചരിക്കുകയാണ്. സ്വാതന്ത്ര്യം എന്ന പൊതുവികാരത്തിനുവേണ്ടി ഒന്നിച്ചുനിന്നവർ മതത്തിന്റെയും രാഷ്ട്രീയത്തിന്റെ പേരിൽ ഭിന്നിക്കുകയും കലഹിക്കുകയും ചെയ്യുന്ന വേദനാജനകമായ അവസ്ഥയാണ് ഇപ്പോഴുള്ളത്. ഒരുശതമാനമാളുകൾ രാജ്യസമ്പത്തിന്റെ 40% കയ്യാളുമ്പോൾ 50% ആളുകൾക്കു ലഭ്യമായിട്ടുള്ളതു സമ്പത്തിന്റെ 3% മാത്രമാണ്. യുവജനങ്ങളുടെയിടയിലെ തൊഴിലില്ലായ്മാനിരക്ക് 83% എത്തിയിരിക്കുന്നു. വിശ്വാസത്തിന്റെ പേരിൽ ദളിത് ക്രൈസ്തവർക്ക് അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ അവരോടൊപ്പമായിരിക്കാനും അവർക്കു പ്രത്യേകപരിഗണന നൽകാനും നമുക്കു കടമയുണ്ട്. രാഷ്ട്രത്തിന്റെ നന്മയ്ക്കും പുരോഗതിക്കുമായി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. സ്വാതന്ത്ര്യദിനാശംസകളോടെ

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*
❑

# കരിസ്മാറ്റിക് നവീകരണം

കരിസ്മാറ്റിക് നവീകരണത്തിന്റെ കൃപാപ്രവാഹത്തിലായിരിക്കുന്ന നിങ്ങളോരോരുത്തരോടും ഞാൻ അഭ്യർഥിക്കുന്നു: നിങ്ങളുടെ സെമിനരികളിലും ഇടവകകളിലും വിദ്യാലയങ്ങളിലുമൊക്കെ ''പരിശുദ്ധാത്മാവിലുള്ള നവജീവിത സെമിനാറുകൾ'' നടത്തുക. പരിശുദ്ധാത്മാഭിഷേകവും നിങ്ങളുടെ മതബോധനവും അവരുമായി പങ്കുവെക്കുക. ഇതു പരിശുദ്ധാത്മപ്രവർത്തനത്തിന്റെ ഫലമാണ്. ഇതിലൂടെ, ഈശോയുമായി ഒരു കണ്ടുമുട്ടൽ സംഭവിക്കുകയും ജീവിതത്തിൽ കാതലായ വ്യതിയാനം സംഭവിക്കുകയും ചെയ്യുന്നുണ്ട്.

**ഫ്രാൻസിസ് മാർപാപ്പ**

(മൂന്നാമത് അഖിലലോകവൈദികധ്യാനം, 12 ജൂൺ 2015)

### സഹസ്രദിന ഒരുക്ക കൺവെൻഷൻ (ജൂബിലേവൂസ്)

ജൂലൈ അഞ്ചിനു തിരുമൂലപുരം സെന്റ് മേരീസ് മലങ്കര കത്തോലിക്കാപ്പള്ളിയിൽ സഹസ്രദിന ഒരുക്ക കൺവെൻഷൻ നടത്തപ്പെട്ടു. തിരുവല്ല സബ് സോൺ ആനിമേറ്റർ ഫാ. മാത്യു പൊട്ടുകുളം വചനസന്ദേശം നൽകി. വികാരി ഫാ. വർഗീസ് ചാമക്കാലായിൽ പരിശുദ്ധ കുർബാനയുടെ ആരാധന നയിച്ചു.

### മാധ്യസ്ഥ്യപ്രാർഥനാക്കൂട്ടായ്മകൾ

ഈ ജൂബിലി വർഷത്തിൽ മാധ്യസ്ഥ്യപ്രാർഥനാക്കൂട്ടായ്മകളുടെ രൂപീകരണം പ്രധാനപ്പെട്ട ഉത്തരവാദിത്തമായി നവീകരണശുശ്രൂഷ ഏറ്റെടുത്തിട്ടുണ്ട്. താഴത്തുവടകര ലൂർദ് മാതാ പള്ളിയിൽ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5 മുതൽ 6 വരെ മാധ്യസ്ഥ്യപ്രാർഥന നടത്തപ്പെടുന്നുണ്ട്. പള്ളിവികാരി ഫാ. ജോൺസൺ തുണ്ടിയിൽ വചനസന്ദേശം, സമാപനാശീർവാദം എന്നിവയ്ക്കു നേതൃത്വം നൽകിവരുന്നു.

### കെരിഗ്മ ഫോളോ അപ്പ്

അടിസ്ഥാനവചനപ്രഘോഷണപരിശീലനമായ കെരിഗ്മ കോഴ്സിൽ പങ്കെടുത്തവരുടെ കൂട്ടായ്മ ജൂലൈ നാലിനു കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. സോണൽ ആനിമേറ്റർ ഫാ. തോമസ് പ്ലാപ്പറമ്പിൽ സന്ദേശം നൽകി.

### എൽ.എസ്.എസ്. ഒരുക്ക കൺവെൻഷൻ

എൽ.എസ്.എസ്. സെമിനാറുകളെ പരിചയപ്പെടുത്തുന്ന ആദ്യവെള്ളിയാഴ്ച കൺവെൻഷൻ ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ നടത്തപ്പെട്ടുവരുന്നു. ഈ ആദ്യവെള്ളിയാഴ്ച മോൻ ചെത്തിമറ്റം, സിബിച്ചൻ ഉപ്പുകുന്നേൽ എന്നിവർ വചനശുശ്രൂഷ നയിച്ചു.

### ലോഡ്സ് കപ്പിൾസ് മിനിസ്ട്രി

ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് റ്റീം യോഗം ജൂൺ 26ന് ആനിമേറ്റർ ഫാ. ളൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ പുറവടി ജയിംസ്-സിനി ദമ്പതികളുടെ ഭവനത്തിൽ നടത്തപ്പെട്ടു. ആനിമേറ്റർ സി. തെരേസിന എഫ്.ഡി.എസ്.എച്ച്.ജെ. വചനസന്ദേശം നൽകി. ആനിമേറ്റർ ഫാ. ളൂയിസ് വെള്ളാനിക്കൽ ഓരോ ദമ്പതികൾക്കും 2 ഇടവകകളിൽ ദമ്പതീ സെല്ലുകൾ തുടങ്ങാനുള്ള ചുമതല നൽകി.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ആനിമേറ്റർ)*

❑

# ആത്മതാകേന്ദ്രം

## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി വാർഷികം–പഠനോപകരണവിതരണം

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള 'സപ്പോർട്ട് എ ചൈൽഡ് പദ്ധതി' യുടെ സമ്മേളനം, ധനസഹായവിതരണം എന്നിവ ജൂലൈ 19നു പത്തനംതിട്ട പ്രത്യാശാകേന്ദ്രത്തിലും ജൂലൈ 26നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിലും ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാലയയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സമ്മേളനത്തിൽ ധനസഹായവും ഉച്ചഭക്ഷണവും നൽകി. സണ്ണി മാത്യു, ട്രീസ മാത്യു എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

### ഹോമിയോചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത, സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന ദിവസങ്ങളിലും സ്ഥലങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടർമാരുടെയും കൗൺസിലർമാരുടെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

| | | |
|---|---|---|
| ചൊവ്വ | (ആലപ്പുഴ) | തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി |
| വ്യാഴം | (കോട്ടയം) | അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി |
| വെള്ളി | | ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ |

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കണം.

### ബോധവത്കരണ ക്ലാസ്സ്

ജൂലൈ 19നു മാവേലിക്കര മലങ്കരരൂപതയിലെ വിവാഹഒരുക്ക സെമിനാറിൽ *കുടുംബജീവിതം ലഹരിമുക്തം* എന്ന വിഷയത്തെക്കുറിച്ച് ആത്മതാകേന്ദ്രത്തിലെ റ്റി. എം. മാത്യു ക്ലാസ്സെടുത്തു.

### ലഹരിവിമുക്തവിശുദ്ധീകരണധ്യാനം

കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **ഓഗസ്റ്റ് 3 മുതൽ ഓഗസ്റ്റ് 8 വരെ** ലഹരിവിമുക്തകുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നതാണ്. *ഓഗസ്റ്റ് 3 വൈകുന്നേരം അഞ്ചിന് ആരംഭിച്ച് ഓഗസ്റ്റ് 8 രാവിലെ 10നു* ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടർമാർ, സൈക്കോളജിസ്റ്റ് എന്നിവരുടെ ക്ലാസ്സ്, കൗൺസെലിങ് എന്നിവ ധ്യാനത്തിൽ ലഭ്യമാണ്.

എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം
0469 2692462, 2693413, 2690414, 9495193406

**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(ഡയറക്ടർ)*

❑

## മാർ തോമസ് തറയിൽ

**ജൂൺ**

25 വാഴപ്പള്ളി എസ്.എ.ബി.എസ്. കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ റീജൻസി വൈദികാർഥികളുടെ മാസ ധ്യാനത്തിൽ സന്ദേശം നൽകി. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ജൂബിലിയുടെ ഭാഗമായുള്ള ഇടവക കൺവെൻഷന്റെ ഒരുക്കയോഗത്തിൽ അധ്യക്ഷതവഹിച്ചു.

26 പാറേൽ എസ്.എച്ച്. ചാരിറ്റി ഭവനത്തിൽ സിൽവർ ജൂബിലിയോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി എസ്.എച്ച്. സ്കൂളിൽ എ.ഐ. കമ്പ്യൂട്ടർ ലാബ് വെഞ്ചരിച്ചു. ചങ്ങനാശ്ശേരിയിൽ ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ചുള്ള റാലിയിൽ സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ അഭി. മാർ ജോർജ് കോച്ചേരിയുടെ പൗരോഹിത്യ സ്വീകരണ ദിനത്തിന്റെ 51-ാം വാർഷികാഘോഷത്തിൽ പങ്കെടുത്തു.

27 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാവൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

28 ചീരഞ്ചിറ സെന്റ് ജോർജ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ പാസ്റ്ററൽ കൗൺസിൽ ജനറൽ ബോഡി യോഗത്തിൽ അധ്യക്ഷതവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ എ.സി.സി. മതബോധനസമിതി സെമിനാറിൽ പ്രസംഗിച്ചു; സി.ബി.എസ്.ഇ. സ്കൂളുകളിലെ പ്രഥമാധ്യാപകരുടെയും മാനേജർമാരുടെയും യോഗത്തിൽ അധ്യക്ഷതവഹിച്ചു. അതിരമ്പുഴ സെന്റ് അലോഷ്യസ് ഹയർ സെക്കൻഡറി സ്കൂളിൽ അതിരമ്പുഴ ഫൊറോനാ യുവജന ക്യാംപിലും മാങ്ങാനം സ്പിരിച്വാലിറ്റി സെന്ററിൽ കോട്ടയം ഫൊറോനാ യുവജന ക്യാംപിലും സന്ദേശം നൽകി. കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്ററിൽ ഡോക്ടേഴ്സ് ഡേയോടനുബന്ധിച്ചുള്ള കുടുംബദിനാഘോഷം ഉദ്ഘാടനം ചെയ്തു.

29 പുന്നമട സെന്റ് മേരീസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. മാവേലിക്കര സീറോമലങ്കരരൂപതാധ്യക്ഷൻ അഭി. മാത്യൂസ് മാർ പോളികാർപ്പോസിന്റെ സ്ഥാനാരോഹണകർമത്തിൽ പങ്കെടുത്തു.

30 തക്കലയിലെ സ്റ്റെല്ല മാരിസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്റർ-എപ്പാർക്കിയൽ യോഗത്തിൽ അധ്യക്ഷതവഹിച്ചു.

**ജൂലൈ**

01 നെടുങ്കുന്നം പി.സി.പി.എ. അഡറേഷൻ കോൺവെന്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ പുതിയ അധ്യയനവർഷത്തെ പി.ജി., യു.ജി. പ്രോഗ്രാമുകൾ ഉദ്ഘാടനം ചെയ്തു.

അതിരൂപതാകേന്ദ്രത്തിൽ എസ്.എച്ച്. സ്കൂൾസ് ഗവേണിങ് ബോഡി യോഗത്തിൽ പങ്കെടുത്തു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ ക്ലാസ്സെടുത്തു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ മൾട്ടി സ്പെഷ്യാലിറ്റി ഐ.സി.യു., സ്ലീപ് ലാബ്സ് എന്നിവ വെഞ്ചരിച്ചു; സ്നേഹ സംഗമം ഉദ്ഘാടനം ചെയ്തു.

02 ഭരണങ്ങാനം എം.എസ്.റ്റി. ജനറലേറ്റിൽ ദുക്റാനാ തിരുനാളാഘോഷങ്ങളോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

03 മാർ തോമാ ശ്ലീഹായുടെ ദുക്റാനാ തിരുനാളിൽ നിരണം മാർ തോമാ ശ്ലീഹാ തീർഥാടനകേന്ദ്രത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കൂത്രപ്പള്ളി സെന്റ് മേരീസ് പള്ളിയുടെയും രാജമറ്റത്ത് പാറേൽ മരിയൻ തീർഥാടനകേന്ദ്രഭവന നിർമാണപദ്ധതിയുടെയും ശിലാസ്ഥാപനകർമം നിർവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ മാർതോമാവിദ്യാനികേതന്റെ ആഭിമുഖ്യത്തിലുള്ള പ്ലാസിഡ് സിംപോസിയം ഉദ്ഘാടനം ചെയ്തു ബിരുദദാനം നിർവഹിച്ചു.

04 ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ബോഡിങ് വിദ്യാർഥികളോടൊപ്പം ദുക്റാനാ ആഘോഷത്തിൽ പങ്കെടുത്തു.

05 പാറേൽ എസ്.വി.ഡി. സെമിനാരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ കോർപ്പറേറ്റ് മാനേജുമെന്റിന്റെ ആഭിമുഖ്യത്തിലുള്ള മെറിറ്റ് ഡേയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

06 കോട്ടയം അതിരൂപതാ സഹായ മെത്രാൻ അഭി. മാർ ജോസഫ് പണ്ടാരശ്ശേരിലിന്റെ മാതാവ് ഏലിക്കുട്ടി ചാക്കോ, നാൽപ്പാത്തിമല സെന്റ് തോമസ് ഇടവകാംഗങ്ങളായ പൊടിമറ്റത്തിൽ പി. ജെ. മാത്യു, ചിന്നമ്മ മാത്യു, മുടിയൂർക്കര ഹോളി ഫാമിലി ഇടവകാംഗം പട്ടത്താനത്ത് സരുൺ മാത്യു സജി എന്നിവർക്കുവേണ്ടി ഒപ്പീസുചൊല്ലി. അതിരൂപതാ യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിലുള്ള നിരണം തീർഥാടനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. കുന്നന്താനം എൽ.എസ്.ഡി.പി. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

07 കാരേറ്റ് സ്നേഹതീരം പുനരധിവാസകേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ ദുക്റാനാ സംഗമത്തിൽ പങ്കെടുത്തു.

08 അതിരൂപതാകേന്ദ്രത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ യോഗത്തിൽ അധ്യക്ഷതവഹിച്ചു. പാറേൽ സെന്റ് മേരീസ് ഇടവകാംഗം പായിക്കാട്ട് ദേവസ്യയുടെ ഓർമക്കുർബാനയ്ക്കു കാർമികത്വംവഹിച്ചു.

09 ചങ്ങനാശ്ശേരി സെന്റ് ആൻസ് മന്ദിരം ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

10 തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ ബിരുദദാന

ച്ചടങ്ങിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗം നീലത്തുമുക്കിൽ എൻ. ഡി. ജോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. മഹേന്ദ്രപുരം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ കുരിശടി വെഞ്ചരിച്ചു.

11 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാവൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ കിടങ്ങറ സ്നേഹതീരം ബോർഡ് യോഗത്തിൽ അധ്യക്ഷതവഹിച്ചു.

12 മാമ്മൂട് ലൂർദ് മാതാ പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. പാറേൽ അമല തിയളോജിക്കൽ കോളേജിൽ സി.ആർ.ഐ. മേഖലാതല സമ്മേളനം ഉദ്ഘാടനം ചെയ്തു. വെരൂർ എഫ്.സി.സി. കോൺവെന്റിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചു. ചങ്ങങ്കരി സെന്റ് ജോസഫ്സ് പള്ളിയുടെ കുരിശടി വെഞ്ചരിച്ചു.

13 കടുവാക്കുളം ലിറ്റിൽ ഫ്ളവർ പള്ളിയിൽ ഇടവകദിനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. കുരിശുമ്മൂട് മീഡിയ വില്ലേജിൽ ചാരിറ്റി വേൾഡിന്റെ 10-ാം വാർഷികത്തോടനുബന്ധിച്ചു കാരുണ്യസംഗമം ഉദ്ഘാടനം ചെയ്തു.

14 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. വിസിറ്റേഷൻ തൈപ്പറമ്പിൽ എസ്.എച്ച്.ന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിനു കാർമികത്വംവഹിച്ചു.

15 കടുവാക്കുളം എം.സി.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ തെക്കേക്കുറ്റ് ബഹു. സിറിയക് അച്ചന്റെ ഓർമക്കുർബാനയ്ക്കു കാർമികത്വംവഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ ക്ലാസ്സെടുത്തു. ഒ.എം.എം.ഐ. ചങ്ങനാശ്ശേരി വിമലമാതാഭവനാംഗം സി. മേരി ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിനു കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിലെ മറ്റം പൂവക്കാട്ടുച്ചിറ സെന്റ് ജോസഫ് വാർഡിൽ കർമലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ചും ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വിവാഹഒരുക്ക സെമിനാറിലും സന്ദേശം നൽകി.

16 കർമലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ചു ചെത്തിപ്പുഴ കാർമൽ മൗണ്ട് ധ്യാനകേന്ദ്രത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. വെരൂർ സെന്റ് ജോസഫ്സ് ഇടവകാംഗം ബിനു മുളകുപാടത്തിന്റെ ഭവനം വെഞ്ചരിച്ചു.

17 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാവൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. പാങ്ങോട് കാർമൽ ഹിൽ ആശ്രമപ്പള്ളിയിൽ കർമലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

18 പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള അനുസ്മരണയോഗത്തിൽ പങ്കെടുത്തു.

19 നാലുകോടി സെന്റ് തോമസ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ പ്രവാസി അപ്പോസ്തോലേറ്റിന്റെ 10-ാം വാർഷികത്തോടനുബന്ധിച്ചു പ്രവാസിസംഗമത്തിൽ അധ്യക്ഷതവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഫിനാൻസ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. താമരശ്ശേരി എഫ്.സി.സി. സിസ്റ്റേഴ്സിന് ഓൺലൈൻ ക്ലാസ്സെടുത്തു.

20 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗം കൊച്ചുകലയംകണ്ടം റെയ്ച്ചൽ ജോണിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ചങ്ങനാശ്ശേരി സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിൽ 1985 എസ്.എസ്.എൽ.സി. ബാച്ചിന്റെ ഒത്തുചേരലിൽ ആശംസകൾ നേർന്നു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ എ.കെ.സി.സി. നേതൃസംഗമം ഉദ്ഘാടനം ചെയ്തു. കവിയൂർ എം.എസ്.ജെ. സന്യാസസമൂഹത്തിന്റെ ആശ്രിതഭവനം വെഞ്ചരിച്ചു; ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷന്റെ സ്നേഹസംഗമം ഉദ്ഘാടനം ചെയ്തു.

21 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ദമ്പതീധ്യാനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ദിശ മെറിറ്റ് അവാർഡ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

22 കരുമാടി സെന്റ് ജോസഫ്സ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. പുന്നപ്ര ദനഹാലയയിൽ ക്ലാസ്സെടുത്തു. ചങ്ങനാശ്ശേരി സെന്റ് ആൻസ് ചാപ്പലിൽ സി. ജീൻ മേരി എഫ്.സി.സി., താഴത്തുവടകര ലൂർദ് മാതാ ഇടവകാംഗം കൈരേട്ട് ഞവരൂർ കെ. എസ്. ജോസഫ് എന്നിവരുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ റിസോഴ്സ് സെന്ററിൽ മെത്രാന്മാരുടെ മേഖലാതലധ്യാനത്തിൽ പങ്കെടുത്തു.

23 കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനരിയിൽ സിംപോസിയത്തിൽ പ്രബന്ധമവതരിപ്പിച്ചു.

24 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ മ്ശംശാനാപ്പട്ടം നൽകി. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പുത്തൻകളം ബഹു. സേവ്യർ അച്ചന്റെ പൗരോഹിത്യസ്വീകരണ സുവർണ ജൂബിലിയാഘോഷത്തിൽ ആശംസകളറിയിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ വിവാഹവാഗ്ദാനത്തിനു കാർമികത്വംവഹിച്ചു. മുട്ടാർ ഓൾഡ് സെന്റ് ജോർജ് പള്ളിയിൽ എടത്വാ ഫൊറോനായുവജനസംഗമത്തിൽ സംവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഇന്റർ-ഡിപ്പാർട്ടുമെന്റ് യോഗത്തിൽ അധ്യക്ഷതവഹിച്ചു.

❑

**ജൂൺ**

21 പഴവങ്ങാടി മാർ സ്ലീവാ ഫൊറോന തീർഥാടനപ്പള്ളിയിൽ എയ്ഞ്ചൽസ് മീറ്റിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്രവർത്തനവർഷവും പുന്നത്തുറ സെന്റ് തോമസ് ക്നാനായ കത്തോലിക്കപ്പള്ളിയുടെ ചതുർശതാബ്ദിയോടനുബന്ധിച്ചുള്ള സമ്മേളനവും ഉദ്ഘാടനം ചെയ്തു.

22 അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. സാന്തോം എൻക്ലെവ് ഹാളിന്റെ വെഞ്ചരിച്ചു. മുണ്ടകത്തിൽ ബഹു. ജോസഫ് അച്ചന്റെ യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുത്തു.

23 പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കാരണക്കോടം സെന്റ് ജൂഡ് ഇടവകാംഗവും മൂലങ്കുന്നം ബഹു. ജോർജ് അച്ചന്റെ മാതാവുമായ അന്നമ്മ ജോർജിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

25 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാവൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

26 അതിരൂപതാകേന്ദ്രത്തിൽ അഭി. മാർ ജോർജ് കോച്ചേരിയുടെ പൗരോഹിത്യ സ്വീകരണദിനത്തിന്റെ 51-ാം വാർഷികാഘോഷത്തിൽ പങ്കെടുത്തു.

27 പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; സിമിത്തേരിപ്പള്ളി വെഞ്ചരിച്ചു.

28 ചെമ്പിളാവ് ചെറുപുഷ്പം പള്ളിയിൽ വളർകോട്ട് ബഹു. മാത്യു അച്ചന്റെ പൗരോഹിത്യസ്വീകരണ രജത ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു.

29 തെക്കേക്കര സെന്റ് ജോൺസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ചമ്പക്കര സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ കുട്ടികളുടെ ക്യാംപിനോടനുബന്ധിച്ചു ക്ലാസ്സെടുത്തു.

30 പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

**ജൂലൈ**

01 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കൂത്രപ്പള്ളി സെന്റ് മേരീസ് ഇടവകാംഗം പാലാക്കുന്നേൽ പി. എസ്. സ്കറിയയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

02 പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിൽ മാസാദ്യബുധൻ ഉപവാസപ്രാർഥനയുടെ 2-ാം വാർഷികത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു.

03 ദുക്റാനാ തിരുനാളിനോടനുബന്ധിച്ചു പാലമറ്റം ബേത് തോമാ ദയറായിൽ പരിശുദ്ധ റാസായർപ്പിച്ചു. മാമ്പുഴക്കരി ക്രിസ്റ്റ് സെന്ററിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ മെഡിക്കൽ സെന്റർ വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ മാർതോമാവിദ്യാനികേതൻ ബിരുദദാനച്ചടങ്ങിൽ പങ്കെടുത്തു; ദുക്റാനാ തിരുനാളിന്റെയും അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ നാമഹേതുകതിരുനാളിന്റെയും ആഘോഷത്തിൽ ആശംസകൾ നേർന്നു.

04 പുതുക്കരി സെന്റ് സേവ്യേഴ്സ് ഇടവകാംഗം കൊച്ചുകളം ഏലിയാമ്മ ജോസഫിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

05 തന്റെ ജന്മദിനത്തോടനുബന്ധിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിൽ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും പ്രഭാതഭക്ഷണം നൽകി. മദർ തെരേസ ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിലെ ആഘോഷങ്ങളിൽ പങ്കെടുത്തു.

06 നിരണം തീർഥാടനത്തോടനുബന്ധിച്ചു നിരണം മാർ തോമാ ശ്ലീഹാ തീർഥാടനകേന്ദ്രത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കോട്ടയം അതിരൂപതാ സഹായ മെത്രാൻ അഭി. മാർ ജോസഫ് പണ്ടാരശ്ശേരിലിന്റെ മാതാവ് ഏലിക്കുട്ടി ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. നാൽപ്പാത്തിമല സെന്റ് തോമസ് ഇടവകാംഗങ്ങളായ പൊടിമറ്റത്തിൽ പി. ജെ. മാത്യു, ചിന്നമ്മ മാത്യു എന്നിവരുടെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

07 പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

09 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാവൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

11 എം.സി.ബി.എസ്. കോട്ടയം എമ്മാവൂസ് പ്രൊവിൻസംഗം തെക്കേക്കുറ്റ് ബഹു. സിറിയക് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭാഗമായി പരിശുദ്ധ കുർബാനയർപ്പിച്ചു.

11–12 കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറാ സന്ദർശിച്ചു.

12 കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. വില്ലൂന്നി സെന്റ് സേവ്യേഴ്സ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു.

13 ചങ്ങങ്കരി സെന്റ് ജോസഫ്സ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

14 പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പാറേൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ സി. വിസിറ്റേഷൻ തൈപ്പറമ്പിൽ എസ്.എച്ച്.ന്റെ മൃതസംസ്കാരത്തിനു സിമിത്തേരിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

15 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാവൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ഒ.എം. എം.ഐ. ചങ്ങനാശ്ശേരി വിമലമാതാ ഭവനാംഗം സി. മേരി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

16 കർമലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ഇത്തിത്താനം ആശാഭവനിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; ചങ്ങനാശ്ശേരി മറ്റം കുരിശടിയിൽ സന്ദേശം നൽകി.

17 ഫാത്തിമാപുരം ഫാത്തിമ മാതാ ഇടവകയിൽ പുന്നയ്ക്കൽ സെബാസ്റ്റ്യൻ-റീമ ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനു പ്രവേശകകൂദാശകൾ നൽകി; ആദ്യത്തെ മകൾക്ക് ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണം നടത്തി. തോട്ടയ്ക്കാട് സെന്റ് ജോർജ് ഇടവകാംഗം ചോതിരക്കുന്നേൽ സി. റ്റി. സക്കറിയയുടെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

18 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

19 പ്രവാസി അപ്പോസ്തലേറ്റിന്റെ 10-ാം വാർഷികം ഉദ്ഘാടനം ചെയ്തു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ പാലാക്കുന്നേൽ ജോർജ്-അന്ന ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനു പ്രവേശകകൂദാശകൾ നൽകി; ആദ്യത്തെ മകന് ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണം നടത്തി.

20 കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗം കൊച്ചുകലയംകണ്ടം റെയ്ച്ചൽ ജോണിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ചരമവാർഷികത്തോടനുബന്ധിച്ചുള്ള മെഗാ മെഡിക്കൽ ക്യാംപ്, മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ കോട്ടയം ഭദ്രാസനത്തിന്റെ ശതോത്തരസുവർണ ജൂബിലി സമ്മേളനം എന്നിവ ഉദ്ഘാടനം ചെയ്തു. മാന്നാനം റ്റൽവ് അപ്പോസൽസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. മൂലമറ്റം സെന്റ് ജോർജ് ഫൊറോനാ ഇടവകാംഗവും സി.എം.ഐ. സന്യാസസമൂഹാംഗം പൈകട ബഹു. അലക്സാണ്ടർ അച്ചന്റെ സഹോദരനുമായ ആന്റണി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

❑



Mar Thomas Tharayil
Metropolitan of Changanacherry

# ENGAGEMENTS | JULY 2025

| | | |
|---|---|---|
| 01 | 08:30 am | *Curia* |
| | 10:00 am-11:00 am | Visitors |
| | 11:30 am | Holy *Qurbana* @ Assumption College, Changanacherry |
| | 03:00 pm | Meeting @ KRRIS Centre, Mampuzhakary |
| 02 | 10:00 am | Blessing of the New School Building @ AJ John HSS, Kainady |
| | 11:30 am | DCMS Merit Day @ Pastoral Centre, Changanacherry |
| | 01:30 pm | Message @ Alphonsa Bhavan, Kudamaloor |
| 03 | 04:30 pm | Holy *Qurbana* @ St. Alphonsa Church, Pongummoodu |
| 04-09 | | KCBC Retreat @ POC, Palarivattom |
| 09 | 06:00 pm | Message @ SVD Prarthana Nikethan, Kaduthuruthy |
| 10 | 09:00 am | Holy *Qurbana*: 200$^{th}$ Year Jubilee @ Cathedral, Kanjirappally |
| | 02:30 pm | Archeparchial Youth Day @ Nedumkunnam |
| | 06:30 pm | Message: Marian Convention @ Metropolitan Church, Changanacherry |
| 11 | 06:30 am | Mar Mathew Makkil Requiem *Qurbana* @ St. George Knanaya Catholic Forane Church, Edackat |
| | 10:00 am | Message: YMCA Youth Get-together @ Chengannur |
| | 12:00 noon | Betrothal @ St. Joseph's Church, Veroor |
| 12 | 06:20 am | Holy *Qurbana* @ St. Joseph's Priests' Home, Ithithanam |
| | 09:00 am | Sacerdotal Jubilee @ St. Thomas Minor Seminary, Kurichy |
| 12-13 | | New Priests' Gathering @ Lavigne Villa, Peerumedu |
| 14 | 06:30 am | Solemn Holy Communion @ Fathima Matha Church, Pallikkoottumma |
| | 10:00 am | Jubilee Convention Teaching Team Meeting @ Archbishop House |
| | 11:00 am | Marriage @ St. Antony's Forane Church, Kurumpanadom |
| | 03:00 pm | Episcopal Silver Jubilee: Mar George Kocherry @ Metropolitan Church, Changanacherry |

| | | |
|---|---|---|
| 15 | 06:15 am | Holy *Qurbana* @ St. George Church, Puthenangady |
| | 09:00 am | *Curia* |
| | 11:15 am | Laying of Foundation Stone @ Media Village, Kurisummood |
| | 02:30 pm-04:30 pm | Visitors |
| | 06:00 pm | Home Day @ Sahrudaya Hospital, Thathampally |
| 16 | 06:15 am | Holy *Qurbana* @ Zion Retreat Centre, Kunnamthanam |
| | 09:00 am | Jubilee of the Religious @ Archbishop House |
| | 02:30 pm | Convocation @ MOC, Manganam |
| | 04:30 pm | Justice Sunday Gathering @ Gandhi Square, Kottayam |
| | 06:00 pm | Message: *Abhishekagni* Convention @ Forane Church, Thuruthy |
| 17 | 05:00 pm | Holy *Qurbana* @ Alphonsa Bhavan, Kudamaloor |
| 18-23 | | Synod @ Mount St. Thomas, Kakkanad |
| 24 | 07:00 am | Holy *Qurbana* @ St. Joseph's Church, Kandankary |
| | 10:30 am | Charity Distribution @ Anaparampa, Thalavady |
| 25-29 | | Synod @ Mount St. Thomas, Kakkanad |
| 30 | 06:15 am | Holy *Qurbana* & Class @ Mar Thoma Sleeha Seminary, Niranam |
| | 10:00 am | Holy *Qurbana* @ St. George Forane Church, Edackat |
| | 03:00 pm | Alappuzha Forane Council @ Forane Church, Alappuzha |
| 31 | 09:30 am | Holy *Qurbana* @ Immaculate Heart Church, Kaithavana |
| | 03:00 pm | Junior Advocates' Forum Inauguration @ Sandesanilayam |
| | 05:00 pm | Message: ABBA Parents' Meet @ St. Xavier's Forane Church, Thrickodithanam |

**FR. SECRETARY- 8078088468**

❑



**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

# ENGAGEMENTS | AUGUST 2025

| | | |
|---|---|---|
| 02 | 07:15 am | Homily @ St. Alphonsa Bhavan, Kudamaloor |
| 03 | 09:30 am | Holy *Qurbana* @ Bethlehem Church, Parampuzha |
| 03-09 | | Retreat |
| 10 | 06:30 am | Holy *Qurbana* @ St. Xavier's Church, Kattachira |
| 11 | 06:30 am | Holy *Qurbana* @ PCPA Adoration Monastery, Nedumkunnam |
| 13 | 11:00 am | Holy *Qurbana* @ All Saints Church, Vithura |
| 14 | 03:00 pm | Episcopal Ordination Silver Jubilee Celebration: Mar George Kocherry @ St. Mary's Metropolitan Church, Changanacherry |
| 15 | 09:30 am | Holy *Qurbana* & Diamond Jubilee Celebration @ St. Joseph's Church, Veroor |
| | 05:00 pm | Message: *Abhishekagni* Convention @ Marth Mariam Forane Church, Thuruthy |
| 16 | 10:30 am | Holy *Qurbana* @ Little Sisters of Christ, Manganam |
| 17 | 09:00 am | Holy *Qurbana* & Centenary Jubilee Celebration @ Lourdes Matha Church, Puthussery |
| | 04:30 pm | Inauguration: Golden Jubilee Celebration @ Assumption Forane Church, Erumely |
| 18-29 | | Synod @ Mount St. Thomas, Kakkanad |
| 30 | 04:00 pm | Sacraments of Initiation @ St. Mary's Church, Kadayanickad |
| 31 | 11:00 am | Holy *Qurbana* & Golden Jubilee Celebration @ St. Alphonsa Bhavan, Kudamaloor |

**FR. SECRETARY- 9447507393**

❑

**VEDAPRACHARA MADHYASTAN** **VOL.98** **No.02** **2025 August**
Date of Publication: 31-07-2025
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month
Rs 25/-

# സ്വർഗാരോപണതിരുനാളിന്റെ പ്രാർഥനാശംസകൾ



## സ്വാതന്ത്ര്യദിനത്തിന്റെ മംഗളങ്ങൾ

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org